"പലപ്പോഴും മനുഷ്യരുടെ അഭിപ്രായത്തിൽ ശിഷ്ടരായിരിക്കുന്നവർ തങ്ങളുടെ അമിതമായ ആത്മവിശ്വാസംനിമിത്തം ഗുരുതരമായ അപത്തിനു വശഗരായിരുന്നിട്ടുണ്ട്. അതുകൊണ്ട് തങ്ങൾ അപകടരഹിതരാണെന്നു ഭ്രമിച്ചുപോകാതിരിക്കുന്നതിനായി പ്രലോഭനങ്ങളിൽനിന്നു നിശ്ശേഷം ഒഴിവാക്കപ്പെടാതെ മുററും പിശാചിനാൽ ആക്രമിക്കപ്പെടുന്നതു് അധികം പേർക്കും നല്ലതാണ്."

—ക്രിസ്ത്വനുകരണം

# സത്യദീപം

"സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും അടയാളം കാണിക്കും. കടലിൻെറയും അതിലെ തിരമാലകളുടേയും ആരവത്താൽ ഭൂമിയിലെ ജനം പരിഭ്രാന്തരും അസ്വസ്ഥരും ആയിത്തീരും. ലോകമാസകലം ബാധിക്കുവാനിരിക്കുന്ന ക്ലേശങ്ങളുടെ പ്രതീക്ഷമൂലം മനുഷ്യഹൃദയങ്ങൾ ഭയംകൊണ്ടു വരണ്ടുപോകും. അപ്പോൾ മനുഷ്യപുത്രൻ തൻെറ പൂർണ്ണശക്തിയിലും പ്രതാപത്തിലും മേഘങ്ങളിൽ വരുന്നതു് അവർ കാണും."

—ലൂക്കാ XXI 25-27

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

Reg. No. M 2293 | 1957 നവംബർ 27—ബുധനാഴ്ച | Vol. 31, No. 16

## മതത്യാഗിയായ ജൂലിയൻ

(ഫാദർ ലാസർ സി. ഡി., ബി. എ. എൽ. ററി.)

കേരളത്തിൽ ഇന്നു നടമാടിക്കൊണ്ടിരിക്കുന്ന അക്രമങ്ങളെയും അഴിമതികളെയും അവയുടെ കാരണകർത്താക്കളുടെ ഇടയിൽ ചില വ്യക്തികൾക്കു കൈവന്നിട്ടുള്ള അഗ്രിമസ്ഥാനത്തെയും കുറിച്ചു ചിന്തിക്കുന്നവരിൽ മതത്യാഗിയായ ജൂലിയനെക്കുറിച്ചുള്ള സ്മരണയാണുണ്ടാകുക.

ജൂലിയൻ റോമൻ ചക്രവർത്തിയായി അവരോധിക്കപ്പെട്ടതു് 361-ലാണ്. ഫ്റാൻസിൽ ചില വിജയങ്ങൾ നേടി റോമിലേക്കു മടങ്ങിവരുംവഴിക്കാണ് അയാൾ പരസ്യമായി ക്രിസ്തുമതം ത്യജിച്ചതു്. ക്രിസ്തുമതം നാമാവശേഷമാക്കി ക്രിസ്തു പരാജിതനായി എന്നു വരുത്തുവാനായിരുന്നു ആ കുബുദ്ധിയുടെ അനന്തരയത്നം. അയാളുടെ കുടിലപ്രകൃതി കണ്ടുപിടിച്ച നയോപായങ്ങളായിരുന്നു അതിനായി സ്വീകരിച്ച ഉപാധികൾ. മററു ചക്രവർത്തികൾ സ്വീകരിച്ചതുപോലെയുള്ള തുറന്ന മതമർദ്ദനമായിരുന്നില്ല ജൂലിയൻേറതു്. ക്രിസ്തുമതത്തെ ശ്വാസം മുട്ടിച്ചു കൊല്ലുക—ഇതിനായിരുന്നു ആ മനുഷ്യാധമൻെറ പരിശ്രമം.

മതം പരിത്യജിക്കാത്തവരെ ദേഹോപദ്രവമേല്പിച്ചും നാടുകടത്തിയും അവരുടെ വസ്തുവകകൾ കണ്ടുകെട്ടിയും ജീവിതം ഭാരമെന്നല്ല അസാദ്ധ്യമാക്കിത്തീർത്തു. നേരെ മറിച്ചു് മതം പരിത്യജിക്കുന്നവർക്കു ഉദാരദാനങ്ങൾ നൽകിയും, ഉദ്യോഗങ്ങളിൽ ഉയർത്തിയും മതത്യാഗത്തെ പ്രോത്സാഹിപ്പിച്ചുവന്നു. ഭീകരങ്ങളായ പത്തു മതപീഡനങ്ങളാണല്ലോ ക്രിസ്തുസഭയ്ക്കു് അതിൻെറ ശൈശവദശയിൽ അഭിമുഖീകരിക്കേണ്ടി വന്നിട്ടുള്ളതു്. അവ അതിമാത്രം കഠിനതരങ്ങളായിരുന്നുവെങ്കിലും ജൂലിയൻേറതുപോലെ അത്ര ആപൽക്കരമായിരുന്നില്ലെന്നാണ് പണ്ഡിതാഭിപ്രായം. അതങ്ങനെ വരാതെ തരമില്ല. നല്ലതു ദുഷിച്ചാൽ ഏററവും ദുഷിക്കും. ഈശ്വരനു വിരോധമായി സമരമുഖം സൃഷ്ടിക്കുന്നവർ ദുഷ്ടതയിൽ അങ്ങേ അററംവരെ പോകും. ദുർവൃത്തിയാൽ പിശാചുക്കളെപ്പോലും ലജ്ജിപ്പിക്കും. ക്രിസ്തുസഭ ദൈവത്തിൽനിന്നല്ലായിരുന്നുവെങ്കിൽ അതു വേരററു പോകുന്നതിനു പോരുന്ന സാഹചര്യമാണ് ജൂലിയൻ സൃഷ്ടിച്ചതു്.

ഈ മതത്യാഗി മഹാനായ വി. ബേസ്സിൻ, വി. ഗ്രിഗരി നസിയാൻസൻ മുതലായവരോടുകൂടെ വിദ്യാഭ്യാസം നടത്തിയവനാണ്. നല്ല ദൃഷ്ടാന്തം കൺമുമ്പിൽ ഇല്ലാഞ്ഞതല്ലാ, നല്ലതു സ്വീകരിക്കുവാനുള്ള ഹൃദയം ഇല്ലാതെപോയതാണ് അയാളുടെ അധഃപ്പതനത്തിനു ഹേതു. സൂര്യരശ്മി മെഴുകിനെ ഉരുക്കുമ്പോൾ ചെളിയെ കട്ടപ്പുമുള്ളതാക്കുന്നു. വിഷസർപ്പം അതിൻെറ ഉപകാരിയെ കടിച്ചുകൊന്നേ തൃപ്തിയടയൂ. അതുകൊണ്ടാണ്,

"സത്യധർമ്മാദികൾ ത്യജി-
ച്ചീടിന മനുഷ്യനെ
ക്രൂദ്ധനാം സർപ്പത്തെക്കാൾ
ഏററവും പേടിക്കേണം"

എന്നു വിജ്ഞന്മാർ അനുസ്മരണ നൽകുന്നതു്. ഈശ്വരനെയും മരണാനന്തരജീവിതത്തേയും നിഷേധിച്ചു്, സത്യം നീതി മുതലായ മൂല്യങ്ങളെ ഹാസ്യഭാവേന വീക്ഷിക്കുന്നവൻ എന്തു ചെയ്യും, എവിടെ ചെന്നവസാനിക്കും എന്നറിയണമെങ്കിൽ മതത്യാഗിയായ ജൂലിയൻെറ ചരിത്രത്തിലേക്കു് ഒന്നെത്തിനോക്കിയാൽ മാത്രം മതി. കാരണം ഇക്കൂട്ടർ ജൂലിയൻെറ പഴയ പല്ലവി പുതിയ രീതിയിൽ ഏററു പാടുന്നവരാണ്.

ഗലീലേയനെ—ക്രിസ്തുവിനെ—നാമാവശേഷമാക്കിയേ അടങ്ങു എന്ന ഒരു വിഭ്രാന്തിയാണ് ജൂലിയനിൽ ഒന്നിനൊന്നു ശക്തിപ്രാപിച്ചതു്. അതിനായി ചെയ്ത യത്നങ്ങളിൽ ഒന്നു "ഓർശ്ലേം ദേവാലയം കല്ലിന്മേൽ കല്ലു ശേഷിക്കാതെ നശിക്കും" എന്നുള്ള പ്രവചനത്തെ നിരർത്ഥകമെന്നു വരുത്തുവാനായിരുന്നു. 72 എ ഡി. യിൽ ടൈററസ് ഓർശ്ലേം ആക്രമിച്ചുപിടിച്ച അവസരത്തിൽ ദേവാലയം അഗ്നിക്കിരയായി നശിച്ചിരുന്നു. ജൂലിയനു ഒരു മോഹം അവിടെ ഒരു ബ്രഹ്മാണ്ഡ ദേവാലയം കെട്ടിപ്പടുക്കുവാൻ. അങ്ങനെ ചെയ്താൽ പ്രവചനോദ്ദേശം ശിഥിലമാകും; ക്രിസ്തു പരാജിതനാകും ഇതായിരുന്നു ചിന്ത. അതിൻെറ യുക്തിരാഹിത്യം അയാൾ കണ്ടില്ല. വിദ്വേഷതിമിരം അയാളുടെ ആത്മീയ നേത്രങ്ങളെ അന്ധമാക്കിയിരുന്നതാണതിനു കാരണം.


ഒരു റോമൻ ചക്രവർത്തിയുടെ കഴിവുകളത്രയും ഇക്കാര്യനിർവ്വഹണത്തിനായി അയാൾ ഉപയോഗപ്പെടുത്തി. സാമഗ്രികൾ വിപുലമായതോതിൽ ശേഖരിച്ചു. തറവാങ്ങി കല്ലിന്മേൽ കല്ലു ശേഷിക്കാതെ പഴയ ദേവാലയത്തിൻെറ അവശിഷ്ടങ്ങളെല്ലാം പുറത്തെടുത്തു. ഇങ്ങനെയാണ് "കല്ലിന്മേൽ കല്ലുശേഷിക്കയില്ല" എന്ന പ്രവചനം അക്ഷരാർത്ഥം നിറവേററുവാൻ ജൂലിയൻതന്നെ കരുവായിത്തീർന്നതു്. "ദൈവത്തിൻമനമാരുകണ്ടു!" പുതിയ ദേവാലയത്തിനു കല്ലിട്ടു പണിതുടങ്ങുവാൻ നിശ്ചയിച്ചിരുന്ന ദിവസത്തിനു തലേരാത്രി—ഇതാ ഒരു ഭൂകമ്പം! തറവാങ്ങിയതു മിക്കവാറും ഇടിഞ്ഞുതുർന്നു. സജ്ജീകരിച്ചിരുന്ന പണിക്കോപ്പുകൾക്കും സാരമായ നാശം സംഭവിച്ചു. ഇതുകൊണ്ടു് ഒരു ചക്രവർത്തി പുറകോട്ടനില്ക്കയോ? പണിതുടങ്ങുവാൻതന്നെ കല്പനകൊടുത്തു. വീണ്ടും തറവാങ്ങുവാൻ ശ്രമിച്ചപ്പോൾ അവിടെനിന്നു് അഗ്നിപ്രവാഹം ഉണ്ടായതുനിമിത്തം ആർക്കും അടുത്തുചെല്ലുവാൻ കഴിയാതെയായി. പിൻവാങ്ങിയാൽ "ഗലീലേയനാ"ൽ തോല്പിക്കപ്പെട്ടുവെന്നുവരും. അങ്ങനെ വരാതിരിക്കാൻ പിന്നെയും പരിശ്രമിച്ചു. എന്നാൽ അനിഷ്ടസംഭവങ്ങൾ തുടർന്നുകൊണ്ടിരിക്കയും ഇടിവെട്ടും മററു നാശങ്ങളുംനിമിത്തം ഉദ്യമത്തിൽനിന്നു പ്രതിനിവർത്തിക്കുവാൻ നിർബന്ധിതനാകുകയുംചെയ്തു. അന്നു ചുതിരിഞ്ഞു ശോഭനമായ ഒരു കുരിശു് ഇടവിതാനത്തിൽ തെളിഞ്ഞുനില്ക്കുന്നതുകണ്ടു ജൂലിയൻ നന്നാ ലജ്ജിച്ചുവെന്നു പറയേണ്ടതില്ലല്ലോ.

ഏറെത്താമസിയാതെ പേർഷ്യായോടു യുദ്ധത്തിനു ജൂലിയൻ തൻെറ പട്ടാളത്തെ നയിച്ചു. ആ യുദ്ധത്തിൽ ഒരു ശരമേററു ജൂലിയൻ മൃതിയടഞ്ഞു. ആ മതത്യാഗിയുടെ വായിൽനിന്നു അവസാനം പുറപ്പെട്ട വാക്കുകൾ "ഗലീലേയാ, നീ ജയിച്ചു" എന്നുള്ളതായിരുന്നു. അങ്ങനെ ക്രിസ്തുവിനെ വിഡ്ഢിയാക്കുവാൻ യത്നിച്ച ജൂലിയൻ ക്രിസ്തുവിൻെറ പ്രവചനം അക്ഷരാർത്ഥം നിറവേററി, തന്നെ മഹത്വപ്പെടുത്തി. പോരാ ക്രിസ്തുവിനെ ധിക്കാരപൂർവ്വം നിഷേധിച്ച ആൾ ക്രിസ്തുവിൻെറ അജയ്യശക്തിക്കു് സാക്ഷ്യംനൽകി കാലയവനികയ്ക്കുള്ളിൽ മറഞ്ഞു.

സർവ്വശക്തനു വിരോധമായി കുതികാലുയർത്തുന്നതു് ആർക്കും നന്നല്ല. മൃഗീയമായി ജീവിക്കുവാൻ തങ്ങൾ മൃഗത്തിൽനിന്നുള്ളവരാണെന്നും, ദൈവമില്ലെന്നും മരണാനന്തരജീവിതമില്ലെന്നും മുക്കറയിടുന്നതുകൊണ്ടു് അപരാധങ്ങൾക്കുള്ള ശിക്ഷയിൽനിന്നു അവൻ ഒഴിവാക്കപ്പെടുകയില്ല. ബുദ്ധിയും സ്വാതന്ത്ര്യവുമുള്ള മനുഷ്യൻ എന്നും അവൻെറ പ്രവൃത്തിക്കു ഉത്തരവാദിയായിരിക്കും. ഒരു ദിവസം വരും—നമ്മുടെ ശരീരത്തിൻെറ വാതായനങ്ങളായ പഞ്ചേന്ദ്രിയങ്ങൾ ഒന്നൊന്നായി അടയ്ക്കപ്പെടുന്ന ദിവസം. സാധാരണക്കാരനെപ്പോലെ ചക്രവർത്തിയും, രാജാവും, മന്ത്രിയും ആ സന്ദർഭത്തെ അഭിമുഖീകരിച്ചേ മതിയാവൂ.

സമർത്ഥനായ സീസറും
പ്രസിദ്ധനായ ഹോമറും
സമത്വമററ സോളമൻ
തുടങ്ങിയുള്ള വിജ്ഞരും
അമന്നുപോയി കാലചക്ര
വിഭ്രമത്തിലെങ്കിലി
നമുക്കു പിന്നെ എന്തുശങ്ക!
മാററമൊന്നുമില്ലതിൽ!

—o—



ഇന്ത്യയുടെ ദ്വിതീയാപ്പസ്തോലൻ
വി. ഫ്രാൻസീസ് സേവ്യർ
(തിരുനാൾ—ഡിസംബർ 3)

### ബാലൻെറ സംഭാവന

ഇംഗ്ലണ്ടിൽ ബെർക്കൻഹെഡ് എന്ന സ്ഥലത്തു ഹോളിക്രോസ് ഇടവകയ്ക്കു ഒരു ദേവാലയം പണിയണമെന്നു തീരുമാനിക്കുകയും 30 കൊല്ലംകൊണ്ടു പൂർത്തിയാക്കത്തക്കവണ്ണം പദ്ധതി തയാറാക്കി ജനങ്ങളുടെ സംഭാവനകൾ ക്ഷണിക്കുകയുംചെയ്തു. വിവരമറിഞ്ഞു് ആ ഇടവകയിൽപെട്ട ഒരു ചെറുവിദ്യാർത്ഥി അവൻെറ കഴിവിൽപ്പെട്ട സഹായം ചെയ്യണമെന്നു തീർച്ചപ്പെടുത്തി. പാവപ്പെട്ട അവൻെറ കൈവശം രണ്ടു പെനി മാത്രമേ ഉണ്ടായിരുന്നുള്ളു. അവൻ ഉടനെ ഒരു കടയിൽചെന്നു രണ്ടു പെനി വിലയ്ക്കുള്ള ഒരു "റേയ്സർ ബ്ളേഡ്" വാങ്ങിക്കൊണ്ടുവന്നു ഇടവകവികാരിയെ ഏല്പിച്ചു. ആദ്യത്തെ സംഭാവന അതായിരുന്നു.

# മതവും കമ്മ്യൂണിസവും

## കമ്മ്യൂണിസത്തിൻെറ വേലിയേററത്തെ സർവ്വശക്തിയുമുപയോഗിച്ച പരാജയപ്പെടുത്തണം

(എസ്. പി. കാച്ചപ്പിള്ളി, ആലുവാ)

(തുടർച്ച)

കമ്മ്യൂണിസ്റ്റുകാർ വിഭാവനം ചെയ്യുന്ന സംസ്കാരത്തിൻെറ മാതൃക എന്തെന്നു് നാം മനസ്സിലാക്കി. സംസ്കാരം എന്ന പേരിനു് സാക്ഷാൽ ഇതു് അർഹമാണോ എന്നു് സഹൃദയർ വിധിക്കട്ടെ. ഈദൃശസംസ്കാരം ലോകത്തിലാകെ പടർന്നുപിടിച്ചാൽ ഈ പ്രപഞ്ചം നരകമായിത്തീരുമെന്നതു അവിതർക്കിതമാണു്.

ഭാഗ്യസ്മരണാർഹനായ 11-ാം പീയൂസ് തിരുമേനി 1932 മേയ് 3-ാംതീയതി "Caritate Christi" എന്ന ഒരു ചാക്രികലേഖനം പ്രസിദ്ധപ്പെടുത്തി. ആധുനികതിന്മകളോടു പൊരുതുന്നതിനു്, നമുക്കാവശ്യമായ ആത്മീയചൈതന്യം അതു് പ്രദാനം ചെയ്യുന്നുണ്ടു്. "ഇന്നത്തെ ലോകത്തെ ബാധിച്ചിരിക്കുന്ന ഏററവും വലിയ വിപത്തു്" എന്നാണു് കമ്മ്യൂണിസത്തെപ്പററി പരിശുദ്ധപിതാവു പറഞ്ഞിരിക്കുന്നതു്. അഭൂതപൂർവ്വമാംവിധത്തിൽ ആഗോളവ്യാപകമായി പടർന്നുപിടിച്ചിരിക്കുന്ന ഈ മഹാവ്യാധിയെ അനുസ്മരിച്ചുകൊണ്ടു് തിരുമേനി തിരുവെഴുത്തിൽ പറയുകയാണു്: "അവർ മാനുഷികവും ദൈവികവുമായ നിയമബന്ധങ്ങളെയെല്ലാം തകർക്കുന്നു, അവർ മതത്തിനും ദൈവത്തിനും എതിരായുള്ള ഒരു നിഷ്ഠുരസമരത്തിൽ പരസ്യമായും രഹസ്യമായും ഏർപ്പെടുന്നു, സമസ്തപേരുടേയും— കുട്ടികളുടെപോലും ഹൃദയങ്ങളിൽനിന്നു് മതാത്മകമായ വികാരമെല്ലാം പിഴുതുകളയണമെന്നുള്ള പൈശാചികമായ ഒരു കർമ്മപരിപാടിയെ അവർ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു."

ഇന്നു കേരളത്തിലെ കമ്മ്യൂണിസ്റ്റുഗവമ്മെൻറു നിർബ്ബന്ധപൂർവ്വം പാസ്സാക്കിയെടുത്തിരിക്കുന്ന പുതിയ വിദ്യാഭ്യാസബില്ലിൻെറ പ്രത്യാഘാതങ്ങളെപ്പററി ദീർഘദർശനം ചെയ്തയായിരുന്നോ പരി. പിതാവു് എന്നു മേല്പദ്ധരിച്ച തിരുവാചകത്തിൽനിന്നു് നാം സംശയിക്കണം.

ചാക്രികലേഖനം തുടരുന്നു: "ദൈവവിശ്വാസത്തെ മനുഷ്യഹൃദയത്തിൽനിന്നു് നീക്കം ചെയ്യാൻ സാധിച്ചാൽ പിന്നെ തങ്ങളുടെ ഇഷ്ടംപോലെ പ്രവൃത്തിനടത്തുവാനുള്ള പൂർണ്ണസ്വാതന്ത്ര്യം ഉണ്ടാകുമെന്നു് അവർക്കു് നല്ലവണ്ണമറിയാം. അതുകൊണ്ടാണു് ചരിത്രത്തിൽ ഇതിനുമുമ്പു് ഒരിക്കലും കണ്ടിട്ടില്ലാത്തവിധത്തിൽ ദൈവത്തിനും മതത്തിനും എതിരായുള്ള സമരത്തിൻെറ പൈശാചികപതാകകൾ ഇന്നു് സമസ്തജനങ്ങളുടെയിടയിലും ലോകത്തിൻെറ സർവ്വഭാഗങ്ങളിലും ധാർഷ്ട്യപൂർവ്വം പറപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നതു്." മാർപ്പാപ്പാതിരുമനസ്സിലെ ഈ പ്രബോധനം എത്ര അർത്ഥവത്താണെന്നു് ലോകത്തിൻെറ നാനാഭാഗങ്ങളിൽ ഇന്നു നടക്കുന്ന പൈശാചികവിക്രിയകളും കഠോരമായ ധാർമ്മികാധഃപതനവും തെളിയിച്ചുകഴിഞ്ഞു. നാം ശരിയായി ചിന്തിക്കുന്നില്ല, കമ്മ്യൂണിസത്തിൻെറ വിദ്ധ്വംസാത്മകമായ ദുഷ്യഫലങ്ങളെപ്പററി. ഇതു പോരാ; നാം ഉറക്കത്തിൽനിന്നും അലസതയിൽനിന്നും ഇനിയെങ്കിലും ഉണരണം. കേരളീയകത്തോലിക്കരേ, സ്നേഹിതരേ, സമയം വൈകിയിരിക്കുന്നു. ശത്രു നമ്മുടെ ഭവനത്തിൻെറ പടിക്കൽവരെ എത്തി. കാര്യങ്ങളുടെ ഗൗരവം മനസ്സിലാക്കി, നമ്മുടെ സ്വത്തു് കള്ളന്മാർ മോഷ്ടിക്കാതിരിപ്പാനുള്ള മുൻകരുതലുകൾ ചെയ്‌വാനുള്ള സമയം അതിക്രമിച്ചിരിക്കുന്നു. "ആത്മാവിൻെറ രക്ഷ!" അതാണു് നമ്മുടെ ഏററവും വലിയ ധനം—ഏററവും വലിയ മഹത്വം—സനാതനമായ അന്ത്യം. പ്രിയ സഹോദരരെ, മറക്കരുതു്.

കത്തോലിക്കാസഭയുടെ ആരംഭകാലം മുതൽതന്നെ, ശത്രുക്കൾ അതിനെ നാമാവശേഷമാക്കുവാൻവേണ്ടി, അങ്ങേയററം ശ്രമിച്ചിട്ടുള്ളതായി ചരിത്രത്തിൽ നാം വായിക്കുന്നു. നീറോപ്രഭൃതികളുടെ മൃഗീയമായ—നിഷ്ഠുരതമമായ നരവേട്ടയെ നോക്കുക:-

> ക്രൂരതയാൽ മാർപിളർന്നും,
> കൊടിയൊരു കുരിശിൽ
> തൂക്കിയും, തോലുരിഞ്ഞും,
> ക്രൂരൻ സിംഹത്തിനുണ്ണായ-
> തുളിയു, മസിയാൽ കണ്ണനാളം
> മുറിച്ചും,
> നീരത്തിൽത്താഴ്ത്തിയും, മെയ്-
> മുഴവനുകടിയാൽ കീറിയും, തീയിലിട്ടും,
> പാരം, മാൽ ചേർത്തു, യോധാ-
> ധമരനവധിയായ്, ക്രിസ്തുരെ
> നിഗ്രഹിച്ചു.

ഇത്ര കഠോരമായ നിരന്തരയാതനകളിൽക്കൂടിയാണു്, സഭ ആദിമനൂററാണ്ടുകളിൽ പുരോഗമിച്ചിട്ടുള്ളതു്. മതവിരോധികളുടെ അനീതിപരമായ ഈദൃശാക്രമങ്ങളെ ധൈര്യപൂർവ്വം നേരിടുവാൻ—ആത്മവീര്യസമന്വിതം അവ സഹിക്കുവാൻ ക്രിസ്ത്യാനികളെ പ്രേരിപ്പിച്ചതെന്താണെന്നു് നാം ചിന്തിക്കണം. തൻെറ അമൂല്യരക്തത്താൽ ലോകത്തെ സമുദ്ധരിച്ച ക്രിസ്തുവിനോടുള്ള സ്നേഹം—മനുഷ്യപുത്രരോടുള്ള അനന്തസ്നേഹം മൂലം വെറും കൃമിയായ മനുഷ്യൻെറ വേഷം ധരിച്ച പരമപരിത്യാഗിയോടുള്ള പുത്രനിർവ്വിശേഷമായ ഭക്ത്യാദരവുകൾ. അവയാണു ഈ സാഹസത്തിനു്, അല്ലാ നിഷ്ഠുരപീഡാസഹനങ്ങൾക്കു അവരെ പ്രേരിപ്പിച്ചതു്. "നമുക്കും അവിടുത്തോടുകൂടിപ്പോയി മരിക്കാം" എന്നരുളിച്ചെയ്ത നമ്മുടെ പിതാവിൻെറ— മാർത്തോമ്മാശ്ലീഹായുടെ അരുമസന്താനങ്ങളാണു് നാമെങ്കിൽ. നാമും വാഗ്ദാനംചെയ്യണം—"എൻെറ സ്നേഹനാഥാ! വേണ്ടിവന്നാൽ ഞാൻ അവിടുത്തേക്കുവേണ്ടി—അവിടുത്തെ സന്ദേശങ്ങളെ ലോകസമക്ഷം ഏററുപറയുന്നതിനുവേണ്ടി— അമൂല്യമായ അവിടുത്തെ ധാർമ്മികപ്രബോധനങ്ങളെ അന്യർ ചവുട്ടിമെതിക്കാതിരിക്കുന്നതിനുവേണ്ടി എൻെറ ജീവനെപ്പോലും ബലികഴിക്കും" എന്നു്. സഭയിൽ ഇന്നു നാം വണങ്ങുന്ന രക്തസാക്ഷികൾ ചെയ്തതും ഇതുതന്നെയാണു്.

സഭാശത്രുക്കൾ ഇത്ര ഭീകരമായി ഞെരുക്കിയെങ്കിലും, കത്തോലിക്കാസഭ ഭൂമുഖത്തിൽ അനുദിനമെന്നോണം വിജയത്തിൽനിന്നും വിജയത്തിലേക്കാണു മുന്നേറുന്നതു എന്നു നാം ഓർക്കണം. സഭാവൃക്ഷത്തിൻെറ ക്രമപ്രവൃദ്ധമായ വളർച്ചക്കു് ഉപകരിച്ച—ഉപകരിക്കുന്ന—വളംഇന്നുംരക്തസാക്ഷികൾ ചിന്തിയ—ചിന്തുന്ന—നിണകണങ്ങളാണു്. ഈ യാഥാർത്ഥ്യങ്ങൾ നാം സുദൃഢം മനസ്സിൽ ഉറപ്പിക്കണം. ലോകത്തിലെ മഹത്ശക്തികൾ തന്നെ എത്രയോ പ്രാവശ്യം, ഇളകാത്ത ഈ "പാറ"യെ മറിക്കുവാൻ വൻതോക്കുകൾ പ്രയോഗിച്ചു ദയനീയമായ പരാജയത്തിലേക്കാണു്, അവരുടെ അനുപമസാഹസപരാക്രമങ്ങൾ വഴിതെളിച്ചതു്. ക്രിസ്തുസഭയോ? വിജയത്തിൻെറ പരമകോടിയിലേക്കു്! കാരണം മറൊന്നുമല്ലാ, ദൈവമാണു് സഭയെ നിയന്ത്രിക്കുന്നതു്. നിരന്തരമായ അഗ്നിപരീക്ഷണങ്ങളെ ധൈര്യപൂർവ്വം അതിജീവിച്ചു. ഇന്നു് ലോകത്തിൽ ഏററവും സമുന്നതമായ ഒരു സ്ഥാനം കൈവരിച്ചിരിക്കുന്ന കത്തോലിക്കാസഭ അനീതിക്കെതിരെ—അസത്യത്തിൻെറമുമ്പിൽ—ഒരിക്കലും തല കുനിക്കുകയില്ല—കുനിച്ചിട്ടില്ല. അതുകൊണ്ടു് കേരളീയരായ നാം—വിദ്യാഭ്യാസത്തിലും, സംസ്കാരത്തിലും ഭാരതത്തിൽ ഏററവും മുന്നണിയിൽ നിൽക്കുന്ന നാം—ഇന്നത്തെ കേരളാ കമ്മ്യൂണിസ്റ്റു് ഗവമ്മെണ്ടിൻെറ അനീതിപരവും, ദുരുപദിഷ്ടവുമായ സംരംഭങ്ങളെ എതിർക്കേണ്ടതു് അത്യന്താപേക്ഷിതമാണു്. അതിനു പ്രധാനകാരണം, ദൈവികമായും, മതപരമായും അതു് ഭാവിയിൽ വരുത്തിവയ്ക്കാവുന്ന പ്രത്യാഘാതങ്ങളാണു്.

"പ്രകാശത്തിൻെറ സന്തതികളേക്കാൾ ഈ ലോകത്തിൻെറ സന്തതികൾ അവരുടെ തലമുറയിൽ ബുദ്ധിമാന്മാരാകുന്നു" (ലൂക്കാ: 16, 8) താത്വികമായി പറഞ്ഞാൽ, വെറും ലോകത്തിനു വേണ്ടി മാത്രം ജീവിക്കുന്ന കമ്മ്യൂണിസ്റ്റുകാരുടെ പ്രവർത്തനരീതികളെ സംബന്ധിച്ച പ്രസ്തുത വേദവാക്യം തികച്ചും അന്വർത്ഥമാണു്. കാരണം പ്രത്യക്ഷത്തിൽ നന്മയെന്നു തോന്നിക്കുന്ന കർമ്മപരിപാടികളിൽ—നയതന്ത്രത്തിൽക്കൂടിയാണു് അവർ മനുഷ്യാത്മാക്കളെ കുരുക്കിൽപ്പെടുത്തുവാൻ ശ്രമിച്ചതു്—ശ്രമിക്കുന്നതും. അതുകൊണ്ടു് പ്രകാശത്തിൻെറ സന്തതികളെന്നു് അഭിമാനിക്കാവുന്ന നാം അവരുടെ ബുദ്ധിസാമർത്ഥ്യത്തെ വിവേചിച്ചറിയുവാൻ പ്രാപ്തരാകണം.

ആധുനികലോകത്തിൻെറ മഹാവിപത്തായ കമ്മ്യൂണിസത്തെ ഉന്മൂലനം ചെയ്യുന്നതിനു് നാം പ്രയോഗിക്കേണ്ട ഫലപ്രദമായ മാർഗ്ഗങ്ങൾ ഏവ? പ്രാർത്ഥന, പ്രായശ്ചിത്തം ഇവ രണ്ടുമാണല്ലോ പരി. ദൈവജനനി ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടു് ആ മൂന്നു കുട്ടികൾവഴി ലോകത്തെ ഉദ്ബോധിപ്പിച്ചതും. പരി. പിതാവു് 11-ാം പീയൂസ് തിരുമേനിയും മേൽവിവരിച്ച തിരുവെഴുത്തിൽ ഉപശാന്തിമാർഗ്ഗമായി ഉപദേശിക്കുന്നതും ഇതുതന്നെയാണു്.

ലോകത്തിൽ, അല്ല നമ്മുടെ കേരളത്തിലും ദൈവസ്ഥാപിതമായ മതത്തെപ്പററി ഇതുവരെ അറിഞ്ഞിട്ടില്ലാത്തവർ അറിയുന്നതിനും അങ്ങനെ സ്നേഹരാജനായ ക്രിസ്തുവിൻെറരാജ്യം—ഭരണം—

Chakolas SILK HOUSE
TRICHUR-ERNAKULAM

കല്യാണ സാരികൾ

ആവശ്യത്തിനും, അവസരത്തിനും അനുസരിച്ചുള്ള വിവിധ ജവുളിത്തരങ്ങൾ ധാരാളം സ്റ്റോക്കുണ്ടു്.

EP

# പുസ്തകാഭിപ്രായം

## സൗഭാഗ്യം

(ഒന്നാം ഭാഗം)

(പ്രസാധകർ: അസീസി ടി. ക. ബ്യൂറോ, ഭരണങ്ങാനം. പുറം 320+16 വില ഒന്നര ക.)

മനുഷ്യരെല്ലാം സൗഭാഗ്യം ആഗ്രഹിക്കുന്നു; അവരുടെ സകല പ്രവർത്തനങ്ങളുടെയും ലക്ഷ്യം അതാണു്. പക്ഷെ പലർക്കും അതു ലഭിക്കുന്നില്ല എന്നതാണു പരമാർത്ഥം. ബഹുഭൂരിപക്ഷമാളുകളും തങ്ങൾ നിർഭാഗ്യരാണെന്നു ഏററുപറയുവാൻ മടിക്കുന്നില്ല. സമ്പത്തിൻെറയും സ്വാധീനശക്തിയുടെയും അത്യുച്ചിയിലെത്തിയവർക്കുപോലും സംതൃപ്തിയോ സൗഭാഗ്യമോ ഉള്ളതായി അനുഭവപ്പെടുന്നില്ലാ. സാക്ഷാൽ സൗഭാഗ്യത്തിൻെറ വഴിയിലൂടെയാണു് അവർ ചരിച്ചിരുന്നതെങ്കിൽ, ഈ ഒരു ദുസ്ഥിതി വരികയില്ലായിരുന്നുവെന്നതു തീർച്ചയാണു്. സാക്ഷാൽ സൗഭാഗ്യത്തിൻെറ വഴി ഏതാണു്? കേരളത്തിലെ മിക്ക ഇടവകകളിലും ധ്യാനപ്രസംഗങ്ങൾ നടത്തി, എല്ലാത്തരത്തിലുമുള്ള ആളുകളെയും അടുത്തറിയാൻ അവസരം ലഭിച്ചിട്ടുള്ള ഒരു ബ. കപ്പൂച്ചിൻ വൈദികൻ, ഈ ഗ്രന്ഥം വഴി സൗഭാഗ്യത്തിൻെറ പാത നമുക്കു കാണിച്ചുതരികയാണു ചെയ്യുന്നതു്.

ഇന്നത്തെ നമ്മുടെ ഏററവും വലിയ വിപത്തു്, ദാഹിച്ചുഴലുന്ന നാം, ശുദ്ധജലത്തടാകങ്ങളുടെനേരെ കണ്ണടച്ചിട്ടു് മിന്നിത്തിളങ്ങുന്ന ചില മരുമരീചികകളുടെ പിന്നാലെ അലയുന്നു എന്നതാണു്. ഉന്നതവും പാരത്രികവുമായ ഒരു ലക്ഷ്യത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യൻ അതെല്ലാം വിസ്മരിച്ചിട്ടു് ക്ഷണികങ്ങളായ ഐഹിക സുഖങ്ങളുടെ പിന്നാലെ അലയുകയാണു്, ഫലമോ നിർഭാഗ്യവും. യഥാർത്ഥ സൗഭാഗ്യം അനുഭവിക്കണമെങ്കിൽ തിന്മ തിന്മയാണെന്നു മനസ്സിലാക്കി അതിൽനിന്നു് ഒഴിഞ്ഞിരിക്കുകയും നന്മ അന്വേഷിച്ചു സ്വീകരിക്കുകയും വേണം. അതിനു പററിയ ഒന്നാംതരം ഒരു വഴി കാട്ടിയാണു് "സൗഭാഗ്യം" എന്ന ഈ ഗ്രന്ഥം. ഗ്രന്ഥകാരൻ തൻെറ അനുഭവജ്ഞാനത്തെ മുൻനിറുത്തി, വായനക്കാരിൽ കർത്തവ്യബോധവും കർമ്മശുഷ്കാന്തിയും ഉളവാക്കത്തക്കവണ്ണം, അത്യാവശ്യം ഗ്രഹിച്ചിരിക്കേണ്ട സംഗതികളെ, ലളിതമായ ഭാഷയിൽ പ്രതിപാദിച്ചിരിക്കുന്നു.

"ജീവിതത്തെ ക്രമപ്പെടുത്തുവാൻ സഹായിക്കുന്ന" സംഗതികളടങ്ങിയ ഈ ഒന്നാം ഭാഗത്തിൽ 32 അദ്ധ്യായങ്ങളിലായി മനുഷ്യൻെറ ഉൽകൃഷ്ടത, അധഃപതനവും അതുമൂലമുള്ള ഫലങ്ങളും, ക്രിസ്തുവിൻെറ പരിത്രാണം, ശുദ്ധത എന്ന പുണ്യം, വിവാഹവും ദാമ്പത്യവിശ്വസ്തതയും, അശുദ്ധത മുതലായ വിഷയങ്ങളെ സമഗ്രമായി പ്രതിപാദിച്ചിരിക്കുന്നു. മനുഷ്യൻെറ യഥാർത്ഥവും പരിപൂർണ്ണവുമായ സൗഭാഗ്യം ശാരീരികനന്മയിലല്ലാ അടങ്ങിയിരിക്കുന്നതെന്നു ചൂണ്ടിക്കാണിക്കുകയും, യഥാർത്ഥ സൗഭാഗ്യസിദ്ധിക്കു് ആവശ്യമായ സുകൃതങ്ങളെ ചൂണ്ടിക്കാണിക്കുകയും ചെയ്തിരിക്കുന്നു. അടക്കം, കന്യാത്വം, അശുദ്ധത, നോട്ടം, സംസാരം, സ്പർശനം, ചുംബനം, വായന, സിനിമാ, വസ്ത്രധാരണം, ജനനനിയന്ത്രണം, "സുരക്ഷിതമായ കാലം", മദ്യപാനം മുതലായി ഇന്നത്തെ "ജീവൽപ്രശ്ന"ങ്ങളെപ്പററി അവശ്യം അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ ഒരു ധ്യാനഗുരുവിൻെറ ചിത്തവൃത്തിയോടുകൂടി ഗ്രന്ഥകാരൻ പ്രതിപാദിച്ചിരിക്കുന്നു.

ഈ പുസ്തകത്തിൻെറ ഒരു പ്രത്യേകത, ഇതു കേവലം താത്വികമായ പ്രതിപാദനങ്ങൾകൊണ്ടു നിറച്ചിരിക്കുകയല്ലാ യെന്നുതന്നെയാണു് തത്വങ്ങൾ പ്രതിപാദിച്ചിട്ടുണ്ടു്. പക്ഷെ അതിലധികമായി സാധാരണക്കാർക്കു അനുഭവപ്പെടുന്ന വിഷമപ്രശ്നങ്ങൾക്കു പ്രായോഗികമായ പ്രതിവിധി ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു. ഇതിലേക്കു സ്വന്തപരിചയത്തിൽനിന്നു ഗ്രന്ഥകാരൻ അനേകം ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കുന്നുണ്ടു്. വിഷമതകളെ അഭിമുഖീകരിക്കേണ്ടിവരുമ്പോൾ, അവയ്ക്കു് എന്താണു പ്രതിവിധിയെന്നു ഒരു ആചാര്യനെപ്പോലെ ഈ ഗ്രന്ഥം ഉപദേശിച്ചുതരുന്നതാണു്. ഈ ഗ്രന്ഥനിർമ്മാണത്താൽ മഹത്തായ ഒരു സേവനമാണു് തൽകർത്താവു കേരളീയ വായനക്കാർക്കു നൽകിയിരിക്കുന്നതു്. അഭിവന്ദ്യ തൃശ്ശൂർ മെത്രാനച്ചൻ തിരുമനസ്സിലെ അവതാരികയും സുപ്രസിദ്ധ ധ്യാനപ്രസംഗകനായ ഫാദർ മങ്കുഴിക്കരി അവർകളുടെ പ്രസ്താവനയും ഈ ഗ്രന്ഥത്തിനു് ഉചിതമായ ഭൂഷണങ്ങളായിരിക്കുന്നു. പുസ്തകത്തിൻെറ വലുപ്പവും ഉള്ളടക്കവും ആലോചിക്കുമ്പോൾ ഒന്നര ക. തുച്ഛമായ വിലയാണെന്നു പറയാതെ തരമില്ല. ഓരോ കുടുംബത്തിലും ഈ ഗ്രന്ഥത്തിൻെറ ഒരു പ്രതി ഉണ്ടായിരിക്കുന്നതു നല്ലതാണു്. നവദമ്പതിമാർക്കു നൽകാവുന്ന ഒന്നാംതരം വിവാഹസമ്മാനവുമാണിതു്. ഇതിനു പ്രചുരപ്രചാരമാശംസിക്കുകയും, ഇതിൻെറ രചയിതാവിനെ അഭിനന്ദിക്കുകയും ചെയ്യുന്നു.

M. O. J.

സർവ്വത്ര കൈവരുത്തുന്നതിനും സ്വർഗ്ഗരാജ്ഞിയായ നമ്മുടെ അമ്മ ഇടവരുത്തട്ടെ.

ഭാവി സുരക്ഷിതമാക്കുന്നതിനുവേണ്ടി നിക്ഷേപിക്കുവാൻ 5 രൂപ നിങ്ങളുടെ പക്കലുണ്ടോ?

അഞ്ചു രൂപകൊണ്ടു് നിങ്ങൾക്കു് പാലാ ബാങ്കിൽ ഒരു സേവിംഗ്സ് കണക്കു തുടങ്ങാം. ചെറിയ ചെറിയ തുകകൾ സൌകര്യംപോലെ അതിൽ ചേർക്കാം. കുറേ വർഷങ്ങൾ കഴിയുമ്പോൾ ആ സമ്പാദ്യങ്ങൾ അത്ഭുതാവഹമായ വിധത്തിൽ വലിയ ഒരു സംഖ്യ ആയിത്തീരും. പണം സുരക്ഷിതമായിരിക്കുകയും മുടങ്ങാതെ പലിശ ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യും. അതേസമയം സൌഭാഗ്യകരമായി ഭാവിജീവിതം നയിക്കുന്നതിനു് നിങ്ങൾക്കും നിങ്ങളുടെ കുടുംബത്തിനും അതു് സഹായകമാകുന്നതുമാണു്.

നിങ്ങളുടെ അടുത്തുള്ള പാലാ ബാങ്കു് മാനേജർ ഒരു സേവിംഗ്സ് കണക്കു് തുടങ്ങുന്നതിനു് നിങ്ങളെ സസന്തോഷം സഹായിക്കും. ഇന്നുതന്നെ അദ്ദേഹത്തെ സന്ദർശിക്കുക.



പാലാ സെൻട്രൽ ബാങ്ക് ലിമിറ്റഡ്
ഹെഡ് ആഫീസ്: പാലാ
കേരളമൊട്ടാകെ 18 ശാഖകൾ

# സലാമറമ്പാന്റെ അപവാദവ്യവസായം

(ഫാദർ തോമസ്സ് വടശ്ശേരി, എൽ. ഡി.)

(തുടർച്ച)

## 3. കൃത്രിമങ്ങൾ

1) വി. ലിഗോരിയുടെ സന്മാർഗ്ഗശാസ്ത്രം ഉദ്ധരിക്കുന്നതുപോലെ തന്നെ മററു ഗ്രന്ഥങ്ങൾ ഉദ്ധരിക്കുന്നതിലും പല കൃത്രിമങ്ങൾ സലാമറമ്പാൻ കാണിക്കുന്നുണ്ട്. "ഇപ്പോഴത്തെ പോപ്പ് ധൈര്യസമേതം പ്രസ്താവിക്കുന്നതു ഏകസ്വഭാവവിശ്വാസം സത്യവിശ്വാസമാണെന്നാണ്" എന്നു റമ്പാൻ പ്രസ്താവിച്ചിട്ട് 12-ാം പീയൂസ് മാർപ്പാപ്പാ എഴുതിയ "നിത്യരാജൻ" എന്ന ചാക്രികലേഖനത്തിന്റെ പുറം നൽകുന്നു (വിശ്വാസത്യാഗി, പുറം 3; കത്തോലിക്കാസഭയും റോമ്മാവാദങ്ങളും, പുറം 35) എന്നാൽ ഇപ്പോഴത്തെ മാർപ്പാപ്പാ തന്റെ ചാക്രികലേഖനത്തിൽ ക്രിസ്തുവിന്റെ സ്വഭാവങ്ങളെപ്പററി എഴുതിയിരിക്കുന്നതു ഇങ്ങനെയാണ്: "(ക്രിസ്തുവിൽ) ഐക്യത്തിനുശേഷം രണ്ടു സ്വഭാവങ്ങൾ കൂടിക്കലർന്ന് ഏകസ്വഭാവം ഉൽഭൂതമായി എന്നു വിചാരിക്കുന്നതും ഭോഷത്വമാണ്. എന്തുകൊണ്ടെന്നാൽ സമ്പൂർണ്ണവും യഥാർത്ഥവുമായ രണ്ടു സ്വഭാവങ്ങൾ—പ്രത്യേകിച്ചു ദൈവസ്വഭാവം അപരിമേയവും അവ്യയവുമാകയാൽ—യാതൊരുവിധത്തിലും ഒന്നായിത്തീരുക സാദ്ധ്യമല്ല ...ആകയാൽ സാധാരണവും വ്യക്തവുമായ പദപ്രയോഗമനുസരിച്ച് ദൈവത്തിൽ ഒരു സ്വഭാവവും (nature) മൂന്നു ആളുകളും (persons) ഉണ്ടെന്നും ക്രിസ്തുവിൽ ഒരാളും രണ്ടു സ്വഭാവങ്ങളുമുണ്ടെന്നും നാം പറയേണ്ടിയിരിക്കുന്നു" (നിത്യരാജൻ എന്ന വിശ്വലേഖനം, മലയാളപരിഭാഷ, എറണാകുളം (1953) പുറം 4, 18) കൂടാതെ ഈ ചാക്രികലേഖനത്തിൽതന്നെ ക്രിസ്തുവിൽ രണ്ടു സ്വഭാവങ്ങളുണ്ടെന്നു ഔദ്യോഗികമായി പ്രഖ്യാപനംചെയ്ത ലെയോൻമാർപ്പാപ്പായുടേയും കൽക്കദോനിയാസൂനഹദോസിന്റെയും നിരവധി സാക്ഷ്യങ്ങൾ ആദ്യന്തം മാർപ്പാപ്പാ ഉദ്ധരിക്കുന്നുണ്ട്. (പുറം 14, 18; 22, 23) ഇങ്ങനെ ക്രിസ്തുവിൽ രണ്ടു സ്വഭാവങ്ങളുണ്ടെന്നു സ്പഷ്ടമായി പഠിപ്പിച്ച് ആ വിഷയത്തെപ്പററി ഒരു ചാക്രികലേഖനം കൂടി എഴുതിയിട്ടുള്ള ഇരുപതാം നൂററാണ്ടിലെ മാർപ്പാപ്പ ഏകസ്വഭാവവിശ്വാസിയാണെന്നു ധൈര്യപൂർവ്വം പറയുന്ന സലാമറമ്പാൻ പണ്ടു പിതാക്കന്മാർ എഴുതിയിട്ടുള്ള ഗ്രന്ഥങ്ങളേയും കത്തോലിക്കാഗ്രന്ഥങ്ങളേയും ഉദ്ധരിക്കുമ്പോൾ പച്ചനേരായിരിക്കുമോ വായനക്കാരെ ഗ്രഹിപ്പിക്കുക?

2) ബ: വി. സി. ഗീവറുഗീസ് കോർഎപ്പിസ്കോപ്പാ എഴുതിയ "കത്തോലിക്കാസഭയിൽ ഞാൻ ചേർന്നു എന്തുകൊണ്ട്?" എന്ന ഗ്രന്ഥം 75-ാം പുറത്തു മാർപ്പാപ്പ "പണ്ഡിതസമിതികളുടെ അന്വേഷണങ്ങളും അഭിപ്രായങ്ങളും ആവശ്യപ്പെട്ടു വാങ്ങിയശേഷമേ വിശ്വാസസത്യങ്ങളെ പ്രഖ്യാപിക്കാവൂ" എന്നെഴുതിയിട്ടുണ്ടെന്നു സലാമറമ്പാൻ പ്രസ്താവിച്ചശേഷം ലെയോൻമാർപ്പാപ്പാ ക്രിസ്തുവിൽ രണ്ടു സ്വഭാവങ്ങളുണ്ടെന്നു ഔദ്യോഗികമായി പ്രഖ്യാപനം ചെയ്തുകൊണ്ട് കോൺസ്റ്റൻറിനോപ്പിൾ പാത്രിയർക്കീസിനയച്ച ലേഖനം ഒരു പണ്ഡിതസമിതിയേയും കാണിച്ചില്ലെന്നും, ആകയാൽ ഇരുസ്വഭാവവിശ്വാസം വിശ്വാസസത്യമല്ലെന്നും രേഖപ്പെടുത്തുന്നു (2-ാം ഭാഗം, പുറം 24). എന്നാൽ കോർഎപ്പിസ്കോപ്പാ തന്റെ ഗ്രന്ഥത്തിൽ മാർപ്പാപ്പായുടെ അപ്രമാദപ്രഖ്യാപനത്തെപ്പററി പറയുന്നതു് ഇങ്ങനെയാണ്: "ലോകം മുഴുവനിലുമുള്ള സഭയുടെ സ്വീകരണത്തിനായി ക്രിസ്തുവിന്റെ ഏക വികാരി എന്ന നിലയിൽ (മാർപ്പാപ്പ) വിശ്വാസം, സന്മാർഗ്ഗം എന്നിവയെ സംബന്ധിക്കുന്ന കാര്യങ്ങൾ ഔദ്യോഗികമായും അവസാനമായും (final) പ്രസ്താവിക്കുമ്പോൾ മാത്രമേ അപ്രമാദിത്വമുള്ളു. അപ്രമാദിത്വാധികാരം മാർപ്പാപ്പാക്കുണ്ടെന്നു കത്തോലിക്കാസഭയിലെ പൊതുസൂനഹദോസ് (Vatican Synod 1807 A. D.) തന്നെ പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ സാധാരണമായി മാർപ്പാപ്പാമാർ ചെയ്യാറുള്ളതു മേല്പട്ടക്കാരുടെ (മെത്രാന്മാരുടെ) അഭിപ്രായം അറിഞ്ഞശേഷം അപ്രമാദിത്വപ്രഖ്യാപനം നടത്തുകയാണ്. ഇതിനു ഒരു ഉദാഹരണം പറയാം. ദൈവമാതാവു അമലോത്ഭവയാണെന്നു 9-ാം പീയൂസ് മാർപ്പാപ്പാ 1854 ൽ അപ്രമാദിത്വവരം ഉപയോഗിച്ച് പ്രഖ്യാപിച്ചവിധംതന്നെ നോക്കിയാൽമതി ...ഈ വിഷയത്തെ കൂലങ്കഷമായി പരിശോധിച്ച് പഠിച്ച് അഭിപ്രായം സമർപ്പിക്കുവാൻ ഒരു പണ്ഡിതസമിതിയെ നിയമിച്ചു...പിന്നീടു മെത്രാന്മാരുടെ അഭിപ്രായങ്ങളും ആവശ്യപ്പെട്ടു... അവർ അനുകൂലമായ മറുപടി കൊടുത്തു. ഇത്രയും കഴിഞ്ഞതിനു ശേഷമാണ് അമലോത്ഭവം ഒരു വിശ്വാസസത്യമായി പ്രഖ്യാപിച്ചതു" (പുറം 74, 75). കോർഎപ്പിസ്കോപ്പാ ഇവിടെ പറയുന്നതു ക്രിസ്തുവിന്റെ വികാരിയെന്ന നിലയിൽ മാർപ്പാപ്പാക്കു തനിച്ചു അപ്രമാദപ്രഖ്യാപനത്തിനു അധികാരമുണ്ടെന്നും, അങ്ങനെ വത്തിക്കാൻ സൂനഹദോസ് പഠിപ്പിക്കുന്നെന്നും, എന്നാൽ മാർപ്പാപ്പാ സാധാരണമായി പണ്ഡിതന്മാരുടേയും മെത്രാന്മാരുടേയും അഭിപ്രായം അറിഞ്ഞിട്ടാണ് ഔദ്യോഗികമായി വിശ്വാസപ്രഖ്യാപനം ചെയ്യുന്നതെന്നും, അതിനു ഒരു ഉദാഹരണമാണ ദൈവമാതാവു അമലോത്ഭവയാണെന്നു പ്രഖ്യാപനം ചെയ്തതെന്നുമാണല്ലോ. രാജാവിനു ചില പ്രഖ്യാപനങ്ങൾ നടത്തുവാൻ തനിച്ചു അധികാരമുണ്ടെന്നും, സാധാരണമായി മന്ത്രിയോടു ആലോചിച്ചശേഷമാണ് രാജാവു അങ്ങനെയുള്ള പ്രഖ്യാപനങ്ങൾ നടത്താറുള്ളതെന്നും ഒരാൾ പറഞ്ഞാൽ രാജാവിനു പ്രഖ്യാപനങ്ങൾ തനിച്ചു നടത്താൻ അധികാരമില്ലെന്നു് അയാൾ പറയുന്നതായി വ്യാഖ്യാനിക്കുന്നതു ശരിയോ? ഇതുപോലെ മാർപ്പാപ്പാക്കു തനിച്ചു അപ്രമാദപ്രഖ്യാപനത്തിനു അധികാരമുണ്ടെന്നു പറഞ്ഞിട്ടുള്ള വാചകങ്ങളെയെല്ലാം ഉപേക്ഷിച്ചിട്ട് "ഈ വിഷയത്തെ കൂലങ്കഷമായി പരിശോധിച്ചു പഠിച്ച് അഭിപ്രായം സമർപ്പിക്കുവാൻ ഒരു പണ്ഡിതസമിതിയെ നിയമിച്ചു" എന്നു അമലോത്ഭവപ്രഖ്യാപനത്തെ ഉദാഹരിച്ച് കോർഎപ്പിസ്കോപ്പാ 75-ാം പുറത്തു എഴുതിയിരിക്കുന്ന വാചകത്തെ "പണ്ഡിതസമിതികളുടെ അന്വേഷണങ്ങളും അഭിപ്രായങ്ങളും ആവശ്യപ്പെട്ടു വാങ്ങിയശേഷമേ (മാർപ്പാപ്പ) വിശ്വാസസത്യങ്ങളെ പ്രഖ്യാപിക്കാവൂ" എന്നിങ്ങനെ റമ്പാച്ചൻ മാററിയെഴുതി കോർഎപ്പിസ്കോപ്പായുടെമേൽ കുതിരകയറി ലെയോൻമാർപ്പാപ്പാ തനിച്ചുചെയ്ത പ്രഖ്യാപനം ശരിയല്ലെന്നു സ്ഥാപിക്കുവാൻ ശ്രമിക്കുന്നു. ഇങ്ങനെ ഒരാളുടെ ഗ്രന്ഥത്തിൽ പറയുന്ന പ്രധാനപ്പെട്ട ആശയങ്ങളെയെല്ലാം മറച്ചുവച്ചിട്ട് വാചകങ്ങളെത്തന്നെയും മാററിയെഴുതി ദുർവ്യാഖ്യാനങ്ങൾ കൊണ്ടുവരുന്നതു മഹാ കൃത്രിമമല്ലേ?

3) "വിശ്വാസത്യാഗി" എന്ന ലഘുലേഖയിൽ സലാമറമ്പാൻ ഈ ഗ്രന്ഥകാരനെ "സഖാവ്, കള്ളപ്രവാചകൻ, നരകയോഗ്യൻ" എന്നിങ്ങനെ വിളിച്ചിരിക്കുന്നു (പുറം 2, 3). സന്യാസിയാകകൊണ്ട് എന്തും പറയാമായിരിക്കാം. "സുറിയാനിസഭയിൽ (യാക്കോബായസഭയിൽ) യാതൊരു പാഷണ്ഡോപദേശവും ഇല്ലെന്നു അവരുടെ ശത്രുക്കൾപോലും സമ്മതിക്കുന്നുണ്ട്" എന്നു പ്രസ്താവിച്ചിട്ടു ഈ ലേഖകൻ എഴുതിയ "ഏക സത്യസഭ" എന്ന പുസ്തകത്തിന്റെ 21, 101, 102 എന്നീ പുറങ്ങൾ സലാമറമ്പാൻ തന്റെ ഗ്രന്ഥത്തിൽ ചൂണ്ടിക്കാണിക്കുന്നു (പുറം 4). എവുത്തിക്കോസ് പഠിപ്പിച്ചിരുന്നതു ക്രിസ്തുവിൽ മനുഷ്യത്വം അഥവാ മനുഷ്യസ്വഭാവം ലയിച്ചുപോയതിനാൽ ദൈവത്വം അഥവാ ദൈവസ്വഭാവം എന്ന ഏകസ്വഭാവം മാത്രമേ ഉള്ളു എന്നായിരുന്നു. അതുകൊണ്ടാണ എവുത്തിക്കോസിനേയും അനുയായികളേയും ഏകസ്വഭാവവാദികൾ (Monophysites) എന്നു വിളിക്കുന്നതു്. യാക്കോബായസഭ ഏകസ്വഭാവവാദത്തിൽനിന്നും ഉത്ഭവിച്ചതാണെങ്കിലും ക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും പൂർണ്ണമായിട്ടുണ്ടെന്നും, എങ്കിലും അത്ഭുതകരമായ ഏകസ്വഭാവമാണ ക്രിസ്തുവിലുള്ളതെന്നും ആ സഭ പഠിപ്പിക്കുന്നതിനാൽ ശരിയായ അർത്ഥത്തിൽ (strict sense-ൽ) യാക്കോബായക്കാർ ഏകസ്വഭാവവാദികളാണെന്നു പറഞ്ഞുകൂടാ എന്നത്രേ "ഏകസത്യസഭ" എന്ന ഗ്രന്ഥത്തിൽ ഞാൻ പറഞ്ഞിട്ടുള്ളതു് (പുറം 21) ഇതേ അർത്ഥത്തിലാണ് 101, 102 എന്നീ പുറങ്ങളിലും ഞാൻ പറയുന്നതു്. യാക്കോബായക്കാരുടെ ഔദ്യോഗികഗ്രന്ഥങ്ങളിൽ കാണുന്ന വിശ്വാസം കത്തോലിക്കാവിശ്വാസത്തിൽനിന്നു വ്യത്യസ്തമല്ലെങ്കിലും യാക്കോബായസഭയിലെ പല മേല്പട്ടക്കാരും പണ്ഡിതന്മാരും പ്രോട്ടസ്റ്റൻറുകാരുടെ പല അബദ്ധോപദേശങ്ങളേയും ഇക്കാലത്തു സ്വീകരിക്കയോ അനുകൂലിക്കയോ ചെയ്യുന്നു. ആകയാൽ ഇപ്പോഴത്തെ എല്ലാ യാക്കോബായക്കാരും പാഷണ്ഡോപദേശങ്ങൾ സ്വീകരിക്കാത്ത സത്യവിശ്വാസികളാണെന്നു പറഞ്ഞുകൂടാ എന്നും ഏകസത്യസഭ എന്ന ഗ്രന്ഥം 101-ാംപുറത്തു ഞാൻ സ്പഷ്ടമായി പറഞ്ഞിട്ടുണ്ട്. പോരെങ്കിൽ ഏകസത്യസഭ എന്ന ഗ്രന്ഥം 22-ാംപുറത്തു "മലങ്കര യാക്കോബായക്കാർ ഏകസ്വഭാവവാദികളോ?" എന്ന എന്റെ പുസ്തകത്തിൽ ഈ വിഷയം സവിസ്തരം പ്രതിപാദിച്ചിട്ടുണ്ടെന്നുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. ഈ ഗ്രന്ഥത്തിന്റെ 28-ാംപുറത്തു ഞാൻ പറയുന്നു: "ദൈവശാസ്ത്രപരമായും താത്വികമായും പര്യാലോചിച്ചാൽ ക്രിസ്തുവിൽ രണ്ടു സ്വഭാവമെന്നു പറയുന്നതാണ ശരിയെന്നു മനസ്സിലാക്കാം ഏകസ്വഭാവം എന്ന പദത്തിനു യാക്കോബായക്കാർ വിവക്ഷിക്കുന്ന അർത്ഥത്തിൽ എവുത്തിക്കോസിന്റെ പാഷണ്ഡതയില്ലെങ്കിലും ആ പദപ്രയോഗം ശരിയല്ല. ഇക്കാര്യം വിശദമാക്കുന്നതിനു ഏതാനും തെളിവുകൾ താഴെചേർക്കുന്നു" തുടന്നു ആറു തെളിവുകൾ ഞാൻ നൽകുന്നു (പുറം 28-33). ഇതേ ഗ്രന്ഥത്തിന്റെ 81-ാംപുറത്തു ഞാൻ ഇങ്ങനെ പറയുന്നു: "വിദേശത്തേയും മലങ്കരയിലേയും യാക്കോബായസഭ ഏകസ്വഭാവവാദത്തെ പാഷണ്ഡോപദേശമായി ശപിച്ച കല്ക്കദോനിയാ (കത്തോലിക്കാ) വിശ്വാസത്തിനു അനുരൂപമായ വിശ്വാസം പരോക്ഷമായി ഏററുപറയുന്നുണ്ടെങ്കിലും ഈ ഗ്രന്ഥത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള വിവിധസാക്ഷ്യങ്ങളേയും ചരിത്രരേഖകളേയും ആസ്പദമാക്കി നിഷ്പക്ഷബുദ്ധ്യാ പര്യാലോചിച്ചാൽ ഏകസ്വഭാവവാദികളുടെ താഴെപ്പറയുന്ന ലക്ഷണങ്ങളെല്ലാം ഈ രണ്ടു സഭാവിഭാഗങ്ങളും ഇപ്പോഴും കാണിച്ചുവരുന്നതായി ബോദ്ധ്യമാകും." (പുറം 81) തുടന്നു ഏകസ്വഭാവവാദികളുടെ ആറു ലക്ഷണങ്ങൾ യാക്കോബായസഭയിൽ ഉള്ളതായി പറഞ്ഞിട്ട് ഇപ്രകാരം ഉപസംഹരിക്കുന്നു:- "യാക്കോബായക്കാർ കത്തോലിക്കാസഭയെ ആശ്ലേഷിക്കാതെ ഇപ്പോഴത്തേപ്പോലെ യാക്കോബായസഭയിൽത്തന്നെ നില്ക്കുന്ന കാലത്തോളം അവർ ശപിക്കുന്ന ഏകസ്വഭാവവാദികളെ അറിഞ്ഞോ അറിയാതെയോ മേല്പറഞ്ഞ കാര്യങ്ങളിൽ (6 കാര്യങ്ങളിൽ) പൂർണ്ണമായി അവർ അനുകരിക്കുന്നതായി പറയണമല്ലോ. ആകയാൽ തദനുസരണമായി ഏകസ്വഭാവവാദികളുടെ ചില അബദ്ധോപദേശങ്ങളുടെ വിഷബീജം അഥവാ ദുഷ്ഫലങ്ങൾ മലങ്കരയാക്കോബായക്കാരിൽ ഇപ്പോഴും ഉള്ളതായി പറയേണ്ടിയിരിക്കുന്നു" (യാക്കോബായക്കാർ ഏകസ്വഭാവവാദികളോ? പുറം 81-83). ഇങ്ങനെ ശരിയായ അഥവാ നിഷ്കൃഷ്ടമായ (strict sense-ൽ) അർത്ഥത്തിൽ യാക്കോബായക്കാർക്കു എവുത്തിക്കോസിന്റെ ഏകസ്വഭാവവിശ്വാസം എന്ന പാഷണ്ഡതയില്ലെന്നു ഞാൻ പറയുമ്പോൾ ആ പാഷണ്ഡതയുടെ വിഷബീജമോ അല്ലെങ്കിൽ ചില ദുഷ്ഫലങ്ങളോ യാക്കോബായസഭയിൽ ഇല്ലെന്നു അർത്ഥം വരുന്നില്ലെന്നു റമ്പാച്ചൻ ഉദ്ധരിക്കുന്ന "ഏകസത്യസഭ" എന്ന എന്റെ ഗ്രന്ഥത്തിൽനിന്നു തന്നെ തെളിയുന്നുണ്ട്. നിഷ്കൃഷ്ടമായ അഥവാ ശരിയായ അർത്ഥത്തിൽ പാഷണ്ഡതയില്ലെന്നു പറയുമ്പോൾ വ്യാപകമായ അർത്ഥത്തിൽ പാഷണ്ഡതയുടെ അല്പമെങ്കിലും സ്പർശനം (ചില പദപ്രയോഗങ്ങളിലാണെങ്കിലും) ഉണ്ടെന്നല്ലേ അർത്ഥം? സലാമ റമ്പാൻ ഇക്കാര്യം വായനക്കാരിൽനിന്നു മറച്ചുവെച്ചുകൊണ്ട് യാക്കോബായസഭയിൽ പാഷണ്ഡതയുടെ യാതൊരു സ്പർശനവും (പദപ്രയോഗ


**Thanksgiving**

**For Favours Received**



A Firm Believer
Irinjalakuda


ആദ്ധ്യാത്മികവീഥി

# ഒരു കത്ത്

ദൈവത്തിന്റെ വത്സലമക്കളേ,

സ്വർഗ്ഗസൗഭാഗ്യത്തിന്റെ അസ്തിത്വത്തെക്കുറിച്ചു ആഴമായ ബോദ്ധ്യമുണ്ടാക്കി അതിന്റെ ഫലമായി കമ്മ്യൂണിസ്റ്റു ചേരിയിൽനിന്നു മാറി നടക്കണമെന്നാണല്ലോ കഴിഞ്ഞ ഏതാനും ലക്കങ്ങളിൽ ഉദ്ബോധിപ്പിച്ചിരുന്നതു്. അതു വായിച്ചശേഷം ഒരാൾ എഴുതുന്ന കത്ത് താഴെ ചേർക്കുന്നു.

"പ്രിയ ബ. അച്ചാ,

വിശ്വാസത്തിന്റെ കുറവുകൊണ്ടാണ സാധുക്കൾ കമ്മ്യൂണിസ്റ്റുകാരുടെ കൂടെ കൂടുന്നതെന്നാണ് അങ്ങു ധരിച്ചുവച്ചിരിക്കുന്നതെന്നു തോന്നുന്നു. എന്റെ എളിയ അഭിപ്രായത്തിൽ അതല്ല പ്രധാനകാരണം. കത്തോലിക്കർക്കു എല്ലാവർക്കുംതന്നെ സ്വർഗ്ഗമുണ്ടെന്നുള്ള വിശ്വാസമുണ്ട്. പക്ഷേ അതു മരണശേഷമല്ലേ കിട്ടുകയുള്ളു. അതിനുമുമ്പു ഇഹത്തിൽ അനേക കൊല്ലങ്ങൾ കഴിച്ചുകൂട്ടേണ്ടയോ? ഇന്നത്തെ ആവശ്യം കഴിഞ്ഞിട്ടല്ലേ നാളത്തെ കാര്യത്തെക്കുറിച്ചു ചിന്തിക്കാൻ സാധിക്കൂ. ഉണ്ണാനും ഉടുക്കാനുമില്ലാതെ നട്ടംതിരിയുന്ന സാധുക്കൾ തല്ക്കാലം അവരുടെ വിശപ്പടക്കാനും നഗ്നത മറയ്ക്കാനും വല്ലതും കൊടുക്കാമെന്നു പറയുന്നവരെ വിശ്വസിച്ചു അവരുടെകൂടെ കൂടുകയാണ ചെയ്യുന്നതു്.

"അതിനാൽ എന്റെ നോട്ടത്തിൽ, സ്വർഗ്ഗം ഉണ്ടെന്നും മററും ധരിപ്പിക്കുന്നതിനേക്കാൾ കൂടുതൽ ഉപകാരപ്രദമായിട്ടുള്ളതു് ദാരിദ്ര്യംകൊണ്ടു ഞെളിപിരികൊള്ളുന്ന പട്ടിണിപ്പാവങ്ങളെ ആ നിലയിൽനിന്നു ഉദ്ധരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതാണ്. കത്തോലിക്കർ മുൻകൈയെടുത്തു ഇക്കാര്യത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നപക്ഷം പുതതായിട്ടു ആരും കമ്മ്യൂണിസ്റ്റ് ചേരിയിൽ ചേരുകയില്ലെന്നു മാത്രമല്ല, മുൻപു പോയിട്ടുള്ളവർപോലും തിരിച്ചുവരുമെന്നാണ എന്റെ പൂർണ്ണമായ വിശ്വാസം.

"ധനവാന്മാർ തങ്ങളുടെ സുഖഭോഗങ്ങൾക്കായി ധൂർത്തടിച്ചു ചെലവഴിക്കുന്ന ലക്ഷക്കണക്കിനു രൂപാ സാധുസംരക്ഷണത്തിന് ഉപയോഗിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു. അവരുടെ അനാവശ്യച്ചെലവുകൾ വെട്ടിക്കുറച്ചു ജീവിതത്തോതു് അല്പം താഴ്ത്തി അങ്ങനെ ഉണ്ടാകുന്ന മിച്ചം അയൽവാസികളായ ദരിദ്രരുടെ അത്യാവശ്യങ്ങൾ സാധിക്കുന്നതിനായി കൊടുത്തിരുന്നെങ്കിൽ രണ്ടു കൂട്ടർക്കും അതു് എത്ര ഉപകാരപ്രദമായിരുന്നു! ധനവാൻ അപ്രകാരം സ്വർഗ്ഗരാജ്യത്തിലേക്കു കടക്കുന്നതിനുള്ള വലിയ തടസ്സം നീക്കിക്കളയുകയും ദരിദ്രർ നിത്യവൃത്തിക്കുവേണ്ടി തങ്ങളുടെ ആത്മാവിനെ പണയംവയ്ക്കാതിരിക്കുകയും ചെയ്യുമായിരുന്നു.

"അതിനാൽ ഈ വിഷയം സംബന്ധിച്ചു വല്ലതുംഎഴുതിക്കണ്ടാൽ കൊള്ളാമെന്നാണ എന്റെ ആഗ്രഹം.

എന്നു.........."

ഈ എഴുത്തിന്റെ ആശയത്തോടു ഞാൻ യോജിക്കുന്നു. എനിക്കു പറയുവാനുള്ളതു് അടുത്തതിൽ. എന്നു്

പ്രാർത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവ്.

ങ്ങളിലാണെങ്കിലും) ഇല്ലെന്നു ഞാൻ അഭിപ്രായപ്പെടുന്നതായി തന്റെ ലഘുലേഖയിലും ഗ്രന്ഥത്തിലും പ്രസ്താവിക്കുന്നു ഇതും ഒരു കൃത്രിമമല്ലേ? റമ്പാച്ചൻ വായനക്കാരെ സത്യം ഗ്രഹിപ്പിക്കുന്ന ആളായിരുന്നെങ്കിൽ, ഞാൻ സംക്ഷിപ്തമായി രേഖപ്പെടുത്തിയ ഒരു വാചകത്തെമാത്രം ആശ്രയിക്കാതെ അവിടെ വായിക്കുവാൻ ഞാൻ നിർദ്ദേശിച്ചിട്ടുള്ള എന്റെ പുസ്തകംകൂടി വായിച്ചിട്ടു ഈ വിഷയത്തിൽ എന്റെ ഖണ്ഡിതമായ അഭിപ്രായമെന്താണെന്നു വായനക്കാരെ ഗ്രഹിപ്പിക്കേണ്ടിയിരുന്നു. അങ്ങനെ ചെയ്യാത്തതു ഹൃദയപരമാർത്ഥതയുടേയും സത്യാന്വേഷണമനഃസ്ഥിതിയുടേയും കുറവുകൊണ്ടല്ലേ? (തുടരും)

(10-ാം പേജ് തുടർച്ച)

"മോനേ, യജമാനനെ കണ്ടോ ...എന്തോ പറഞ്ഞു ...?"

"പകരം ആളിനെ ജോലിക്കെടുത്തെന്നു്..." മാത്തൻ കണ്ണുനീരിൽക്കൂടിയായിരുന്നു അതു പറഞ്ഞതു്.

"ആളിനെ വേറെ എടുത്തെന്നോ ...?"

"അതെ; സൊകക്കേടുകാരെ ജോലിക്കു വച്ചോണ്ടിരിക്കുന്നതു മേലധികാരികളറിഞ്ഞാൽ അദ്ദേഹത്തിനു കുററമാണുപോലും. അതിനാൽ ഇനി ജോലിക്കു ചെല്ലണ്ടാന്നു്."

മറിയയുടെ കുഴിഞ്ഞുതാണ കണ്ണുകൾ വീണ്ടും നിറഞ്ഞു. "സൊകമായാലും ഞാൻ ജോലിക്കു ചെല്ലണ്ടാന്നു പറഞ്ഞോ...?"

"പറഞ്ഞു."

മറിയയുടെ ഹൃദയത്തിൽ ഒരായിരം കൊള്ളിമീൻ ഒരുമിച്ചു പാഞ്ഞുപോയതുപോലെ അവൾക്കു തോന്നി. അവരുടെ കൈകാൽ ആകെ വിറച്ചു. ഒരു പിഞ്ചുകുഞ്ഞിനെ സ്വന്തം മാതാവിന്റെ മുന്നിൽവച്ചുതന്നെ അരിഞ്ഞുവീഴ്ത്തുന്ന ഒരു പ്രതീതി അവൾക്കുണ്ടായി.

ജനിച്ചുപോയി; മരിക്കുന്നതുവരെ ജീവൻ നിലനിത്താൻവേണ്ടി ഒരു ജോലിയിൽ പ്രവേശിച്ചു. പക്ഷെ ആ ജോലിയും ഇന്നു കൈവിട്ടുപോയി. ഇനി ആഗ്രഹിച്ചാൽ അതു ലഭിക്കുകയില്ല. കുറെ പച്ചനോട്ടുകളുടെ കീഴിൽ മറിയയുടെ ജോലി വേറൊരാൾക്കു ഓവർസിയർ തീറെഴുതിക്കൊടുത്തുപോയി. പക്ഷെ അതുമൂലം ഒരു കൊച്ചുകുടുംബം നീർക്കയത്തിൽ താഴും എന്ന സംഗതി ഓവർസിയർ ഓർത്തില്ലായിരിക്കും.

മക്കളെക്കുറിച്ചു് ഒരു മാതാവിനുള്ള അല്ലെങ്കിൽ ഉണ്ടാകുന്ന സ്നേഹവും വാത്സല്യവും അവൾക്കും ഉണ്ടായിപ്പോയി. പക്ഷെ അവന്റെ സുഖസൗകര്യാദികൾ മാത്രമായിരുന്നു മറിയയുടെ ലക്ഷ്യം. തങ്ങളെ സംരക്ഷിക്കുവാൻ കടപ്പാടുള്ള മറിയയുടെ ഭർത്താവു്—ആ മൂന്നക്ഷരം മറിയയുടെ ഹൃദയത്തെ ആകെ പിടിച്ചുകുലുക്കിപ്പോയി.

ജീവിതം കരയാനുള്ളതായിരിക്കാം. ആ ഹ്രസ്വമായ ജീവിതത്തിൽ പൊട്ടിച്ചിരിയും പുഞ്ചിരിയും പൊഴിക്കുവാൻ വേദനിക്കുന്ന സമൂഹങ്ങൾക്കു അനുവദിച്ചിട്ടില്ലായിരിക്കാം? കണ്ണീരിൽക്കൂടിയാണെങ്കിലും മത്തനു പുഞ്ചിരിക്കാനും പൊട്ടിച്ചിരിക്കാനുംവേണ്ടിമാത്രമാണു് പെരുമഴയായാലും കോടുന്ന മഞ്ഞായാലും കോഴി കൂവുന്നതിനുമൻപായിതന്നെ പണിയായുധമായ മൂലുമായി പട്ടണത്തിലെത്തുന്നതു്. അതു കുറെ വർഷങ്ങളായി ചെയ്തുകൊണ്ടിരുന്നു. പക്ഷെ ഇന്നു് ആ ജോലി ഇല്ല; മാത്രവുമല്ല പകർച്ചവ്യാധിയും കാന്തുതിന്നുകൊണ്ടിരിക്കുന്നു.

പക്ഷെ മരണത്തിൽ മറിയയ്ക്കു യാതൊരു ഭയവുമില്ല. എന്നാലും ജീവിതത്തിന്റെ ആകത്തുകയായ അവരുടെ പുന്നാരമോൻ. അവനു ഈ നീണ്ടുകിടക്കുന്ന ലോകത്തിൽ ഒരാശാകേന്ദ്രവുമില്ല. ആ കൊച്ചുജീവൻ മററാരാളുടെ കൈകളിൽ ഏല്പിക്കുവാൻ അവർ ആരേയും കണ്ടില്ല. എങ്ങും പച്ചപിടിച്ച പുൽപ്രദേശവും തലയെടുത്തു വളരുന്ന റബ്ബർമരങ്ങളും മാത്രം.

എരിഞ്ഞവസാനിച്ച തീക്കൊള്ളികൾപോലെ ദിവസങ്ങൾ ഓരോന്നോരോന്നായി എരിഞ്ഞുതീരുകയാണു്.

"മോനേ" ചുളിവീണ ചുണ്ടുകൾക്കിടയിൽനിന്നും ഒരു പതിഞ്ഞ സ്വരം പുറത്തേക്കുവന്നു.

"എന്തോ...?"

"എന്റടുത്തു വന്നേ... അല്ലെങ്കി വേണ്ടാ, മോൻ ദൂരെ നിന്നോ... ഈ വസന്ത മോനും പകരും..."

മത്തൻ മാതാവിന്റെ സമീപത്തു വന്നിരുന്നു.

"മോൻ...മോൻ ജീവിക്കണം എന്റെ തങ്കക്കുടം മരിക്കാൻപാടില്ല. പക്ഷെ എനിക്കൊന്നും തേടുവാൻ കഴിഞ്ഞില്ല...നമ്മൾ ഭാഗ്യമില്ലാത്തവരാ; അല്ലെങ്കി മോൻ ആരുമില്ലാത്തവനായി തീരുകയില്ലായിരുന്നു...നിന്റെ അപ്പൻ ഇന്നുണ്ടായിരുന്നെങ്കി... ഞാനോ നീയോ ഇത്ര വെഷമിക്കേണ്ടാരുന്നു. അതിയാൻ കൊറച്ചു നാൾമുൻപു് നമ്മെ ഉപേക്ഷിച്ചുപോയി..."

മാത്തൻ പൊട്ടിക്കരഞ്ഞു.

"മോനേ, കരേല്ലെ. അതിയാൻ എവിടെയാണെന്നുപോലും എനിക്കറിവില്ല. ജീവിച്ചിരിക്കുന്നെങ്കിൽ ഇതിനകം വന്നേനെ..." മറിയയുടെ തൊണ്ട ഇടറി. ബാഷ്പകണങ്ങൾ ഉരുണ്ടുരുണ്ടു വീണുതുടങ്ങി. ശുഷ്കിച്ച അവരുടെ വിരലുകൾ മകന്റെ എണ്ണമയമില്ലാത്ത മുടി ഒതുക്കിവച്ചു വൃത്തിയാക്കാൻ ശ്രമിക്കുന്നതിനിടയിൽ അവർ പറഞ്ഞു: "മോനേ, എന്റെ എല്ലാ ആശയും തകന്നു. എന്റെ മോനു തരുവാൻ എന്റെ കൈയിൽ ഒന്നുമില്ല. എന്നാൽ എനിക്കു തരുവാൻ നിന്റെ കൈവശം പലതും ഉണ്ടു്.... ..."

മത്തൻ വിവശനായി. അവൻ കൈമലത്തി അവന്റെ കഴിവുകുറവു വ്യക്തമാക്കി.

"മോനേ, എനിക്കു പണമൊന്നും നീ തരണ്ടാ. പണത്തിനുവേണ്ടിയും പണംകൊണ്ടും ജീവിക്കാവുന്ന ലോകം ഇതാണു കുഞ്ഞേ. പക്ഷെ ശാശ്വതമായ സമാധാനം കൈവരുന്ന ഒരു ലോകം, അതാണു് ക്രിസ്ത്യാനികളായ നമ്മുടെ ലക്ഷ്യം. ആ ലോകത്തിൽ പണത്തിനു വിലയില്ല; പക്ഷെ ഒന്നു വേണം, പ്രാർത്ഥന; അതുമാത്രം മതി. എനിക്കുവേണ്ടിയുള്ള ആ കുഴിമാടത്തിൽ ഒരിക്കലെങ്കിലും നീ വന്നെത്തണേ. എനിക്കുവേണ്ടി പ്രാർത്ഥിക്കണേ. ഒരുനാൾ നീയും ഈ കുഴിമാടത്തിൽ വന്നണയും... അന്നു നിന്റെ കുഴിമാടത്തിലും പിൻതലമുറ ആരെങ്കിലും വരാതിരിക്കില്ല മോനേ......"

മറിയ പിന്നെ അനങ്ങിയില്ല. യാതൊരു ചാപല്യവും കാട്ടാതെ സ്വമനസ്സാലെ ജീവൻ ദൈവത്തിങ്കലേക്കർപ്പിച്ചു.

വിവശനായ മത്തൻ ബോധരഹിതനായി നിലത്തുവീണു.

അല്പസമയത്തിനുശേഷം ഒരു സംഘം സ്ത്രീപുരുഷന്മാർ ആ കുടിലിൽ വന്നെത്തി. ജീവിക്കാൻവേണ്ടി പട്ടണം മുഴുവൻ കുനിഞ്ഞു നടന്നുകൊണ്ടുമാത്രം ജോലിചെയ്യുന്ന കുറേ മനുഷ്യർ! അവരുടെ നിസ്വാർത്ഥമായ സേവനത്താൽ ആ അഗതിയുടെ ശരീരം വൃത്തിയാക്കി ക്രിസ്തീയമര്യാദപ്രകാരം പട്ടണത്തിൽ സ്ഥിതിചെയ്യുന്ന സിമിത്തേരിയിൽ അടക്കംചെയ്തു.

X X X

ഇതെല്ലാം മൂന്നു വർഷത്തിനു മൻപു നടന്ന സംഭവങ്ങളായിരുന്നു.

വേദനയുടെ പുളിപുളിപ്പുള്ള ഓർമ്മകളിൽനിന്നും മത്തൻ എഴുന്നേററു.

മരിച്ചവിശ്വാസികളുടെ ഓർമ്മയ്ക്കായി പ്രത്യേകം മാററിവച്ചിരിക്കുന്ന ഒരു മാസമായിരുന്നു. മത്തന്റെ കവിളുകളിൽ കണ്ണുനീർ ഒഴുകിപ്പോയ പാടുകൾ ഇന്നും വ്യക്തമായി കാണാം.

എങ്ങും കൂരിരുട്ട പടന്നു പന്തലിച്ചുകഴിഞ്ഞു. മൂകമായ ഭാഷയിൽ ശ്മശാനത്തിലെ ഓരോ "തലയോട്ടും" ലോകത്തോടു സംസാരിക്കുകയാണു: "ഞങ്ങളെ ദിവസത്തിൽ ഒരിക്കലെങ്കിലുംനിങ്ങളുടെ പ്രാർത്ഥനയിൽ ഓക്കുമോ? ഞങ്ങളുടെ ഭിക്ഷാപാത്രത്തിൽ പ്രാർത്ഥനയാകുന്ന അപ്പക്കഷണങ്ങൾതന്നു് ഞങ്ങളുടെ ആത്മാവിന്റെ വിശപ്പും ദാഹവും നിങ്ങൾ ശമിപ്പിക്കുമോ? നിങ്ങളും ഒരുനാൾ ഈ ശ്മശാനത്തിലെ മണ്ണിൽ എന്നേക്കുമായി അന്തിയുറങ്ങേണ്ടുന്നവരാണു് എന്ന കാര്യം മറക്കരുതേ! അന്നു നിങ്ങളെക്കുറിച്ചു നിങ്ങളുടെ പിൻമുറക്കാർ ഓക്കുവാൻവേണ്ടി ഇന്നു ഞങ്ങളെ നിങ്ങൾ ഓക്കുക."

മത്തന്റെ ഹൃദയത്തിൽക്കൂടി ഒരു തണുത്ത കാററു് പറന്നുപോയി. വർഷങ്ങൾക്കുമൻപു് അവന്റെ പ്രിയപ്പെട്ട മാതാവു് അന്ത്യമായി അവനെ തഴുകി താലോലിച്ച ഒരനുഭൂതി അവനപ്പോഴുണ്ടായി. പുഞ്ചിരിയും ആഹ്ളാദവും നിറഞ്ഞ ഹൃദയത്തോടെ, കത്തവ്യങ്ങൾ മുഴുമിപ്പിച്ച ഒരു പുത്രന്റെ അഭിമാനത്തോടെ മത്തൻ ശ്മശാനത്തിൽനിന്നും മന്ദം മന്ദം നീങ്ങി, അവന്റെ ചെററക്കുടിലിലേക്കു്.

—o—

## കൃതജ്ഞത

വി. പത്താം പീയൂസിന്റെ മാദ്ധ്യസ്ഥത്താലും ബ. അൽഫോൻസാമ്മയുടെ സഹായത്താലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് കൃതജ്ഞത.

Mrs. Mariakutty Joseph
C/o Late Joseph A Akkara
Ollur

കമ്മ്യൂണിസം കുഴൽക്കണ്ണാടിയിൽ

# ക്രൂഷേവിന്റെ പ്രസംഗം ഒരാളിച്ചുകളിയല്ലേ?

(നിരീക്ഷകൻ)

റഷ്യയിൽ കമ്മ്യൂണിസ്റ്റ്ഭരണം വന്നിട്ട് 40 കൊല്ലം തികഞ്ഞ മഹാമഹം യഥായോഗ്യം കൊണ്ടാടുന്നതിനു് നവമ്പർ 6-ാം തിയതി യു. എസ്. എസ്. ആറിലെ സുപ്രീംസോവ്യററിന്റെ ഒരു ജൂബിലിസമ്മേളനം നടത്തപ്പെട്ടു. ചതുർദശവത്സരനേട്ടങ്ങളെ കൊട്ടിഘോഷിച്ച ഒരു പ്രസംഗമായിരുന്നു അതിൽ ക്രൂഷേവ് നിർവ്വഹിച്ചതു്. വിവിധ രംഗങ്ങളിൽ കൈവന്നിട്ടുള്ള നേട്ടങ്ങളെ പട്ടികപട്ടികയായി പൊതുജനങ്ങളുടെ മുമ്പിൽ അദ്ദേഹം നിരത്തിവച്ചു. നേട്ടങ്ങളുടെ ഈ പട്ടികയിലേക്കു കണ്ണോടിക്കുന്ന ഏവനും അന്ധാളിച്ചു സ്വയം ചോദിച്ചുപോകും, ഇത്ര പുരോഗമനപരമായ ഒരു വ്യവസ്ഥിതിയെയാണോ ഈ "വിരുദ്ധന്മാർ" കുററം പറയുന്നതെന്നു്! നമ്മുടെ നാട്ടിൻപുറങ്ങളിൽ ചില ശുദ്ധഗതിക്കാരില്ലേ, ചില കമ്മ്യൂണിസ്റ്റ്പത്രങ്ങൾ വായിച്ചു് അവയിൽ പറയുന്നതെല്ലാം പച്ചപ്പരമാത്ഥങ്ങളാണെന്നു വിശ്വസിച്ചു് കമ്മ്യൂണിസ്റ്റേതരവിഭാഗക്കാരെ തുറിച്ചുനോക്കുന്നവരായിട്ടു്? അതുപോലെതന്നെ. കമ്മ്യൂണിസ്റ്റ് റഷ്യയിൽ ചില രംഗങ്ങളിൽ ഏറെക്കുറെ പുരോഗതിയുണ്ടായിട്ടുണ്ടു്. ക്രൂഷേവുതന്നെ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ എടുത്തുകാണിച്ച അത്തരമൊരു രംഗമാണു് അവിടത്തെ ഘനവ്യവസായം. പക്ഷെ അദ്ദേഹം തെളിച്ചുപറഞ്ഞുവോ, ഈ നേട്ടത്തിനുവേണ്ടി സോവ്യററുയൂണിയനിൽ നിർബന്ധവ്യവസായപ്രവത്തനപദ്ധതിയുടെ ഇരുമ്പുമുഷ്ടിയിൽ എത്രയെത്ര മനുഷ്യജീവൻ ഞെരിഞ്ഞു തരിപ്പണമായിപ്പോയിട്ടുണ്ടെന്നു്? അതു ഭയാനകമായ ഒരു ചിത്രമായിരിക്കും. ഘനവ്യവസായത്തെ പുരോഗമിപ്പിച്ചു് നശീകരായുധോപകരണങ്ങൾ കുന്നുകൂട്ടുന്നതിനുവേണ്ടി പാവപ്പെട്ടവന്റെ രക്തമാണു് ഊററിയെടുത്തതു്; അവന്റെ വിശപ്പടക്കാനുള്ള വിഭവങ്ങളാണു് കരകടത്തിയതു്. ചില സ്ഥിതിവിവരക്കണക്കുകളിലേക്കു തന്നെ നമുക്കൊന്നെത്തിനോക്കാം. സാമ്രാജ്യമോഹികളായ ബൂർഷ്വാകളുടേതല്ല, വിരുദ്ധന്മാരായ പിന്തിരിപ്പന്മാരുടേതുമല്ല, കമ്മ്യൂണിസ്റ്റ് ഔദ്യോഗികരേഖകളിൽ കാണുന്നവതന്നെയെടുത്തുനോക്കാം.

ക്രൂഷേവ് എടുത്തുകാണിച്ച കണക്കുകൾ:- 1913 മുതൽ 1956 വരെയുള്ള ഉല്പാദനക്കണക്കനുസരിച്ചുള്ള വർദ്ധനവു്: ഉരുക്കു് 785 ശതമാനം; കൽക്കരി 1022 ശതമാനം; എണ്ണ 535 ശതമാനം; പഞ്ഞി 60 ശതമാനം; രോമംകൊണ്ടുള്ള ഉപയോഗസാധനങ്ങൾ 85 ശതമാനം. 1913 ൽ 33·3 ശതമാനമായിരുന്ന ഘനവ്യവസായോല്പന്നങ്ങൾ 1956 ൽ 70·8 ശതമാനമായി വർദ്ധിച്ചു. എന്നാൽ ഇപ്പോഴും ഭക്ഷ്യവിഭവോല്പാദനം മൊത്തത്തിലുള്ള വ്യവസായോല്പന്നങ്ങളുടെ 20 ശതമാനംമാത്രമേ വരുന്നുള്ളു.

ക്രൂഷേവ് പൊതിഞ്ഞുവച്ച കണക്കുകൾ:- മനുഷ്യജീവിതത്തിനു ഏററം കൂടുതൽ ആവശ്യമായ ഭക്ഷ്യവിഭവങ്ങളുടെ കാര്യത്തിൽ റഷ്യ എത്രമാത്രം പുറകിലാണു നില്ക്കുന്നതെന്നു മററു രാജ്യങ്ങളിലെ ചില കണക്കുകളോടു് അവ ഒന്നു തുലനംചെയ്തു നോക്കിയാൽ സ്പഷ്ടമാകുന്നതാണു്. 1955-ൽ തുല്യസാദ്ധ്യതകളുള്ള ഒരു വ്യവസായമായ പഞ്ചസാരഉല്പാദനത്തിൽ ആളാംപ്രതി ഫ്രാൻസിൽ ഉണ്ടായിരുന്നതു് 33·8 കിലോഗ്രാം; പശ്ചിമജർമ്മനിയിൽ 22·9 കിലോഗ്രാം; സോവ്യററുയൂണിയനിലോ 17·3 കിലോഗ്രാംമാത്രം. അമേരിക്കയിൽ ആളാംപ്രതി 172 കാൻ ഭക്ഷ്യവിഭവങ്ങൾ ഉല്പാദിപ്പിച്ചപ്പോൾ റഷ്യയുടെ ഉല്പാദനം 16 കാൻമാത്രം. അമേരിക്കയിൽ ആളാംപ്രതി മാംസോല്പാദനം 102·3 കിലോഗ്രാം; ഫ്രാൻസിന്റേതു് 62 കിലോഗ്രാം; റഷ്യയുടേതോ 32·3 കിലോഗ്രാംമാത്രം. ക്രൂഷേവ് കൗശലപൂർവ്വം ശബ്ദിക്കാതിരുന്ന മറെറാരു കാര്യമാണു് റഷ്യയിലെ കൃഷിഭൂമിയേയും വാസസ്ഥലത്തേയും സംബന്ധിക്കുന്ന കണക്കു്. 1913 ലേതിൽനിന്നു ഇന്നുവരെ ആളാംപ്രതി കൃഷിഭൂമിയുടെ വർദ്ധനവു് ·03 ഹെക്ടർമാത്രമാണു്. ധാന്യോല്പാദനം 1913-ൽ 5·04 സെൻറനേഴ്സ് ആയിരുന്നതു് 1956-ൽ ആളോഹരി 5·6 സെൻറനേഴ്സ്തന്നെ. നഗരങ്ങളിലെ വാസസ്ഥലത്തെസംബന്ധിച്ചു് 1913-ൽ ആളൊന്നിനു 9 ചതുരശ്രമീററർ ഉണ്ടായിരുന്നതു് 7·3 ചതുരശ്രമീറററായി ചുരുങ്ങി. റഷ്യയിലെ ജനസംഖ്യയെ സംബന്ധിച്ചു് ക്രൂഷേവു മിണ്ടിയില്ല. 1917-ൽ കമ്മ്യൂണിസ്റ്റ്ഭരണം വരുന്നതിനുമുമ്പുള്ള 40 വർഷത്തിലെ ജനസംഖ്യാവർദ്ധനവു് 650 ലക്ഷമായിരുന്നു—അതായതു് ജനസംഖ്യയുടെ 65 ശതമാനം. 1917 മുതൽ 40 കൊല്ലത്തെ വർദ്ധനവു് 460 ലക്ഷം—അതായതു് 29 ശതമാനംമാത്രം. അതേകാലഘട്ടങ്ങളിൽ അമേരിക്കയിലെ ജനസംഖ്യാവർദ്ധനവു് 52 ശതമാനവും 69 ശതമാനവുമാണു്. റഷ്യയുടെ പുരോഗതി നേരെ എതിരെ കീഴോട്ടാണെന്നു കാണിക്കുന്ന പ്രമാണരേഖകളാണിവയോരോന്നും.

ഈ വിവരങ്ങൾ കൺമുമ്പിൽ വച്ചുകൊണ്ടു് സുപ്രീംസോവ്യററിന്റെ പ്രസ്താവനകളേയും ക്രൂഷേവിന്റെ വീമ്പിളക്കലുകളേയും സൂക്ഷ്മദൃക്കുകൾ പരിശോധിക്കട്ടെ. സെൻട്രൽ കമ്മിററിറിപ്പോർട്ടിൽ പറയുന്നു: "കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ പ്രവത്തനങ്ങളെ നിയന്ത്രിക്കുന്ന സവ്വപ്രധാനമായ നിയമം ജനങ്ങളുടെ ക്ഷേമത്തിലുള്ള വ്യഗ്രതയാണു്" (Partiinaya Zhizn, No. 18, 1957, pp. 17) ക്രൂഷേവ് ജൂബിലി സമ്മേളനപ്രസംഗത്തിൽ പ്രഖ്യാപിച്ചതിപ്രകാരമാണു്: "ഒരു നവജീവൻ കെട്ടിപ്പടുക്കുന്നതിൽ വന്നുപോയിട്ടുള്ള തെററുകളേയും നോട്ടക്കുറവുകളേയും തൊഴിലാളിവഗ്ഗത്തിൽനിന്നു മൂടിവച്ചിട്ടോ, ഒളിച്ചുവച്ചിട്ടോ ആവശ്യമൊന്നുമില്ല" (Radio Moscow, November 6, 1957) അദ്ദേഹം വീണ്ടും പറയുന്നു: "സോവ്യററുയൂണിയനിൽ ലെനിന്റെ ദേശീകരണനയം ഇടതടവില്ലാതെ പ്രയോഗിച്ചുകൊണ്ടിരുന്നതിന്റെ ഫലമായി, ചരിത്രത്തിൽ ഇദംപ്രഥമമായി ജനവിഭാഗങ്ങൾ തമ്മിലുള്ള സൗഹൃദബന്ധം ദൃഢീകരിക്കുന്നതിനും, രാജ്യങ്ങൾ തമ്മിലുള്ള സാമ്പത്തികവും സാംസ്കാരികവുമായ അസമതകൾ ദൂരീകരിക്കുന്ന പ്രശ്നത്തിനു പരിഹാരം കണ്ടെത്തുന്നതിനും സാധിച്ചിരിക്കുന്നു" (Radio Moscow, November 6, 957) സോവ്യററുറഷ്യയുടെ ഒന്നാംകിടനേതാക്കന്മാർ ഔദ്യോഗികമായി ചെയ്യുന്ന പ്രസ്താവനകളിൽ പരമാത്ഥത എത്രമാത്രമുണ്ടെന്നു ഇവയിൽനിന്നെല്ലാം തെളിയുന്നുണ്ടല്ലോ. ലോകജനതയെ വഞ്ചിക്കുന്നതിനുള്ള ഒരാളിച്ചുകളിയല്ല ഇതെങ്കിൽ പിന്നെന്താണു് അതിനു പേരുപറയുക. "കമ്മ്യൂണിസ്റ്റ് വഞ്ചന"യെന്നു അതിനു പ്രസിദ്ധിച്ചുകഴിഞ്ഞിട്ടുള്ള പദംതന്നെ ബഹുമാനപൂർവ്വം നമുക്കുപയോഗിക്കാം.

—o—

## സ്പാനിഷ്വൈദികന്റെ അത്ഭുതസുഖപ്രാപ്തി

ഒരു സ്പാനിഷ്വൈദികനായ ഫാദർ ജസിന്റോ ഗാരിഡോ കഴിഞ്ഞ ആഗസ്റ്റു മാസത്തിൽ ഒരു കാറപകടത്തിൽപ്പെട്ടു പരുക്കേററതുമൂലം അദ്ദേഹത്തിന്റെ ഇടത്തു കൈ അന്നുമുതൽ നിവത്തുന്നതിനു സാധിച്ചിരുന്നില്ല ഈയിടെ ഫാത്തിമാസന്ദർശിച്ച സ്പാനിഷ് തീത്ഥകരോടുകൂടി അദ്ദേഹവും ഉണ്ടായിരുന്നു. ഫാത്തിമായിലെ പരിശുദ്ധ ദൈവജനനിയുടെ അൾത്താരയിൽ അദ്ദേഹം ദിവ്യബലി യപ്പിച്ചുകൊണ്ടിരിക്കെ, വിശുദ്ധ കുർബാന ഉയത്തിയപ്പോൾ ഇരുകരങ്ങളും അത്ഭുതകരമായി ഒരുപോലെ നിവത്തുന്നതായി ജനങ്ങൾ കണ്ടു. കുർബാനയുടെ അവസാനത്തിൽ ദൈവമാതാവിനു ഈ അനുഗ്രഹത്തിനു കൃതജ്ഞതയായി മൂന്നു "നന്മനിറഞ്ഞ മറിയം" എന്ന ജപം ചൊല്ലുവാൻ അദ്ദേഹം ജനങ്ങളോടഭ്യത്ഥിച്ചു.

# ലോകത്തിൻ്റെ വഴിത്തിരിവിൽ നമ്മുടെ കർത്തവ്യം

(അപ്രേം പുതുശ്ശേരി)

ആധുനികലോകം ഈശ്വരാസ്തികൃബോധവും മനുഷ്യവ്യക്തിയുടെ മാഹാത്മ്യവും അവൻ്റെ ജീവൻ്റെ പാവനതയും പാടേ അവഗണിക്കുന്നു. ഇന്നത്തെ ഒരു വലിയ വിപത്തു് അതാണ്. ഭൗതികതത്വശാസ്ത്രത്തിൻ്റെ മാനദണ്ഡവും അതുതന്നെയാകുന്നു. ഭൗതികമായ ക്ഷേമമാണ് മനുഷ്യജീവിതത്തിൻ്റെ സർവ്വവുമത്രെ. വ്യക്തി സമുദായത്തിനുവേണ്ടി എന്ന തത്വമാണ് എവിടെയും പ്രചരിച്ചുകൊണ്ടിരിക്കുന്നതു്. ഒരു മനുഷ്യവ്യക്തി സമുദായത്തിനു ഭാരമെങ്കിൽ അവനെ "ലിക്വിഡേററു" ചെയ്യാം. വൃദ്ധന്മാരേയും, രോഗികളേയും, അംഗഭംഗമുള്ളവരേയും "മേഴ്സികില്ലിംഗ്" പദ്ധതിക്കു വിധേയരാക്കാം. ജീവിക്കുന്ന വിഭാഗത്തിൻ്റെ സുഖത്തിനുവേണ്ടി ശിശുവധം, ജനനനിരോധനം മുതലായവ സ്വീകാര്യമാണ്. മനുഷ്യോചിതമല്ലാത്ത തത്വങ്ങളാണു ഇവകൾ.

ആധുനികലോകം ശാസ്ത്രീയമായും വളരെയധികം പുരോഗതി നേടിയിട്ടുണ്ടു്. അടുത്തകാലത്തായി ഈ പുരോഗതിയുടെ തോതു അത്യധികം ദ്രുതഗതിയിലായി അതുകൊണ്ടു് മനുഷ്യൻ അമ്പരന്നുകൊള്ളുകയാണ്. കണ്ടുപിടുത്തങ്ങളുടെ ഈ യുഗത്തിൽ അന്തരിക്ഷത്തിൽ ആധിപത്യം സ്ഥാപിക്കാനുള്ള ശാസ്ത്രജ്ഞന്മാരുടെ ശ്രമങ്ങൾ ലോകജനതയുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രമായിട്ടുണ്ടു്. അങ്ങനെ പല ലോകങ്ങളുടെ അധിപനായിത്തീരാൻ മനുഷ്യൻ യത്നിക്കുകയാണ്. ശാസ്ത്രത്തിൻ്റെ പുരോഗതിക്കു അജ്ഞതയുടെ ഇരുളടഞ്ഞ ഉള്ളറകളിൽ വിജ്ഞാനത്തിൻ്റെ കതിർ പരത്തുവാൻ സാധിക്കുന്നു. ശാസ്ത്രപുരോഗതിയിൽ മതിമയങ്ങി അതിൻ്റെ പ്രവർത്തനസീമയ്ക്കപ്പുറമൊന്നുമില്ല എന്നു പറയുന്നിടത്താണ് ലോകം നാശത്തിലേക്കുള്ള വഴിക്കു തിരിഞ്ഞുപോകുന്നതു്. ശാസ്ത്രത്തിനു അറിവിൻ്റെ ഈ ഉടുവയ്പുകളെല്ലാം അട്ടിപ്പേറായി ഒഴിഞ്ഞുകൊടുക്കുന്നതിലാണ് യഥാർത്ഥ അപകടം മനുഷ്യൻ കാണേണ്ടതു്.

അങ്ങനെ ഭൗതികതത്വശാസ്ത്രവും അബദ്ധസിദ്ധാന്തങ്ങളും ശാസ്ത്രീയപുരോഗതിയും ലോകത്തെ ഇന്നു വിധിയുടെ ഒരു വഴിത്തിരിവിൽ കൊണ്ടെത്തിച്ചിരിക്കുകയാണ്. ഇവിടെനിന്നാണ് യഥാർത്ഥമായ രക്ഷയുടെ മാർഗ്ഗത്തിലേക്കും പരിപൂർണ്ണമായ നാശത്തിലേക്കുമുള്ള വഴികൾ തിരിഞ്ഞുപോകുന്നതു്. നിരീശ്വരശക്തികളുടെ സ്വാധീനത ഈ രണ്ടു മാർഗ്ഗങ്ങൾ തമ്മിൽ തിരിച്ചറിയാൻ കഴിയാത്തവിധത്തിൽ മനുഷ്യൻ്റെ മനസ്സിൽ സംശയങ്ങൾ ഉളവാക്കിക്കൊണ്ടിരിക്കുന്നു. ഈശ്വരാസ്തികൃബോധവും മനുഷ്യവ്യക്തിയുടെ മാഹാത്മ്യവും അവൻ്റെ ജീവൻ്റെ പാവനതയും അംഗീകരിക്കാൻ തുടങ്ങുമ്പോൾമാത്രമേ യഥാർത്ഥമായ രക്ഷയുടെ മാർഗ്ഗം മനുഷ്യനു മനസ്സിലാക്കാൻ കഴിയുകയുള്ളു. ഈശ്വരവിശ്വാസികൾക്കാണ് ഈ കർത്തവ്യത്തിൽ ലോകജനതയെ സഹായിക്കാൻ കഴിയുക.


ഭൗതികക്ഷേമത്തിലും ശാസ്ത്രപുരോഗതിയിലും അല്ല മനുഷ്യജീവൻ്റെ സർവ്വവും എന്നു മനുഷ്യനു ബോദ്ധ്യമാകണം. അപ്പോൾ മാത്രമേ യഥാർത്ഥമായ രക്ഷയുടേയും ആനന്ദത്തിൻ്റേയും മാർഗ്ഗം മനുഷ്യനു മനസ്സിലാക്കാൻ കഴിയുകയുള്ളൂ. ദൈവത്തിൻ്റെ അസ്തിത്വം, മനുഷ്യാത്മാവിൻ്റെ അമർത്ത്യത, മരണാനന്തരജീവിതം എന്നിവയെല്ലാം മനുഷ്യൻ സ്വീകരിക്കേണ്ട സനാതനതത്വങ്ങളാണ്. പക്ഷെ ഈശ്വരവിശ്വാസികൾപോലും ജീവിതവ്യഗ്രതയുടെ പേരിൽ അവയുടെനേരെ ഒരു അലസമനോഭാവം ഇന്നു കൈക്കൊള്ളുന്നുണ്ടു്. ഇതു ഭീമമായ അബദ്ധമാണ്. ഭൗതികമായും ശാസ്ത്രീയമായും എന്തെല്ലാം പുരോഗതി ലോകം നേടിയാലും മൗലികതത്വങ്ങളിൽ മാററംവരുത്തുവാൻ സാദ്ധ്യമല്ല. സകല മനുഷ്യരും ദൈവത്തിൻ്റെ സൃഷ്ടികളാണ്. "ഞാൻ സൃഷ്ടിച്ചുണ്ടാക്കിയ ഈ ഭൂമിയേയും ജീവികളേയും ഭരിച്ചുവാഴുവാൻ മനുഷ്യരെ സൃഷ്ടിക്കട്ടെ അവനെ ഞാൻ എൻ്റെ ഛായയിൽ ഉണ്ടാക്കും." ഭൂമിയിലെ പൊടിമണ്ണുകൊണ്ടു ദൈവം മനുഷ്യനെ ഉണ്ടാക്കി. സൃഷ്ടികർമ്മത്തിൽ അതിപ്രധാനമായ ഭാഗം ദൈവത്തിൻ്റെ അവസാനത്തെ പ്രവൃത്തിയാണ്. "ഒരിക്കലും മരിക്കുകയില്ലാത്ത ഒരു ആത്മാവിനെ ദൈവം അതിൽ നിശ്വസിച്ചു. അതുകൊണ്ടു എല്ലാ മനുഷ്യർക്കും ദൈവദത്തമായ ഒരാത്മാവുണ്ടു്. ആകയാൽ മനുഷ്യരുടെയെല്ലാം ജീവിതലക്ഷ്യം നിത്യജീവൻ പ്രാപിക്കുകയെന്നുള്ളതാണ്. ഭൗതികവും ശാസ്ത്രീയവുമായ പുരോഗതിക്കു മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധം ഇല്ലാതാക്കുവാൻ നിവൃത്തിയില്ല. ആ നിലയിൽ മനുഷ്യരെല്ലാം സമന്മാരാണ്. അവൻ്റെ വ്യക്തിമാഹാത്മ്യത്തിനും ജീവിതലക്ഷ്യത്തിനും ഏതുകാലത്തും മാററം ഭവിക്കുന്നില്ല. ഇതു നല്ലപോലെ നാം മനസ്സിലാക്കണം. ശാസ്ത്രീയവും സാമ്പത്തികവുമായ വ്യതിയാനങ്ങളോ പുരോഗതിയോ ഈശ്വരാസ്തികൃത്തെ തെളിയിക്കുന്നതും, അവൻ്റെ വ്യക്തിത്വത്തെ ആദരിക്കുന്നതും, ജീവിതലക്ഷ്യത്തിൻ്റെ സാക്ഷാല്ക്കാരത്തിനു സഹായിക്കുന്നതുമായിരിക്കണം. മാത്രമല്ല, മനുഷ്യൻ്റെ പുരോഗതിയെ ത്വരിപ്പിക്കുന്നതിനും പോരുന്നതായിരിക്കണം. മൗലികപ്രമാണങ്ങൾ അവഗണിക്കപ്പെട്ടപ്പോൾ അബദ്ധജഡിലമായ തത്വങ്ങൾ പകരം പ്രചരിക്കുന്നു. അതുകൊണ്ടു ആധുനികലോകത്തിൽ ഈ കർത്തവ്യബോധം ഏററമധികം ഗൗരവാവഹവും അടിയന്തിരവുമായി പരിണമിച്ചിരിക്കുന്നു.

ഭൂമിയെ ഭരിച്ചു വാഴുവാൻ ദൈവം മനുഷ്യനെ സൃഷ്ടിച്ചു. അതുകൊണ്ടു ജീവജാലശൃംഖലയുടെ ആദ്യത്തെ കണ്ണി മനുഷ്യവ്യക്തിയാണ്. അവൻ്റെ ജീവൻ്റെ പാവനതയെ ആധുനികലോകം അംഗീകരിക്കണം. അതായിരിക്കണം ഏതൊരു പുരോഗതിയിലേയും ഒന്നാമത്തെ മൗലികതത്വം. ഒരു മനുഷ്യവ്യക്തിക്കു അവൻ്റെ ജീവൻ്റെമേൽ അലംഘനീയമായ അവകാശമുണ്ടു്. ഇതു ഒരു ഉദാഹരണംമൂലം കൂടുതൽ വിശദമാക്കാം. ഗർഭസ്ഥിതമായ ഒരു ശിശു അതു് ഇനിയും ഭൂമിയിൽ ജനിച്ചിട്ടില്ല. എങ്കിലും അതു ഒരു മനുഷ്യജീവിയാണ്. അതുകൊണ്ടു് അതിനു അതിൻ്റെ അമ്മയ്ക്കുള്ളിടത്തോളംതന്നെ അവകാശവും അർഹതയും ജീവിക്കുന്നതിനുണ്ടു്. അപകടസ്ഥിതിയിൽ രണ്ടിനേയും രക്ഷിക്കുവാൻ പരമാവധി ശ്രമം ചെയ്യണം. മനുഷ്യജീവൻ്റെ പാവനതയല്ലെ ഇതു തെളിയിക്കുന്നതു്. ഗർഭസ്ഥിതമായ ഒരു ശിശുവിൽപോലും അതിൻ്റെ അവകാശങ്ങൾ എത്ര അലംഘനീയങ്ങളാണ്.

ആത്മീയമൂല്യങ്ങളിലെ മൗലികതത്വങ്ങളെ ലോകം അംഗീകരിക്കാൻ തുടങ്ങുമ്പോൾ മാത്രമേ രക്ഷയുടെ മാർഗ്ഗം മനുഷ്യനു മനസ്സിലാക്കാൻ കഴിയുകയുള്ളൂ. ധാർമ്മികമൂല്യങ്ങളെ പിൻതുടരുന്ന ഈശ്വരവിശ്വാസികൾക്കല്ലാതെ മററാർക്കാണ് ഈ കർത്തവ്യബോധത്തിൽ ലോകജനതയെ സഹായിക്കുവാൻ കഴിയുക? ഈശ്വരവിശ്വാസികൾക്കു തീർച്ചയായും സ്വന്തം മാതൃകകൾകൊണ്ടു മററുള്ളവരെ പഠിപ്പിക്കാൻ കഴിയും. മാററംവരാത്ത മൗലികതത്വങ്ങൾ അംഗീകരിക്കാൻ സാധാരണജനങ്ങളെ സഹായിക്കേണ്ട കർത്തവ്യം ഈശ്വരവിശ്വാസികൾ സ്വയം ഏറെറടുക്കേണ്ട സമയം സമാഗതമായിരിക്കുന്നു. ഇതിലാണ് ആധുനികലോകത്തിൻ്റെ ഭാവി മുഴുവനും സ്ഥിതിചെയ്യുന്നതെന്നു പറയാം.

(8-ാംപേജ് തുടർച്ച)

പ്രയോഗിച്ചുകൊണ്ടുള്ള ഒരു മഹായുദ്ധം ഉണ്ടാകുമെന്നും ഇതുമൂലം ചില രാജ്യങ്ങൾ നാമാവശേഷമാക്കപ്പെടുമെന്നും മററു ചില രാജ്യങ്ങൾ ഈ യുദ്ധത്തെ അതിജീവിച്ചു് നിലനില്ക്കുമെന്നും ഉള്ള അനുമാനത്തിനുകൂടുതൽസാദ്ധ്യതയുള്ളതായി വിചാരിക്കാം. എന്തായാലും ഇങ്ങിനെ ഒരു രഹസ്യക്കത്തു സൂക്ഷിച്ചിരിക്കുകയും 1960-ൽ മാത്രം അതു പ്രസിദ്ധപ്പെടുത്തുന്നതാണെന്നു് അറിയിക്കുകയും ചെയ്തിരിക്കുന്ന സ്ഥിതിക്കു് 1960-ഓടടുത്ത കാലഘട്ടത്തിൽ എന്തോ വലിയ വിപത്തു സംഭവിക്കാനിരിക്കുന്നുവെന്നും ലോകം അതിനെ അഭിമുഖീകരിക്കാൻ തയ്യാറാകേണ്ടതു ആവശ്യമാണെന്നും ന്യായമായി അനുമാനിക്കാവുന്നതാണ്.




ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

മേരി സലിൻ വർഗ്ഗീസ്
ചുങ്കത്തു് ഹൗസ്, കോട്ടപ്പടി

## ഇടവകവാർത്തകൾ

**അയ്യന്തോൾ:** ഈ പള്ളി വികാരിയും, തൃശ്ശൂർ സെൻറ് തോമസ് ഹൈസ്കൂളിലെ അദ്ധ്യാപകനുമായ റവ. ഫാദർ ജേക്കബ് അടമ്പുകുളം അവർകളുടെ പൗരോഹിത്യരജതജൂബിലി നവമ്പർ 15-ാംനു അയ്യന്തോൾ പള്ളിയിൽ സാഘോഷം കൊണ്ടാടുകയുണ്ടായി. മരിയൻസൊഡാലിററി അംഗങ്ങൾ 17-ാംനു ഞായറാഴ്ച ജൂബിലേറിയനു് ഒരു സ്വീകരണം നൽകുകയുണ്ടായി. അനുമോദനയോഗത്തിൽ ശ്രീ കെ ടി പൊറിഞ്ചു, ശ്രീ എം വി കൊച്ചപ്പൻ, ശ്രീ കെ ഒ റപ്പായി, ശ്രീമതി കെ പി റോസ എന്നിവർ പ്രസംഗിച്ചു. അനുമോദനങ്ങൾക്കു ജൂബിലേറിയൻ സമുചിതമായ കൃതജ്ഞത പറഞ്ഞു.

**കരുവന്നൂർ:** തൃശ്ശൂർ സെൻറ് തോമസ് ഹൈസ്കൂൾ ഹെഡ്മാസ്റ്ററും ഇന്നാട്ടുകാരനുമായ റവ. ഫാദർ ആൻറണി തേലപ്പിള്ളി ബി എ ബി ടി യുടെ പൗരോഹിത്യരജതജൂബിലി നവംബർ 17-ാംനു ഇവിടെ സാഘോഷം കൊണ്ടാടിയിരിക്കുന്നു. പള്ളിയിൽവച്ചു നടന്ന ആദ്ധ്യാത്മിക ചടങ്ങുകൾക്കുശേഷം സാധുക്കൾക്കു് ബ. ജൂബിലേറിയൻ്റെ വക അന്നദാനം നടന്നു. ഉച്ചതിരിഞ്ഞു 4 മണിക്കു് റൈററ് റവ. മോൺ. സെബാസ്റ്റ്യൻ ചിറയത്തു് ജെ യു ഡി, ഡി പി അവർകളുടെ അദ്ധ്യക്ഷതയിൽ അനുമോദനയോഗം കൂടി. റവ ഫാദർ സെബാസ്റ്റ്യൻ വെള്ളാനിക്കാരൻ സ്വാഗതം ആശംസിച്ചു. വെരി റവ ഫാദർ ജസ്റ്റീനിയൻ ടി ഒ സി ഡി, മെ: ടി എൽ ആഗസ്തി, ടി എൽ ജോസഫ് ബി എ എന്നിവർ പ്രസംഗിച്ചു. ഇടവകക്കാർ മംഗളപത്രവും, മരിയസഖ്യാംഗങ്ങൾ ജ്ഞാനപൂക്കെട്ടും സമർപ്പിച്ചു. ശ്രീ ടി എ ആൻറണി ബി എ കൃതജ്ഞത പ്രകടിപ്പിച്ചു. ബാലികാബാലന്മാരുടെ വിവിധകലാപ്രകടനങ്ങളും സമ്മേളനാനന്തരം ശ്രീ കെ കെ തോമസ് ആൻറ് പാർട്ടിയുടെ "സൂസന്ന" എന്ന കഥയെ ആസ്പദിച്ചുള്ള കഥാകാലക്ഷേപവും ഉണ്ടായിരുന്നു.

**ആലുവാ:** ഇവിടെ പുതുതായി ആരംഭിക്കുന്ന മലങ്കര കാത്തലിക്കു് മിഷൻ ചാപ്പലിൻ്റെ ശിലാസ്ഥാപനകർമ്മം നവംബർ 21-ാംനു രാവിലെ 9 മണിക്കു് തിരുവല്ലാമെത്രാൻ റൈററ് റവ. സക്കറിയാസ് മാർ അത്തനാസിയോസു് തിരുമേനി നിർവ്വഹിച്ചിരിക്കുന്നു. തദവസരത്തിൽ മംഗലപ്പുഴ സെമ്മിനാരി റെക്ടർ വെരി റവ ഫാദർ മൈക്കൾ എയിഞ്ചൽ ഒ സി ഡി, വെരി റവ വി സി ഗീവർഗീസ് കോർ എപ്പിസ്കോപ്പാ ബി എ, റവ ഫാദർ ടി വി ജോൺ എം എ എൽ ടി മുതലായ വൈദികരും വൈദികവിദ്യാർത്ഥികളും പൊതുജനങ്ങളും സന്നിഹിതരായിരുന്നു. റവ ഫാദർ ടി വി ജോൺ അവർകളാണ് ഈ മിഷ്യൻ്റെ ചാർജ് വഹിക്കുന്നതു്.

**വട്ടതല:** സ്ഥലത്തെ ശ്രീ കെ ടി ചാണ്ടി അവർകളുടെ പുത്രി കുമാരി സൂസനും പെരുമാനൂർ സെൻറ് ജോർജ്ജ് പള്ളി ഇടവക പുതുമന ബാവു അവർകളുടെ പുത്രൻ ആൻറണിയും തമ്മിലുള്ള വിവാഹം 20-ാംനു പെരുമാനൂർ പള്ളിയിൽവെച്ചും, ശ്രീ കെ ടി പീററർ അവർകളുടെ പുത്രി കുമാരി മേരിയും പെരുമ്പള്ളി പള്ളി ഇടവക കുറുപ്പശേരി വറിയ്ത് അവർകളുടെ പുത്രൻ റാഫേലും തമ്മിലുള്ള വിവാഹം 20-ാംനു വട്ടതല സെൻറ് ആൻറണീസ് പള്ളിയിൽവെച്ചും നടന്നിരിക്കുന്നു.

**ചങ്ങനാശ്ശേരി:** ഈ അതിരൂപതയിലെ എം സി എസ് എൽ ശാഖാപ്രതിനിധികളുടെ ഒരു യോഗം കൺവീനർ ശ്രീ പി ഡി ആൻറണി ബി എസ്സ്സി അവർകളുടെ നോട്ടീസനുസരിച്ചു് നവംബർ 17-ാംനു ഞായറാഴ്ച ഉച്ചകഴിഞ്ഞു് 3 മണിക്കു് എസ് ബി കോളേജ്ഹാളിൽ സമ്മേളിച്ചു. വെരി റവ ഫാദർ കോൺസ്റ്റൻ്റയിൽ ടി ഒ സി ഡി ആദ്ധ്യക്ഷം വഹിച്ചു. അതിരൂപതാകൗൺസിലിലേക്കു് 13 പേരെ തെരഞ്ഞെടുത്തു. കൺവീനറായി ശ്രീ പി ഡി ആൻറണി ബി എസ്സ്സിയും ബോയ്സ്‌വിഭാഗം സെക്രട്ടറിയായി സിറിയക്കു് തെക്കത്തും, ഗേൾസ്‌വിഭാഗം സെക്രട്ടറിയായി കുമാരി പി എഫ് മേരിക്കുട്ടിയുമാണ് തിരിഞ്ഞെടുക്കപ്പെട്ടതു്. പ്രതിനിധിസമ്മേളനശേഷം പുതിയതായി തെരഞ്ഞെടുക്കപ്പെട്ട മാനേജിംഗ് കൗൺസിൽ കൺവീനറുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു സംഘടനയുടെ പുരോഗതിക്കാവശ്യമായ ചില പരിപാടികൾ ആസൂത്രണം ചെയ്തു. 5 മണിക്കു് സമ്മേളനം സമാപിച്ചു.

**കല്ലോററംകര:** ഈ പള്ളി വികാരി റവ ഫാദർ ജോസ് വി മഞ്ഞളി അവർകളുടെ പൗരോഹിത്യരജതജൂബിലി പ്രമാണിച്ചു് നവമ്പർ 15-ാംനു പള്ളിയിൽ തിരുക്കർമ്മങ്ങൾ നടന്നു. പിന്നീടു് പള്ളിയങ്കണത്തിൽവച്ചു് ഒരു പൊതുയോഗം റവ ഫാദർ ജോൺ ചിറമേൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. ശ്രീ ടി ഒ ആൻറണി, സ്വാഗതപ്രസംഗം നിർവ്വഹിച്ചു. റവ ഫാദർ പോൾ വാലിക്കോടത്തു്, ശ്രീ ടി ഒ പൈലപ്പൻ ബി എ ബി ടി, ശ്രീ ടി ഡി മാത്യു എന്നിവർ ജൂബിലേറിയനെ അനുമോദിച്ചുപ്രസംഗിച്ചു. ഇടവകക്കാരുടെ വകയായും, വിവിധ ഭക്തസംഘടനകൾ, വ്യക്തികൾ എന്നിവരുടെ വകയായും പാരിതോഷികങ്ങൾ ജൂബിലേറിയനു നൽകപ്പെട്ടു. ജൂബിലേറിയൻ മംഗളാശംസകൾക്കും ഉപഹാരങ്ങൾക്കും കൃതജ്ഞത പ്രകടിപ്പിച്ചു. ഇടയ്ക്കു ബാലികാബാലന്മാരുടെ കലാപരിപാടികളുണ്ടായിരുന്നു. സമ്മേളനാനന്തരം വളരെ സാധുക്കൾക്കു അന്നദാനം നടത്തപ്പെടുകയുണ്ടായി എന്നതു പ്രത്യേകം പ്രസ്താവ്യമാണ്.

—o—

## ചരമവാർത്തകൾ

**തോട്ടക്കര:** സ്ഥലത്തെ കൊച്ചുപറമ്പിൽ ശ്രീ മാണിയുടെ ഭാര്യ മറിയം 78-ാമത്തെ വയസ്സിൽ നവമ്പർ 10-ാംനു വെളുപ്പിനു 3 മണിക്കു് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ശവസംസ്കാരം പരേതയുടെ സഹോദരൻ വെരി റവ ഫാദർ മാത്യു വടക്കേൽ അവർകളുടെ പ്രധാനകാർമ്മികത്വത്തിലും പല ബ: വൈദികരുടെ സഹകരണത്തിലും ഒരു വൻപിച്ച ജനതതിയുടെ സാന്നിദ്ധ്യത്തിലും കോലടിപള്ളിയിൽ പ്രത്യേകം തയ്യാർചെയ്തിരുന്ന കല്ലറയിൽ നടത്തുകയുണ്ടായി.

**വാഴക്കുളം:** ആരക്കുഴ ഇടവക ശ്രീ കെ ഒ വറുഗീസ് കല്ലുങ്കൽ അവർകളുടെ ഭാര്യ അന്നക്കുട്ടി നവമ്പർ 9-ാംനു ശനിയാഴ്ച വൈകുന്നേരം 5-15 നു് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ശവസംസ്കാരം പിറേറദിവസം ഞായറാഴ്ച 3 മണിക്കു് സഹോദരനായ റവ ഫാദർ മാത്യു കല്ലുങ്കൽ അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ ആരക്കുഴപള്ളി സിമിത്തേരിയിൽ യഥാവിധി നടത്തപ്പെട്ടു.

**പള്ളുരുത്തി:** ആനാന്തുരുത്തിൽ ലോനൻ കുഞ്ഞുലോനൻ അവർകൾ നവമ്പർ 16-ാംനു ശനിയാഴ്ച രാത്രി നിര്യാതനായി ശവസംസ്കാരം 17-ാംനു ഞായറാഴ്ച നാലുമണിക്കു് റവ ഫാദർ പോൾ വടശേരി അവർകളുടെ പ്രധാനകാർമ്മികത്വത്തിലും പല പള്ളികളിലെ ദർശനസമൂഹങ്ങളുടേയും ഒരു വമ്പിച്ച ജനാവലിയുടേയും സാന്നിദ്ധ്യത്തിലും പള്ളുരുത്തി സെൻറ് മേരീസ് സിറിയൻ ചർച്ച് സിമിത്തേരിയിൽ യഥാവിധി നിർവ്വഹിക്കപ്പെട്ടു

R. I. P.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 31. ‖ 1957 NOVEMBER 27 ‖ No. 16


## കമ്മ്യൂണിസ്റ്റ്കാരായ കത്തോലിക്കർക്കുള്ള മഹറോൻ

കമ്മ്യൂണിസം നിരീശ്വരപരവും ഭൗതികമാത്രവുമായ സിദ്ധാന്തങ്ങളിൽ അടിയുറപ്പിച്ചിട്ടുള്ള ഒരു തത്വമീമാംസയാണ്. പ്രസിദ്ധ പണ്ഡിതനായ മോൺ: ജെ. ഷീനിന്റെ ഭാഷയിൽ പറഞ്ഞാൽ അതു് "മത"മില്ലാത്ത ഒരു "മത"മാണ്. ഭൗതികമാത്രമായ അതിന്റെ തത്വശാസ്ത്രത്തിൽ ആദ്ധ്യാത്മികമായതെല്ലാം പാടെ നിഷേധിച്ചിരിക്കുകയാണ്. ദൈവം, മനുഷ്യാത്മാവ്, അനന്തരജീവിതം, നിത്യസൗഭാഗ്യം ഇവയെല്ലാം "സാമ്രാജ്യവാദികളുടെ മൂട്താങ്ങികളായ പുരോഹിതമൂരാച്ചി"കളുടെ "തട്ടിപ്പു"കളാണ്—സങ്കല്പസൃഷ്ടികളാണ്, കമ്മ്യൂണിസ്റ്റ്‌വേദാന്തത്തിൽ. തന്മൂലം അവരുടെ വേദാന്തത്തിൽ മതത്തിനു സ്ഥാനമില്ലെന്നുമാത്രമല്ല, ഭൗതികതത്വപ്രോക്തമായ അതു നൂറുശതമാനവും മതവിരുദ്ധവുമാണ്. ഈ വസ്തുത കമ്മ്യൂണിസത്തിന്റെ പിതാക്കന്മാരായ കാറൽമാർക്സും എംഗൽസും, അതിന്റെ ആചാര്യശ്രേഷ്ഠന്മാരായ ലെനിനും സ്റ്റാലിനുമെല്ലാം സുസ്പഷ്ടമായി പ്രഖ്യാപിച്ചിട്ടുള്ളതും അതിന്റെ ചരിത്രത്തിലെ കഴിഞ്ഞ നാല്പതുകൊല്ലത്തെ സംഭവപരമ്പരകൾ നിസ്സംശയം തെളിയിച്ചുകഴിഞ്ഞിട്ടുള്ളതുമാണ്. ഇതേപ്പററി ഈ പംക്തികളിൽ ഇടതടവില്ലാതെ പ്രതിപാദിച്ചിട്ടുള്ളതാകയാൽ ഉദ്ധരണികൾ ഇവിടെ എടുത്തു ചേർക്കേണ്ട ആവശ്യമില്ലല്ലോ. "മാർക്സിസത്തിന്റെ തത്വശാസ്ത്രപരമായ അടിസ്ഥാനം വൈരുദ്ധ്യാത്മകമായ ഭൗതികതത്വവാദമാണ്. ......ഈ ഭൗതികതത്വവാദം നിശ്ശേഷം നിരീശ്വരപരവും എല്ലാ മതങ്ങളോടും തീവ്രമായ എതിർപ്പുള്ളതുമാണ്" (Lenin Aeuvres, t. XV, p. 371) എന്നുള്ള ലെനിന്റെ വ്യക്തമായ പ്രസ്താവന മാത്രം ഒരുദാഹരണമായി എടുത്തു കാണിക്കുന്നു.

ഏതാദൃശമായ കമ്മ്യൂണിസ്റ്റ് സിദ്ധാന്തത്തോട് കത്തോലിക്കാസഭയ്ക്കു ഒത്തിണങ്ങിപ്പോകുവാൻ സാധിക്കുമെന്നു ആരെങ്കിലും പറഞ്ഞാൽ അതിനർത്ഥം അയാൾ കത്തോലിക്കാമതസിദ്ധാന്തങ്ങളുടെ "ഹരിശ്രീ"പോലും മനസ്സിലാക്കിയിട്ടില്ല എന്നുമാത്രമാണ്, ഈയിടെ ചില പത്രങ്ങളിൽ റിപ്പോർട്ടുചെയ്തിരുന്നതുപോലെ, ഒരു കമ്മ്യൂണിസ്റ്റ്‌മന്ത്രി ഒരു മഹാസദസ്സിൽ ആവേശംപൂണ്ടു്, താനും സഖാവു ടി. വി. തോമസ്സും ഇപ്പോഴും കത്തോലിക്കരാണെന്നാക്രോശിച്ചാൽ അതിനെ "അജ്ഞത"യെന്നു പറയണമോ അതോ "തട്ടിപ്പെ"ന്നു നാമകരണം ചെയ്യണമോ എന്നു വായനക്കാർ വിധിക്കട്ടെ. ഇവിടെ ഒരു പ്രശ്നം ഉദിക്കുന്നുണ്ടാകാം. ഒരു കത്തോലിക്കനു കമ്മ്യൂണിസ്റ്റായിരിക്കാൻ സാദ്ധ്യമല്ല എന്നിരിക്കെ എന്തുകൊണ്ടു് കമ്മ്യൂണിസത്തിൽ ചേർന്നു നടക്കുന്നവരെ കത്തോലിക്കാസഭ "മഹറോൻ"ശിക്ഷ നൽകി സഭയിൽനിന്നു പുറത്താക്കുന്നില്ല? ഈ ചോദ്യം പലരും ഉന്നയിക്കുന്നതായും അറിയാം. തിരുസഭയുടെ നില ഇക്കാര്യത്തിൽ സുവ്യക്തമാണ്. അതു മനസ്സിലാക്കാത്തതുകൊണ്ടാണു് ഈ സംശയം ഉളവാകുന്നതു്.

തിരുസഭയുടെ കാനോനികശിക്ഷാക്രമങ്ങളിൽ രണ്ടുതരം സഭാഭ്രഷ്ടുകൾ നടപ്പിലുണ്ടു്. ഒന്നു കുററവാളിയായ ഒരാളുടെ തെററിനെപ്പററി വിധിച്ചശേഷം അയാളുടെമേൽ ആരോപിക്കുന്ന മഹറോൻശിക്ഷ (Ferendae sententiae); മറെറാന്നു് നിശ്ചിതമായ ഒരു തെററിൽ ആരുൾപ്പെടുന്നുവോ അതിനാൽതന്നെ (Ipso facto) അയാളിൽ വന്നുചേരുന്ന മഹറോൻശിക്ഷ (Latae Sententiae) കമ്മ്യൂണിസത്തിൽ പെടുന്നവരെ സംബന്ധിച്ചു് തിരുസഭ കല്പിച്ചിരിക്കുന്ന മഹറോൻ ഈ രണ്ടാംതരത്തിൽ പെട്ടതാണ്. 1949 ജൂലൈ 1-ാം തീയതി "ആക്ത്താ അപ്പസ്തോലിച്ചെ സേഡിസ്"(Acta Apostolicae Sedis) എന്ന വത്തിക്കാൻ ഔദ്യോഗികപ്രസിദ്ധീകരണത്തിൽ പരിശുദ്ധ മാർപ്പാപ്പാ പന്ത്രണ്ടാം പീയൂസ് തിരുമേനി അംഗീകരിച്ചു പ്രസിദ്ധപ്പെടുത്തിയ തത്സംബന്ധമായ ഡിക്രി ഇപ്രകാരമാണ്:-

1. കമ്മ്യൂണിസ്റ്റ്പാർട്ടിയിൽ അംഗമായി ചേരുകയോ അതോടനുഭാവം കാണിക്കുകയോ പാടില്ല. എന്തുകൊണ്ടെന്നാൽകമ്മ്യൂണിസം ഭൗതികമാത്രവും ക്രൈസ്തവവിരുദ്ധവുമാകുന്നു. തങ്ങൾ മതത്തിനു എതിരല്ലെന്നു് കമ്മ്യൂണിസ്റ്റ്നേതാക്കൾ ചിലപ്പോൾ കേവലം അധരപരമായ പ്രസ്താവനകൾ ചെയ്യാറുണ്ടെങ്കിലും, തത്വത്തിലും പ്രവൃത്തിയിലും അവർ യഥാർത്ഥത്തിൽ ദൈവത്തിനും സത്യമതത്തിനും ക്രിസ്തീയസഭയ്ക്കും ശത്രുക്കളാണെന്നു തെളിവാക്കുകയാണു ചെയ്യുന്നതു്.

2. കമ്മ്യൂണിസ്റ്റ്തത്വങ്ങളേയും പ്രവർത്തനങ്ങളേയും അനുകൂലിക്കുന്ന ലഘുലേഖകൾ, വാരികകൾ, പത്രങ്ങൾ, പുസ്തകങ്ങൾ ഇവ രചിക്കുകയോ, വായിക്കുകയോ, പ്രചരിപ്പിക്കുകയോ, അവയിൽ ലേഖനങ്ങളെഴുതുകയോ പാടുള്ളതല്ല. ഇവ സഭയുടെ നിയമാവലി 1399-ാം വകുപ്പുപ്രകാരം നിരോധിക്കപ്പെട്ടവയാണ്.

3. ഒന്നും രണ്ടും ഖണ്ഡികകളിൽ പറയുന്നവ അറിവോടും സ്വന്തമനസ്സാലും ചെയ്യുന്ന കത്തോലിക്കർക്കു കൂദാശകൾ നൽകാവുന്നതല്ല. കൂദാശകൾ സ്വീകരിക്കുന്നതിനുള്ള യോഗ്യതയില്ലാത്തവർക്കു അവ നിഷേധിക്കേണ്ടതാണെന്നുള്ള സാധാരണനിയമം തന്നെ ഇക്കാര്യത്തിൽ ബാധകമാണ്.

4. ഭൗതികമാത്രവും ക്രൈസ്തവവിരുദ്ധവുമായ കമ്മ്യൂണിസ്റ്റ്തത്വങ്ങളിൽ വിശ്വസിക്കുകയും വിശിഷ്യ അവയ്ക്കുവേണ്ടി വാദിക്കുകയും അവയെ പ്രചരിപ്പിക്കുകയും ചെയ്യുന്ന കത്തോലിക്കർ, അതിനാൽതന്നെ (Ipso facto), കത്തോലിക്ക വിശ്വാസത്തിൽനിന്നും വ്യതിചലിച്ചവരെന്ന നിലയിൽ, പരിശുദ്ധ സിംഹാസനത്തിനുമാത്രം മോചനം നൽകാവുന്ന മഹറോൻ ശിക്ഷയ്ക്കു വിധേയരായിത്തീരുന്നു.

ഇപ്രകാരം യാതൊരു കത്തോലിക്കനും ഒരു കമ്മ്യൂണിസ്റ്റായിരിക്കുവാൻ സാദ്ധ്യമല്ലെന്നും, കമ്മ്യൂണിസത്തിൽ ചേരുന്നവർ അക്കാരണത്താൽതന്നെ മഹറോൻശിക്ഷയിൽ ഉൾപ്പെടുന്നു എന്നും കത്തോലിക്കാതിരുസഭ വ്യക്തമായും അവിതർക്കിതമായും അനുശാസിച്ചിരിക്കെ ആരെങ്കിലും കമ്മ്യൂണിസ്റ്റു ചേരിയിൽനിന്നുകൊണ്ടു താൻ കത്തോലിക്കനാണെന്നു പ്രസ്താവിച്ചാൽ അതിനെന്തർത്ഥമാണുള്ളതു്? അവർ മഹറോൻശിക്ഷയ്ക്കു വിധേയരായിരിക്കുന്നുവെന്നു സഭ പ്രഖ്യാപിച്ചിട്ടില്ല എന്നു വാദിക്കുന്നതും വിശ്വസിക്കുന്നതും നിരർത്ഥകവും അജ്ഞതാജടിലവുമായ പ്രവൃത്തിയല്ലേ? അല്പബുദ്ധരായ സാധാരണ ജനങ്ങളെ വഞ്ചിക്കുന്നതിനുള്ള ഒരു കമ്മ്യൂണിസ്റ്റുതന്ത്രം മാത്രമാണതു്. ഈ വഞ്ചനയിൽനിന്നു സാധാരണ ജനങ്ങളെ പരിരക്ഷിക്കുന്നതിനുവേണ്ടിയാണു് ഈയിടെ ബാംഗളൂർവച്ചു നടന്ന ഇന്ത്യയിലെ കാത്തലിക് ബിഷപ്സ് കോൺഫറൻസിന്റെ സ്റ്റാൻഡിംഗ് കമ്മിററിയുടെ വാർഷികസമ്മേളനം അതിന്റെ പ്രസ്താവനയിൽ ഇതു സംബന്ധിച്ചു പൊതുജനങ്ങൾക്കു ഒരു മുന്നറിയിപ്പു നൽകുകയുണ്ടായതു്. കത്തോലിക്കാസഭയുടെ സുവ്യക്തമായ ഈ നിലപാടു സംബന്ധിച്ചു കമ്മററി നൽകിയിട്ടുള്ള വിശദീകരണം റിപ്പോർട്ടു ചെയ്തതിൽ തെററിദ്ധരിക്കത്തക്ക ഒരു പദപ്രയോഗമാണ് അനവധാനതമൂലം ചില പത്രങ്ങളിൽ കടന്നുകൂടിയിട്ടുള്ളതെന്നും പൊതുജനങ്ങളെ അറിയിക്കുന്നതിനു ഈ അവസരം ഞങ്ങൾ ഉപയോഗപ്പെടുത്തിക്കൊള്ളട്ടെ. വത്തിക്കാന്റെ ഡിക്രിയിൽ പ്രഖ്യാപിച്ചിട്ടുള്ളതു് കമ്മ്യൂണിസവുമായി ബന്ധപ്പെട്ട കത്തോലിക്കരെ മഹറോൻ ചൊല്ലുമെന്നല്ല. അങ്ങിനെ മഹറോൻ ചൊല്ലേണ്ട ആവശ്യമില്ല; അവരുടെ പ്രവൃത്തിയാൽതന്നെ അവർ മഹറോൻ ശിക്ഷയിൽ പെട്ടുകഴിഞ്ഞിരിക്കുകയാണ്. കത്തോലിക്കാസഭയുടെ അംഗത്വത്തിനോ ആനുകൂല്യങ്ങൾക്കോ അവർക്കു യാതൊരർഹതയുമില്ല. അവർ അവരുടെ തെററിനെ മനസ്സിലാക്കി അതേപ്പററി അനുതപിച്ചു് നിശ്ചിതമാർഗ്ഗങ്ങളിൽക്കൂടി തിരുസഭാൈക്യം വീണ്ടെടുക്കുന്നതുവരെ അവർ സഭാഭ്രഷ്ടരായിരിക്കുകതന്നെ ചെയ്യും. അതുകൊണ്ടു അതിഗൗരവമായ ഈ കാര്യം എല്ലാ കത്തോലിക്കരും ശരിയായി ഗ്രഹിച്ചിരിക്കണമെന്നും, കമ്മ്യൂണിസ്റ്റുകളുടെ വഞ്ചനാപരമായ പ്രസ്താവനകൾകൊണ്ടോ പ്രചാരണവിദ്യകൾകൊണ്ടോ അവർ വഴിതെററിപ്പോകുവാൻ ഇടയാകാതിരിക്കണമെന്നും അവരെ ഞങ്ങൾ ഉൽബോധിപ്പിച്ചുകൊള്ളുന്നു. കത്തോലിക്കാസഭയുടെ സുവ്യക്തമായ ഈ നിലപാട് എല്ലാ പൊതുജനങ്ങളും ശരിയായി മനസ്സിലാക്കണമെന്നു് അവരോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു,

*പ്രസാധകക്കുറിപ്പുകൾ*

## മിഷനറിപ്രവർത്തനങ്ങളെപ്പററി

### യു. എൻ. റിപ്പോർട്ട്

ന്യൂനപക്ഷങ്ങളുടെ സംരക്ഷണത്തിനും വർഗ്ഗവിവേചനനിവാരണത്തിനുംവേണ്ടിയുള്ള യു എൻ. സബ്കമ്മീഷനിൽനിന്നും, കമ്മീഷന്റെ ഒമ്പതാമതു സെഷൻ നിയോഗിച്ചതനുസരിച്ചു് ഡോക്ടർ എ. കൃഷ്ണസ്വാമി എം. പി. സമർപ്പിച്ച റിപ്പോർട്ട് ഈമാസമദ്ധ്യത്തിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. 30-ൽപ്പരം രാജ്യങ്ങളിൽനിന്നുള്ള റിപ്പോർട്ടുകളും വളരെയധികം സ്വകാര്യസ്ഥാപനങ്ങളിൽനിന്നു ലഭിച്ച അറിവുകളും ഇതിന്റെ ക്രോഡീകരണത്തിൽ സഹായകമായിട്ടുണ്ടു്. മദ്ധ്യപ്രദേശത്തു ക്രിസ്ത്യൻമിഷനറിമാർക്കെതിരായി നിയോഗിച്ച കമ്മിററി തയാറാക്കിയതും ഗവമെണ്ടു് പ്രസിദ്ധപ്പെടുത്തിയതുമായ കുപ്രസിദ്ധമായ റിപ്പോർട്ടിനെപ്പററി അതിൽ പറഞ്ഞിരിക്കുന്നതു്, "അതു അതിശയോക്തിപരവും ദേശീയതാല്പര്യങ്ങളുടേയും ഔചിത്യത്തിന്റെയും പരിധികളെ ലംഘിക്കുന്നതുമാണ്" എന്നത്രെ. റിപ്പോർട്ടു ഇപ്രകാരം തുടരുന്നു:- "കമ്മിററിയുടെ റിപ്പോർട്ടിൽ വിവരിച്ചിട്ടുള്ള സംഭവങ്ങൾ തെളിയിക്കാൻ സാധിച്ചിരുന്നാൽപോലും, വിദേശമിഷനറിമാർ അനാശാസ്യമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നുവെന്നുള്ള അനുമാനത്തിൽ എത്തിച്ചേരുന്ന കമ്മിററിയുടെ നില സാധൂകരിക്കാൻ നിവൃത്തിയില്ല. മിഷനറിമാരാൽ നടത്തപ്പെടുന്ന സ്കൂളുകൾ അനാഥമന്ദിരങ്ങൾ മുതലായവയിലെ വിദ്യാഭ്യാസപ്രവർത്തനങ്ങൾ ഒരുവിധത്തിലുള്ള മതപ്രചാരണമാണെന്നു ജനങ്ങൾ ധരിക്കുമ്പോൾ ഒരു പ്രത്യേകപ്രശ്നം ആവിർഭവിച്ചേക്കാം, ഇവിടെ മതവും വിശ്വാസവും സംരക്ഷിക്കുന്നതിനുള്ള സ്വാതന്ത്ര്യത്തേയും മതം പ്രചരിപ്പിക്കുന്നതിനുള്ള സ്വാതന്ത്ര്യത്തേയും വെവ്വേറെ വിവേചിക്കണമെന്നാണ് അവരുടെ അഭിപ്രായം. കുട്ടികൾ പഠിപ്പിക്കുന്നതേതും എളുപ്പത്തിൽ സ്വീകരിക്കുന്ന സ്ഥിതിയിലായതുകൊണ്ടാണ് ഈ പ്രചാരണം അവർ എതിർക്കുന്നതത്രെ. ആകയാൽ കുട്ടികളിൽ സംഭവിച്ചേക്കാവുന്ന മതപരിവർത്തനം തികച്ചും സ്വതന്ത്രമായ ഒന്നല്ലാത്തതുകൊണ്ടു് അവർക്കു അതിനെതിരായി സംരക്ഷണം നൽകണമെന്നാണ് അവരാവശ്യപ്പെടുന്നതു്. ഈ വാദമുഖത്തെ ആധാരമാക്കി ചില രാജ്യങ്ങളിൽ മിഷനറിമാരെ വിദ്യാഭ്യാസപരമായ സ്ഥാപനങ്ങൾ നടത്തുന്നതിൽനിന്നു പൂർണ്ണമായും ഒഴിവാക്കുന്നില്ലെങ്കിൽതന്നേയും കുറഞ്ഞപക്ഷം അവരുടെ മതവിഭാഗത്തിൽപ്പെടാത്ത കുട്ടികൾക്കു മതബോധനം നൽകുന്നതിൽനിന്നു അവരെ തടയുന്നതായ നിയന്ത്രണങ്ങളെങ്കിലും അവരുടെ വിദ്യാഭ്യാസപ്രവർത്തനത്തിൽ ഉണ്ടായിരിക്കേണ്ടതാണെന്നു ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നുണ്ടു്. സാധാരണഗതിയിൽ ഈ നിയന്ത്രണം ന്യായപൂർവ്വകമാണെന്നു പറയാം. എന്നാൽ തങ്ങളുടെ കുട്ടികൾക്കു ഏതാദൃശമായ വിദ്യാഭ്യാസം നൽകണമെന്നാവശ്യപ്പെടാനുള്ള മാതാപിതാക്കന്മാരുടെ പ്രാഥമികഅവകാശത്തെ അതു തടയാൻ ഇടയാകരുതു്. ഏതായാലും മിഷനറിമാരെ സംബന്ധിച്ചു് നീതിപൂർവ്വകമായ ഒരു മനോഭാവത്തിൽ ചിന്തിക്കുകയാണെങ്കിൽ, അവരുടെ സേവനങ്ങളില്ലായിരുന്നെങ്കിൽ വളരെയധികം കുട്ടികൾ നിരക്ഷരകുക്ഷികളായി കഴിയുമായിരുന്ന ലോകത്തിന്റെ പലേ ഭാഗങ്ങളിലും മിഷനറിമാർ പ്രശസ്തമായ ഫലങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടു് എന്നു സമ്മതിക്കണം." റിപ്പോർട്ടിൽ ശ്രീ കൃഷ്ണസ്വാമി മിഷനറിമാർ നടത്തുന്ന ജീവകാരുണ്യപരമായ മററു സ്ഥാപനങ്ങളുടെ കാര്യവും എടുത്തു പറയുന്നുണ്ടു്. മതസ്വാതന്ത്ര്യത്തിൽ ന്യൂനപക്ഷങ്ങൾക്കു തടസ്സം നേരിടുവാൻ ഇടയാക്കുന്ന സാഹചര്യങ്ങൾ ഒഴിവാക്കുന്നതിൽ ഗവമെണ്ടു് ശ്രദ്ധാപൂർവ്വം പ്രവർത്തിക്കണമെന്നും, എന്നാൽ മതവിഭാഗങ്ങൾ തമ്മിലുണ്ടായേക്കാവുന്ന ഏററുമുട്ടലുകളിൽ നീതിപൂർവ്വകമായ സമാധാനസ്ഥാപനത്തിനല്ലാതെ ഒരു വിഭാഗത്തിനു ദോഷകരമായ രീതിയിൽ ഇടപെടുവാൻ അതവസരമാക്കരുതെന്നും അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ടു്. "ഇടപെടലും സമ്മർദ്ദം ചെലുത്തലും തമ്മിലുള്ള വേർതിരിവുരേഖ വളരെ ലോലമായ ഒന്നാണ്" എന്നും അതിൽ കൈവയ്ക്കുന്നതു വളരെ കരുതലോടെ വേണ്ടതാണെന്നും അവസാനമായി അദ്ദേഹം റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുണ്ടു്. മിഷനറിപ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള സ്റ്റേറ്റിന്റെ നടപടികൾക്കു ഈ റിപ്പോർട്ടു മാർഗ്ഗദർശകമായിരിക്കുമെന്നു വിശ്വസിക്കുന്നു.

x x x

## ആദ്ധ്യാത്മികമൂല്യങ്ങളെപ്പററി ഇന്ത്യൻനേതാക്കന്മാർ

ഈയിടെ റാംചീലാഗ്രൗണ്ട്സിൽവച്ചു ചേർന്ന ലോകമതസമ്മേളനത്തിൽ പ്രസംഗിക്കവെ ഇന്ത്യൻ പ്രസിഡണ്ടു് ഡോക്ടർ രാജേന്ദ്രപ്രസാദ് പ്രസ്താവിച്ചതു്, മതപരവും ആദ്ധ്യാത്മികവുമായ മൂല്യങ്ങൾക്കു ജീവിതത്തിൽ അർഹമായ സ്ഥാനം നൽകാത്തപക്ഷം ശാസ്ത്രപുരോഗതിയുടെ ഗുണഫലങ്ങൾ പൂർണ്ണമായി ആസ്വദിക്കുവാനോ, സുനിശ്ചിതമായതിന്റെ നാശത്തിൽനിന്നു രക്ഷപ്പെടുവാനോ മനുഷ്യനു സാദ്ധ്യമല്ലെന്നാണ്. നശീകരണോപാധികളുടെ അനിയന്ത്രിതപുരോഗതിയിൽ മനുഷ്യർ സ്വന്തം ശിഥിലീകരണത്തിന്റെ ഭൂതത്തെ ഭയക്കുകയും അതിൽനിന്നുള്ള മോചനാർത്ഥം മറെറാരിടത്തേക്കു ദൃഷ്ടിതിരിക്കുവാൻ പ്രേരിതരാവുകയും ചെയ്യുന്നതിൽ അദ്ദേഹം ചാരിതാർത്ഥ്യം പ്രകടിപ്പിച്ചു. സത്യത്തിന്റേയും അഹിംസയുടേയും മാർഗ്ഗമാണ് മനുഷ്യനു ഏകരക്ഷാമാർഗ്ഗമെന്നും, അതുമാത്രമേ അവനു യഥാർത്ഥസമാധാനവും സന്തുഷ്ടിയും കൈവരുത്തുകയുള്ളു എന്നും അദ്ദേഹം പറഞ്ഞു.

മദ്രാസിൽ ദക്ഷിണേന്ത്യൻ എഡ്യൂക്കേഷൻ ട്രസ്റ്റ് വിമൻസ്കോളേജുദിനാഘോഷത്തിൽ ചെയ്ത പ്രസംഗത്തിൽ ഇന്ത്യൻ വൈസ് പ്രസിഡണ്ടു് ഡോക്ടർ രാധാകൃഷ്ണൻ ഇപ്രകാരം പ്രസ്താവിച്ചു: സാങ്കേതികസാമർത്ഥ്യവും ബൗദ്ധികമായ വികാസവും നേടുക എന്നതിനേക്കാൾ യഥാർത്ഥമായ സംസ്കാരവും സാന്മാർഗ്ഗികമായ ഭദ്രതയും കൈവരുത്തുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. നാം നമ്മുടെ വിദ്യാർത്ഥിവിദ്യാർത്ഥിനികൾക്കു സാങ്കേതികകഴിവുണ്ടാകുന്നതിനായി നൽകുന്ന വിദ്യാഭ്യാസം നമ്മുടെ പ്രതീക്ഷകളെ ഫലവത്താക്കുകയും ഭാവിയെപ്പററി വിശ്വാസം നൽകുകയും ചെയ്യുന്നുണ്ടോ? അറിവു നൽകുവാൻവേണ്ടി മാത്രമുള്ളതാണോ വിദ്യാഭ്യാസം? അതു നമുക്കു കഴിവുകളും, പണ്ഡിതന്മാരേയും തന്നാൽ മതിയോ, അതോ നമുക്കതു അഭിരുചികളും വാസനകളും മൂല്യങ്ങളും നൽകുന്നതാകണമോ? ലോകത്തിൽ അടിക്കടി അത്യാഹിതങ്ങൾ വന്നുകൊണ്ടിരിക്കുന്നതു്, നമുക്കു ആവശ്യമുള്ളത്ര വിദ്യാഭ്യാസം ഇല്ലാത്തതുകൊണ്ടല്ല, പിന്നെയോ, നമ്മുടെ വിദ്യാഭ്യാസം ഏകപക്ഷീയമായതുകൊണ്ടാണ്. അന്യരോടു ദയാശീലമുള്ളവരോ, കുറേക്കൂടി മനുഷ്യത്വമുള്ളവരോ ആക്കിത്തീർക്കുന്നില്ല ആ വിദ്യാഭ്യാസം. അറിവുനൽകുകമാത്രമല്ല, നമ്മുടെ സ്വഭാവത്തേയും വാസനകളേയും രൂപപ്പെടുത്തുകയും നമ്മിൽ മനുഷ്യത്വബോധവും ഭ്രാതൃത്വഭാവവും സൃഷ്ടിക്കുകയും ചെയ്യുന്നതായിരിക്കേ

ലീജിയൻ പംക്തി

# ജൂബിലിവർഷപരിപാടി




പരിശുദ്ധ കന്യകമറിയം ലൂർദ്ദിൽ പ്രത്യക്ഷയായിട്ട നൂറുവർഷം തികയുന്നതു 1958 ഫെബ്രുവരി 11-ാം തീയതിയാണ്. അന്നു തന്നെയാണ് കേരളസെനാത്തൂസിനു ഒരു വയസ്സു തികയുന്നതും. പ്രസ്തുത ശതാബ്ദജൂബിലിപ്രമാണിച്ച് വിപുലമായ തോതിലുള്ള ആഘോഷപരിപാടികൾ പല സ്ഥലത്തും ആസൂത്രണംചെയ്തുകഴിഞ്ഞിട്ടുണ്ട്. ഇന്ത്യയിൽനിന്നു ലൂർദ്ദ്, റോമ ആദിയായ സ്ഥലങ്ങളിലേക്കു തീർത്ഥയാത്രകൾ സംഘടിപ്പിച്ചുവരുന്നു ലീജിയൻകാരെമാത്രം ഉദ്ദേശിച്ച് ഇംഗ്ലണ്ടിലെ സെനാത്തൂസ് ലൂർദ്ദിലേക്കു ഒരു തീർത്ഥയാത്ര ഏർപ്പാടുചെയ്തിട്ടുണ്ട്.

ദൈവമാതൃഭക്തിയിൽ പ്രമുഖരായ കേരളത്തിലെ ലീജിയൻകാർ ഈ ജൂബിലിവർഷം എങ്ങനെ ആചരിക്കണമെന്നതിനെപ്പററി ഇപ്പോൾതന്നെ പര്യാലോചിക്കേണ്ടതാണ്. ബാഹ്യമായ ആഘോഷങ്ങൾ ആവശ്യമായിരിക്കും. എന്നാൽ അതോടൊപ്പംതന്നെ, അഥവാ അതിലുപരിയായി കാര്യക്ഷമവും സ്ഥായിയുമായ പ്രവർത്തനങ്ങൾക്കു നാം പ്രാധാന്യം കല്പിക്കേണ്ടിയിരിക്കുന്നു.

ലീജിയൻകോൺഗ്രസ്സുകൾ നടത്തേണ്ട ആവശ്യകതയെപ്പററി നിയമഗ്രന്ഥം പ്രതിപാദിക്കുന്നുണ്ടല്ലോ. തദനുസൃതം കോൺഗ്രസ്സുകൾ നടത്തുക എന്നതു ഈ അവസരത്തിനു യോജിച്ച ഒരു പരിപാടിയായി സ്വീകരിക്കാവുന്നതാണ്. അഖിലകേരളാടിസ്ഥാനത്തിൽ എറണാകുളത്തുവച്ചു ഒരു ലീജിയൻകോൺഗ്രസ്സ് നടത്തുന്നതു നന്നായിരിക്കുമെന്നു കേരളാസെനാത്തൂസ് ഉൽഘാടനം ചെയ്ത ദിവസത്തിൽ ബ്രദർ സെസിൽ ഡിസോസ അഭിപ്രായപ്പെടുകയുണ്ടായി. പക്ഷെ അതിനു പററിയ സാഹചര്യങ്ങളല്ല ഇന്നു കേരളത്തിലുള്ളതു്. പ്രായോഗികമായ തീരുമാനങ്ങളും ഊർജ്ജിതമായ പ്രവർത്തനങ്ങളുമാണു ഇപ്പോൾ കൂടുതലാവശ്യം. കൂടാതെ ലീജിയൻ കോൺഗ്രസ്സുകൾ നടത്തേണ്ടതു് കമ്മീസിയത്തിൻെറയോ ക്യൂരിയായുടെയോ പരിധിയിലായിരിക്കണമെന്നു നിയമഗ്രന്ഥം അനുശാസിക്കുന്നുമുണ്ട്. ആകയാൽ പ്രാദേശികസാഹചര്യങ്ങൾക്കു വിധേയമായി, രൂപതകളുടെ അടിസ്ഥാനത്തിൽ ഏതാനും കോൺഗ്രസ്സുകൾ നടത്തുന്നതാണു നല്ലതു്. അപ്പോൾ എല്ലാ ലീജിയൻകാർക്കും ഏതെങ്കിലുമൊരു കോൺഗ്രസ്സിൽ സംബന്ധിക്കുവാനും അതിൽനിന്നു നേരിട്ടു ഫലമെടുക്കുവാനും സാധിക്കും. തന്മൂലം എല്ലാവർക്കും പൊതുവായൊരു ഉണർവ്വും ഉണ്ടാകും.

കേരളത്തിൽ ഇപ്പോൾ ഏകദേശം പതിനയ്യായിരം സജീവ ലീജിയൻകാർ ഉണ്ടായിരിക്കും. അവരെല്ലാം ഒന്നിച്ചുകൂടുക എന്നതു നല്ലൊരു കാര്യമായിരിക്കാം. പക്ഷെ അതു തീരെ സാദ്ധ്യമല്ല. അഖിലകേരളാടിസ്ഥാനത്തിലുള്ള ഒരു കോൺഗ്രസ്സ് എത്ര സൗകര്യപ്രദമായ സ്ഥലത്തുവച്ചു നടത്തിയാലും അയ്യായിരത്തിലധികം പേർ അതിൽ സംബന്ധിക്കുമെന്നു തോന്നുന്നില്ല. ഈ അയ്യായിരംപേർക്കുതന്നെ സമ്മേളിക്കുവാൻ സ്ഥലസൗകര്യങ്ങളും മററും ഉണ്ടാക്കുക എന്നതു കുറെയധികം ധനവ്യയവും ബുദ്ധിമുട്ടുമുള്ള കാര്യമാണ്. അതിനും പുറമെ കോൺഗ്രസ്സിൽ സംബന്ധിക്കുവാൻ ദൂരെനിന്നു വരുന്ന ഓരോ അംഗവും യാത്രയും മററുമായി പിന്നെയും ഗണ്യമായ പണച്ചിലവും ബുദ്ധിമുട്ടും സഹിക്കേണ്ടിവരും ഇപ്രകാരം വ്യക്തികൾ സ്വകാര്യമായി ചിലവാക്കേണ്ടിവരുന്ന സംഖ്യയുടെ ആകത്തുക കണക്കാക്കിയാൽ അതു പൊതുവായ ചെലവിനേക്കാൾ വളരെ അധികമായിരിക്കുമെന്നു കാണാം. അങ്ങനെ ചെലവും ബുദ്ധിമുട്ടും അധികമായിരിക്കയും അതേസമയംതന്നെ കോൺഗ്രസ്സിൽ സംബന്ധിക്കുന്നവരുടെ സംഖ്യ കുറവായിരിക്കയും ചെയ്യുമെന്നുള്ളതുകൊണ്ടാണ്, നിയമഗ്രന്ഥം അനുശാസിക്കുന്നതുപോലെ ചെറിയ പ്രാദേശികകോൺഗ്രസ്സുകൾ നടത്തുന്നതാണ് നല്ലതെന്നു അഭിപ്രായപ്പെടുന്നതു്.

പ്രസ്തുത കോൺഗ്രസ്സുകൾക്കു ഐകരൂപ്യം വരുത്തുവാൻവേണ്ടി പൊതുവായ പരിപാടികൾ, സംവാദവിഷയങ്ങൾ, ഭാവിപ്രവർത്തനങ്ങളുടെ പര്യാലോചന ആദിയായവ സംബന്ധിച്ച് കേന്ദ്രത്തിൽനിന്നു ആവശ്യമുള്ള നിർദ്ദേശങ്ങൾ നൽകിയാൽ മതിയാവും. കോൺഗ്രസ്സുകൾക്കുള്ള ചെലവിനെപ്പററി പറകയാണെങ്കിൽ, 1955-ൽ എറണാകുളത്തുവച്ചു വിജയപ്രദമായി നടത്തപ്പെട്ട ലീജിയൻകോൺഗ്രസ്സിനു വേണ്ടിവന്ന പൊതുവായ ചെലവ് ഒരംഗത്തിനു രണ്ടണവീതം മാത്രമായിരുന്നുവെന്നതു സ്മരണീയമാണ്. ആകയാൽ ചെലവിനേക്കാൾ കാര്യമായിട്ടുള്ളതു ആസൂത്രണമാണെന്നു കാണാം.

ഈ ശതാബ്ദജൂബിലിപ്രമാണിച്ച് ലീജിയൻകോൺഗ്രസ്സുകൾ നടത്തുന്നതു നന്നായിരിക്കുമെന്നതു ഒരു അഭിപ്രായംമാത്രമാണ്. കോൺഗ്രസ്സുകൾ നടത്തിക്കൊണ്ടോ നടത്താതെയോ കേരളത്തിലെ എല്ലാ ഇടവകകളിലും ലീജിയൻശാഖകൾ സ്ഥാപിക്കുക, പട്രീഷ്യൻപ്രസ്ഥാനം ആരംഭിക്കുക, കത്തോലിക്കാസാഹിത്യം പ്രചരിപ്പിക്കുക, നേരിട്ടുള്ള മാനസാന്തരജോ... യിൽ ശ്രദ്ധിക്കുക,

---

ണം യഥാർത്ഥ വിദ്യാഭ്യാസം......നമ്മുടെ സകല തത്വശാസ്ത്രങ്ങളും സ്നേഹത്തിൻേറയും, സാഹോദര്യത്തിൻേറയും, ഈശ്വരാസ്തിക്യബോധത്തിൻേറയും അടിത്തറമേലാണ് പണിയപ്പെട്ടിരിക്കുന്നതു് എന്നദ്ദേഹം പറഞ്ഞു. ഭാരതത്തിൻെറ കിടയററനേതാക്കന്മാർ പ്രഖ്യാപിക്കുന്ന ഈ തത്വം എല്ലാ പൗരന്മാരും ഗവമ്മേണ്ടുകളും അവരുടെ നടപടികളിൽ പ്രായോഗികമാക്കിയിരുന്നെങ്കിൽ എത്രയെത്ര വിഷമപ്രശ്നങ്ങളെ നമുക്കു എളുപ്പത്തിൽ തരണം ചെയ്യുവാൻ കഴിയുമായിരുന്നു. സങ്കീർണ്ണമായ വിദ്യാഭ്യാസപ്രശ്നത്തിനുതന്നെ എത്ര സുഗമമായ ഒരു പ്രതിവിധി അതുമൂലം സംജാതമാകാതിരിക്കുകയില്ല!

—o—

## അടുത്തയാഴ്ചയിൽ

നവംബർ
28 വ്യാ: വി. നസ്സാരിയോസും കെൽസോസും
29 വെ: വി. സ്തൂർണീനോസ്
30 ശ: വി. അന്ത്രയോസ്
ഡിസമ്പർ
1 ഞാ: ആഗമനം 1-ാം ഞായർ
2 തി: വി. ബിബിയാന
3 ചൊ: വി. ഫ്രാൻസീസ് സേവ്യർ
4 ബു: വി. പത്രോസ് ക്രീസലോഗോസ്

# വിവിധവൃത്താന്തങ്ങൾ

## ചൈനീസ് ജനറൽ കത്തോലിക്കനായി

ചൈനീസ് നാഷനലിസ്റ്റ് നാലാംപടയിലെ കമാണ്ടറായ ജനറൽ ചാംഗ് ഫക്രൂയ് കത്തോലിക്കാസഭയിൽ വിശ്വസിച്ചു മാമ്മോദീസാ സ്വീകരിച്ചിരിക്കുന്നു. രണ്ടു കൊല്ലമായി അദ്ദേഹം കത്തോലിക്കാമതം പഠിക്കുവാൻ തുടങ്ങിയിട്ട്. ഹോങ്കോങ്ങിൽവച്ച് ഒരു മേരിനോൾ മിഷനറിയായ ഫാദർ ജെയിംസ് മാക്ക്കോർമിക്ക് അവർകൾ അദ്ദേഹത്തെ മാമ്മോദീസാ മുക്കി. 1937-ൽ ജപ്പാൻകാർക്കെതിരായി ഷാങ്കേയ് നഗരത്തെ വീരോചിതമായി സംരക്ഷിച്ചതിനു അദ്ദേഹത്തിനു "ഓൾഡ് അയേൺ സയ്ഡ്സ്" എന്ന ബിരുദം നൽകപ്പെട്ടിട്ടുള്ളതാണ്.

## ബൊളീവിയായിലെ ധ്യാനപരിപാടി

ബൊളീവിയായിൽ ലാപാസ് നഗരത്തിൽ ഈയിടെ നടത്തപ്പെട്ട ഒരു സമ്പൂർണ്ണധ്യാനപരിപാടി മഹത്തായ വിജയത്തിൽ എത്തിച്ചേരുകയുണ്ടായി. 20-നും 50-നും മദ്ധ്യേ പ്രായമുള്ള 8000 തൊഴിലാളികൾ തൽഫലമായി ആദ്യകർമ്മവാനസ്വീകരണം നടത്തി. നഗരത്തിൻെറ വിവിധഭാഗങ്ങളിലുള്ള ദേവാലയങ്ങളിലെല്ലാം ഒരേസമയത്തു ധ്യാനപരിപാടികൾ നടന്നുകൊണ്ടിരുന്നു. 60,000-ത്തോളം ജനങ്ങൾ അവയിൽ പങ്കെടുത്തു. വിവിധസഭകളിൽപെട്ട 100 വൈദികരാണ് അവ നടത്തിയിരുന്നതു്. സമാപനചടങ്ങുകളും ദിവ്യകാരുണ്യസ്വീകരണവും നാഷനൽ സ്റ്റേഡിയത്തിൽ വച്ചായിരുന്നു.

## പോട്ടെൻസായിലെ മാതൃസ്വരൂപത്തിനു് സ്വർണ്ണമുടി

നൂറുകൊല്ലം മുമ്പ് ഇററലിയിലുണ്ടായ ഭയങ്കരമായ ഭൂമികുലുക്കത്തിൻെറ അവസരത്തിൽ പോട്ടെൻസാ എന്ന സ്ഥലത്തെ ജനങ്ങൾ ഭക്തിപൂർവ്വം അവരുടെ മദ്ധ്യസ്ഥയായ പരിശുദ്ധകന്യകയുടെ തിരുസ്വരൂപത്തിൻെറ സന്നിധിയിൽ പ്രാർത്ഥിച്ചു ആ വിപത്തിൽനിന്നു അവരെ രക്ഷിക്കണമേയെന്ന്. അയൽപ്രദേശങ്ങളെല്ലാം നാശമടഞ്ഞെങ്കിലും പോട്ടെൻസായിലെ ജനങ്ങൾക്കു യാതൊരാപത്തും സംഭവിച്ചില്ല. അവിടത്തെ ജനങ്ങൾ അന്നു മുതൽ പ്രസ്തുത തിരുസ്വരൂപത്തെ ഭക്തിപൂർവ്വം വണങ്ങിവരുകയും ഭൂമികുലുക്കത്തിൻെറ നാഥയെന്നഭിസംബോധനം ചെയ്യുകയും ചെയ്തുവരുന്നു. ആണ്ടുതോറും പ്രസ്തുത സംഭവത്തെ അനുസ്മരിച്ചു ഒരു നവനാൾ ആചരിച്ചു ആ ദിവസം കൊണ്ടാടുകയും ചെയ്യുന്നു. ഈക്കൊല്ലം പ്രസ്തുത സംഭവത്തിൻെറ ശതാബ്ദം പ്രമാണിച്ചു തിരുസ്വരൂപത്തിനു രത്നഖചിതമായ ഒരു സ്വർണ്ണമുടി ചാർത്തപ്പെടുകയുണ്ടായി.

---

കമ്മ്യൂണിസ്റ്റ്വിപത്തിനെ ചെറുക്കുവാനുള്ള പ്രായോഗികപദ്ധതികൾ കരുപ്പിടിപ്പിക്കുക ആദിയായ പലപല പരിപാടികൾ അടുത്തവർഷത്തേക്കു ഏറെറടുക്കാവുന്നതാണ്. വേറെയും കാര്യക്ഷമങ്ങളും ഉപയോഗപ്രദങ്ങളുമായ പല പദ്ധതികളും അഭിപ്രായങ്ങളും പലക്കും ഉണ്ടായിരിക്കും. കാലേക്കൂട്ടി അവയെപ്പററിലീജിയൻകാരെല്ലാം ഗാഢമായി ചിന്തിക്കയും വേണ്ട നടപടികൾ യഥാസമയം സ്വീകരിക്കയും ചെയ്യുന്നതു നന്നായിരിക്കും.

## പുരാതന ക്രിസ്ത്യൻ അവശിഷ്ടങ്ങൾ

നെതർലണ്ട്സിൽ നിജ്മേഗൻ എന്ന സ്ഥലത്തു നടത്തിയ ഗവേഷണങ്ങളുടെ ഫലമായി റോമൻചക്രവർത്തിയായ കോൺസ്റ്റൈൻെറ കാലത്തെ ക്രിസ്ത്യൻ സമൂഹത്തിൻെറ പല അവശിഷ്ടങ്ങളും കണ്ടെടുത്തിരിക്കുന്നു. ശവക്കല്ലറകൾക്കു വ്യക്തമായ ക്രിസ്തീയ അടയാളങ്ങളുണ്ട്. അവ ക്രിസ്തുവർഷം 270 നും 400 നും ഇടയ്ക്കുള്ളവയായിരിക്കണമെന്നു വിദഗ്ദ്ധശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു.



കണ്ണമ്പുഴ (കാളിയാടൻ)
വക്കി മാത്തുണ്ണി
ഞാറയ്ക്കൽ
ചരമം 16—11—1957

"ദയാപരനായ ഈശോ, ഇദ്ദേഹത്തിന്റെ ആത്മാവിനു് നിത്യാശ്വാസം നൽകണമേ."

R. I. P.

ശവസംസ്കാരത്തിൽ പങ്കുകൊണ്ടു പരേതനുവേണ്ടി പ്രാർത്ഥിക്കുകയും അനുശോചനസന്ദേശങ്ങൾ അയച്ചുതരികയും ചെയ്ത എല്ലാവർക്കും കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു.

എന്നു്,
കണ്ണമ്പുഴ (കാളിയാടൻ)
മാത്തുണ്ണി വക്കി

---

## പ്രദർശനനഗരത്തിൽ ദേവാലയവുമുണ്ടായിരിക്കും

അടുത്തകൊല്ലം ബ്രസ്സൽസിൽ വച്ചു നടത്തുന്ന സർവ്വരാജ്യപ്രദർശനത്തിൽ വത്തിക്കാൻെറ വകയായി "ചിവിത്താസ്ദേയി" (ദേവനഗർ) എന്ന ഒരു പ്രത്യേകശാലയുണ്ടായിരിക്കുന്നതാണ്. ഒരു പ്രാചീനനഗരത്തിൻെറ ആകൃതിയിലാണ് അതു പ്ലാൻചെയ്തിരിക്കുന്നതു്. 800 അടി നീളവും 50 അടി ഉയരവുമുള്ള ഒരു മതിൽകെട്ടുകൊണ്ട് 150,000 ചതുരശ്രഅടി വിസ്തീർണ്ണമുള്ള ഈ സ്ഥലം ചുററപ്പെട്ടിരിക്കും. അതിനുള്ളിൽ 2,500 പേർക്കു സ്ഥലസൗകര്യമുള്ള ഒരു ദേവാലയം, പിന്നീട് അഴിച്ചെടുക്കത്തക്കവണ്ണം മരംകൊണ്ടു പണിതു കൂട്ടിച്ചേർക്കുന്നതാണ്. അതിൻെറ താഴികക്കുടത്തിനു മുകളിൽ 30 അടി ഉയരമുള്ള ഒരു കുരിശു സ്ഥാപിക്കുന്നുണ്ട്. ആകെ ഉയരം 180 അടിയാണ്. ഒരു കലാകാരനായ പോൾറോം എന്നയാളാണ് പവിലിയൻെറ പ്ലാൻ തയാറാക്കിയിട്ടുള്ളതു്. മനുഷ്യസൃഷ്ടി, ക്രിസ്തുവിൻെറ ജനനം, ജീവിതം, പുനരുത്ഥാനം, പാപ്പാസ്ഥാനോല്പത്തി, അതിൻെറ ചരിത്രം ആദിയായവ പ്രദർശനത്തിലെ സവിശേഷരംഗങ്ങളായിരിക്കും.

## ഫ്രാൻസിസ്കൻ മൂന്നാംസഭയ്ക്കു

### പുതിയ നിയമാവലി

ഫ്രാൻസിസ്കൻ മൂന്നാംസഭാ അൽമായവിഭാഗത്തിനു്, അവരുടെ പ്രവർത്തനങ്ങളെ സാമൂഹികരംഗങ്ങളിലേക്കു വികസിപ്പിച്ചുകൊണ്ടുള്ള ഒരു പുതിയ നിയമാവലിക്ക് ഔദ്യോഗികമായ അംഗീകാരം സിദ്ധിച്ചിരിക്കുന്നു. അതിൽ 173 ആർട്ടിക്കിളുകളുണ്ട്. അംഗങ്ങളുടെ ഭക്തിപരമായ ജീവിതത്തിനുള്ള ഉത്തേജനങ്ങളും നിയമങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ലോകത്താകെ ഇപ്പോൾ മുപ്പത്തഞ്ചുലക്ഷത്തോളം മൂന്നാംസഭാംഗങ്ങളാണുള്ളതു്. പുതിയ നിയമാവലിക്കു ഒപ്പുവച്ചിട്ടുള്ളതു് സന്യാസസഭാകാര്യങ്ങൾക്കുള്ള തിരുസംഘത്തിൻെറ പ്രീഫെക്ടായ അത്യുന്നതകർദ്ദിനാൾ വലേരി തിരുമനസ്സുകൊണ്ടാണ്.

## റഷ്യക്കാർ റഷ്യൻഭാഷയിൽ സുവിശേഷഭാഗം ശ്രവിച്ചു

വിയന്നായിൽവച്ചു നടത്തപ്പെട്ട അന്തർദ്ദേശീയ അണുശക്തി കോൺഫറൻസിൽ സംബന്ധിക്കുന്നതിനു വന്നിരുന്ന റഷ്യൻ പ്രതിനിധികൾ അവർക്കുവേണ്ടി വിയന്നാ ആർച്ചുബിഷപ്പ് കോനിഗ് തിരുമേനി അർപ്പിച്ച ദിവ്യബലിയിൽ സംബന്ധിച്ചു. ദിവ്യബലിയിലെ സുവിശേഷഭാഗം കോൺഫറൻസിൻെറ ഔദ്യോഗികഭാഷയായ ഇംഗ്ലീഷിലും, ഫ്രഞ്ചിലും, സ്പാനിഷിലും, റഷ്യനിലും വായിക്കപ്പെട്ടു. ജർമ്മൻഭാഷയിലും അതു വായിക്കുകയുണ്ടായി. അങ്ങനെ റഷ്യാക്കാർ അവരുടെ ഭാഷയിൽ അതു ശ്രവിച്ചു.

## അൽമായപ്രേഷിതൻ അന്തരിച്ചു

ആസ്ട്രേലിയായിൽ 32 കൊല്ലം അവിടത്തെ "കാത്തലിക്ക് എവിഡൻസ് ഗിൽഡി"ൻെറ ലീഡറായിരുന്ന മി. പീററർ ഗല്ലാഗെർ സിഡ്നിയിൽവച്ചു 70-ാമത്തെ വയസ്സിൽ ചരമമടഞ്ഞിരിക്കുന്നു. "ഒററക്കൈയൻ പ്രേഷിതൻപത്രോസ്" എന്നാണ് അദ്ദേഹം അറിയപ്പെട്ടിരുന്നതു്. ഒന്നാമത്തെ ലോകമഹായുദ്ധത്തിൽ ഒരു ലഫ്ടനൻറായി സേവനമനുഷ്ഠിക്കവേ അദ്ദേഹത്തിൻെറ ഒരു കൈ നഷ്ടപ്പെട്ടു. അദ്ദേഹം ഒരു നിയമബിരുദധാരിയായിരുന്നു. 1925-ൽ ഡോക്ടർ

## വിദഗ്ദ്ധ ദന്തചികിത്സ

കുറേക്കാലമായി മന്ദഗതിയിലായിരുന്ന എൻെറ ദന്തചികിത്സാലയം ആധുനിക സജ്ജീകരണങ്ങളോടുകൂടി എറണാകുളം ഷൺമുഖം റോഡിലുള്ള പഴയ സ്ഥലത്തുതന്നെ ഊർജ്ജിതമായി പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. വൈദികർക്കും കന്യാസ്ത്രീകൾക്കും വിദ്യാർത്ഥികൾക്കും പ്രത്യേക സൗജന്യനിരക്കുകൾ

Chief Surgeon Phone 299
ഡോക്ടർ വി. ജോസഫ് ബെയിസിൽ
Dentist to
H. H. The Maharaja of Cochin

ഫ്റാങ്കുഷീഡ് കാത്തലിക് എവിഡൻസ് ഗിൽഡ് പ്രസ്ഥാനം ആസ്ട്രേലിയായിൽ നടപ്പാക്കിയപ്പോൾ മി. പീററർ അതിൽ പ്രവത്തിച്ചുതുടങ്ങി. ഗിൽഡ് പ്രവർത്തനങ്ങളിൽ അദ്ദേഹത്തിനുണ്ടായിരുന്ന ഔൽസുക്യംമൂലം അദ്ദേഹത്തിനു നൽകപ്പെട്ട ജഡ്ജി ഉദ്യോഗംകൂടിയും ഉപേക്ഷിച്ചു. വിശുദ്ധ സിൽവസ്റ്ററിൻെറ മാടമ്പിസ്ഥാനം അദ്ദേഹത്തിനു നൽകപ്പെട്ടു.

—o—

(12-ാം പേജ് തുടർച്ച)

ട്ടുന്ന ആദായംകൊണ്ടു് ആ കൊച്ചു കുടുംബം സുഭിക്ഷമായി കഴിഞ്ഞുവന്നു. കുറേശ്ശെ രൂപാ മിച്ചം വച്ചു ഒരു കൊച്ചു പുരയിടവും വാങ്ങാൻ ഔസേപ്പിനു കഴിഞ്ഞു. അതിൽ ഒരു കൊച്ചു മൺപുരയും ഉയർന്നുവന്നു.

ഔസേപ്പിൻെറയും കുഞ്ഞോറോതയുടേയും ദാമ്പത്യവല്ലരിയിൽ മൊട്ടിട്ട ഒരു ചെറുസൂനമാണു് തോമാക്കുഞ്ഞു്. ആ കൊച്ചുകുഞ്ഞിൻെറ പുഞ്ചിരിയിൽ ലോകം മുഴുവൻ തത്തിക്കളിക്കുന്നതായി ഔസേപ്പു് സങ്കല്പിക്കാറുണ്ടു്. ആ പുഞ്ചിരിപ്പൂനിലാവിൽ അവർ ആനന്ദനൃത്തം ചെയ്യാറുണ്ടു്. തോമാക്കുഞ്ഞിൻെറ സന്തോഷത്തിനുവേണ്ടി മാത്രമാണു് ആ മാതാവും പിതാവും ജീവിക്കുന്നതു്. അവൻ കരയുന്നതിനു് അവർ ഒരിക്കലും സമ്മതിക്കില്ല.

"തോമാക്കുഞ്ഞു് നീലനിക്കറും പച്ച ഷർട്ടും ധരിച്ചുകൊണ്ടു് സ്കൂളിൽ പോകുന്നതു കാണാൻ തന്നെ ഉണ്ടു് ഒരു ചന്തം." കുഞ്ഞോറോതയുടെ ചില കൂട്ടുകാരികൾ തന്നെ പറഞ്ഞിട്ടുള്ളതാണതു്. ഔസേഫ് വണ്ടിയടിക്കാൻ പോയാലും വിചാരം വീട്ടിലാണു്. അവൻെറ കൊച്ചുമകനെ കണ്ടില്ലെങ്കിൽ അര നിമിഷം ഒരു വർഷം പോലെയെന്ന മട്ടായി. കാലചക്രം തിരിഞ്ഞുകൊണ്ടിരുന്നു. തോമാക്കുഞ്ഞിനു പടിപടിയായി ക്ലാസ്സുകയററവും കിട്ടിക്കൊണ്ടിരുന്നു.

തോമാക്കുഞ്ഞു് തോമാച്ചനായി മാറി.

തോമാച്ചൻ ഇന്നു പത്താം ക്ലാസ്സിൽ പഠിക്കുകയാണു്. അവനായി നിശ്ചയിച്ചിട്ടുള്ള ആ ഒരു വർഷം! അതു് എങ്ങിനെയെങ്കിലും തള്ളിനീക്കിയാൽ അവൻ ജീവിതായോധനത്തിലേക്കു ഇറങ്ങുകയാവും. കപടതയും വഞ്ചനയും നിറഞ്ഞ ഈ ലോകത്തിലേക്കു്. ഈ ക്ലാസ്സിലും തോല്ക്കരുതെന്നുള്ള നിശ്ചയത്തോടുകൂടി അവൻ പഠിക്കുകയാണു്. രാവും പകലും ഇളവില്ലാതെ. ഔസേപ്പു് പലപ്പോഴും അവനെ ശാസിച്ചിട്ടുണ്ടു് ഇങ്ങനെ ഉറക്കമിളയ്ക്കുന്നതിനു്.

മകനു് എന്തെങ്കിലും ഒരു ജോലി കിട്ടിയിട്ടുവേണം ഔസേപ്പിനു് വണ്ടിയടി നിറുത്താൻ. ഔസേപ്പിൻെറ ശരീരം ക്ഷീണിച്ചു ക്ഷീണിച്ചു വരികയാണു്. ഇനി ഇങ്ങനെ കഷ്ടപ്പെടാൻ സാദ്ധ്യമല്ലാ എന്നു് അവൻ പലപ്പോഴും പറയാറുണ്ടു്.

തോമാച്ചൻ സ്കൂൾഫൈനൽ ക്ലാസ്സിൽ പാസ്സായി. ഇനി എങ്ങോട്ടാണു് പോകേണ്ടതു ? ഇനി ഏതു ജീവിതമാർഗ്ഗമാണു് എടുക്കേണ്ടതു്? അവൻ വിഷമിക്കുകയാണു്. അമ്മ പറയുന്നു ചെറുക്കനെക്കൊണ്ടു് ഒരു കല്യാണം കഴിപ്പിച്ചു വീട്ടിൽ നിറുത്താൻ. അപ്പൻ അവനു് ഏതെങ്കിലും ഒരു ജോലി കിട്ടിയിട്ടുവേണം ഒരു അന്തസ്സിൽ പ്രവേശിപ്പിക്കാനെന്നു്. അവൻ ഇതിനു രണ്ടിനും അനുകൂലിക്കുന്ന മട്ടില്ല. അവൻെറ മനസ്സു് ചക്രം കറങ്ങുന്നതുപോലെ കറങ്ങിക്കൊണ്ടിരുന്നു. കൂരമ്പുകൾകൊണ്ടു് കുത്തുന്ന മാതിരി അവൻ നൊമ്പരപ്പെടുകയാണു്.

ഈ ദുഃഖത്തിനെല്ലാം ഒരു അറുതിവരുത്തത്തക്കവണ്ണം ആ ഇടവകയിൽ പുരുഷന്മാർക്കായി ഒരു ഏകാന്തധ്യാനം വച്ചു. തോമാച്ചനും അതിൽ സംബന്ധിച്ചു. വളരെ സമാധാനത്തോടും ആനന്ദത്തോടും കൂടിയാണു് അവൻ തിരിച്ചു വന്നതു്.

മിഷനു പോകുന്നതിനുതന്നെ തോമാച്ചൻ നിശ്ചയിച്ചുറച്ചു. അന്തസ്സോ അഭിമാനമോ ആശീർവാ

## ഉപകാരസ്മരണ

ദൈവദാസി അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത.

മിസ്സസ്
ശോശാമ്മ യോഹന്നാൻ,
കരിപ്പാലിൽ കിഴക്കതിൽ,
വാത്തികുളം

## കൃതജ്ഞത

വിശുദ്ധ പത്താംപീയൂസിൻെറ മാദ്ധ്യസ്ഥതാലും സിസ്റ്റർ അൽഫോൻസായുടെ സഹായത്താലും ഉദ്ദിഷ്ടകാര്യങ്ങൾ സാധിച്ചതിനു് ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

M. I. C., Kothamangalam

ത്യമോ ഇല്ലാത്ത കാട്ടാളവർഗ്ഗക്കാരുടെ ഇടയിലേക്കു്. അവരും നമ്മുടെ സഹോദരന്മാരാണു്. അവരേയും സത്യത്തിൻെറ ദീപം കാണിക്കേണ്ടതു് നമ്മുടെ ഓരോരുത്തരുടേയും കടമയാണു്. ഏതു് എതിർപ്പുകളേയും തൃണവൽഗണിച്ചു മുൻപോട്ടു പോകുന്നതിനുതന്നെ അവൻ നിശ്ചയിച്ചു. പക്ഷെ ഒരുകാര്യം. അവനെ താലോലിച്ചു വളർത്തിയ മാതാവിൻെറയും പിതാവിൻെറയും കാര്യം ഓർത്തപ്പോൾ അവൻ നടുങ്ങി. ഹൃദയം വിങ്ങിപ്പൊട്ടിക്കരഞ്ഞു. എങ്കിലും സമാധാനത്തിനുവേണ്ടി ഈശോയോടു പ്രാർത്ഥിക്കുകയാണു്.

അവൻെറ നിശ്ചയം പിതാവിനെ അറിയിച്ചു. ആ പിതൃഹൃദയം കുളിരുകൊണ്ടു തിങ്ങി. തല കറങ്ങി നിലംപതിച്ചു. എങ്കിലും ആ പിതാവു ജീവിച്ചു. അവൻെറ തോമാക്കുഞ്ഞിനെ കാണ്മാൻവേണ്ടിമാത്രം. തോമാച്ചൻെറ ദൃഢനിശ്ചയത്തിനു മുൻപിൽ ആ പിതൃഹൃദയം മനസ്സാ സമ്മതം നൽകി. "ദൈവം തന്നു; ദൈവം എടുത്തു. അവിടുത്തെ തിരുനാമം സ്തുതിക്കപ്പെടട്ടെ" എന്നു ആ ധീരനായ പിതാവിനു ഏറ്റവും ഉന്നതമായ പ്രകൃതിയിൽ ലഭിച്ചതിൽ അയാൾ അഭിമാനം കൊണ്ടു.


# ഫാത്തിമായിലെ കുട്ടികൾക്കു് വെളിപ്പെടുത്തപ്പെട്ട രഹസ്യങ്ങൾ

(ഫാദർ തോമസ് മണ്ണഞ്ചേരി)

1917-ൽ ദൈവജനനിയായ പ. ക. മറിയം ഫാത്തിമായിലെ കുട്ടികൾക്കു് ദർശനം നൽകിയ അവസരത്തിൽ അവർക്കു് ചില രഹസ്യങ്ങൾ വെളിപ്പെടുത്തുകയുണ്ടായല്ലോ. ഈ മൂന്നു കുട്ടികളുടെ കൂട്ടത്തിൽ ഇന്നു ജീവിച്ചിരിക്കുന്നവളും കോയിംബ്രായിലെ കർമ്മലീത്താ മഠത്തിൽ വ്രതാനുഷ്ഠാനം ചെയ്തു് ഒരു കന്യാസ്ത്രീ ആയി താമസിച്ചുകൊണ്ടിരിക്കുന്നവളും ആയ ലൂസി ഈ രഹസ്യങ്ങളിൽ ചിലതു് 1927-ൽ വെളിപ്പെടുത്തുകയുണ്ടായി ഈ രഹസ്യങ്ങളുടെ കൂട്ടത്തിൽ 1917-ൽ ലൂസിക്കും മററു രണ്ടു കുട്ടികൾക്കുംകൂടി പ. ക. മറിയം നരകദർശനം അനുവദിച്ച കാര്യവും ഉൾപ്പെടുന്നുണ്ടു്. തദവസരത്തിൽ നരകവാസികളായ അസംഖ്യം പാപികളും പിശാചുക്കളും തീക്കട്ടകൾപോലെ അവർക്കു് കാണപ്പെടുകയും നരകശിക്ഷ അനുഭവിക്കുന്ന ദുരാത്മാക്കൾ സഹിക്കുന്ന ഭയങ്കരങ്ങളും അവർണ്ണനീയങ്ങളുമായ പീഡകളുടെ വിവരങ്ങൾ ഏകദേശമായിട്ടെങ്കിലും അവർക്കു് ഗ്രഹിക്കാൻ ഇടയാകയും ചെയ്തു ഒരു ഭയങ്കരമായ അഗ്നിക്കടലിൽ മുങ്ങിപ്പൊങ്ങുന്ന നരകവാസികളുടെ ദുഃഖാധിക്യവും നിരാശയും നിമിത്തമുള്ള ഗർജ്ജനങ്ങളും പ്രലപനങ്ങളും അവർ കേൾക്കുകയും ഈ കാഴ്ച അവരെ ഭയവിഹ്വലരാക്കിത്തീർക്കയും ചെയ്തു. നരകത്തിൻെറ ഭയാനകതയെ ദിവ്യജനനി കാണിച്ചുകൊണ്ടു് പാപികൾ നശിക്കാതിരിക്കാൻവേണ്ടി ഈ കുട്ടികൾ അനുദിനം പാപികൾക്കുവേണ്ടി പ്രാർത്ഥിക്കുകയും തപഃക്രിയകൾ അനുഷ്ഠിക്കുകയും ചെയ്യണമെന്നു ആജ്ഞാപിച്ചു കുട്ടികൾ മൂന്നുപേരും അങ്ങിനെ ചെയ്തുകൊള്ളാമെന്നു് വാഗ്ദാനം ചെയ്തു. പിന്നീടു വേറൊരു രഹസ്യം സ്വർഗ്ഗരാജ്ഞി അവർക്കു വെളിപ്പെടുത്തി. അതു രണ്ടാമത്തെ ലോകമഹായുദ്ധത്തെപ്പററിയും അതിനെതുടർന്നു നടക്കാൻ പോകുന്ന സംഭവവികാസങ്ങളെപ്പററിയും ആയിരുന്നു. സ്വർഗ്ഗരാജ്ഞിയുടെ മുന്നറിയിപ്പുകളിൽ പ്രധാനമായിട്ടുള്ളതു് റഷ്യയേയും കമ്മ്യൂണിസത്തേയും പററിയായിരുന്നു. രണ്ടാമത്തെ ലോകമഹായുദ്ധത്തിൻെറ ഫലമായി റഷ്യയിൽ നിന്നും കമ്മ്യൂണിസം ലോകത്തിൽ അനേകം രാജ്യങ്ങളിൽ പ്രചരിച്ചു് തിരുസഭയ്ക്കു വളരെ പീഡകൾ നേരിടാൻപോകുന്നതിനെപ്പററി പരിശുദ്ധ കന്യക മുന്നറിയിപ്പു നൽകി. കമ്മ്യൂണിസ്റ്റുകാരുടെ അബദ്ധങ്ങൾ ലോകത്തിൽ അനേകം രാജ്യങ്ങളിൽ പ്രചരിക്കുമെന്നും കമ്മ്യൂണിസം അനേകം രാജ്യങ്ങളെ ഗ്രസിച്ചുകളയുമെന്നും തന്മൂലം അനേകം സത്യവിശ്വാസികൾ വേദസാക്ഷിത്വം കൈവരിക്കേണ്ടിവരുമെന്നും മാതാവു വെളിപ്പെടുത്തി. കമ്മ്യൂണിസ്റ്റു് വിപത്തിൽനിന്നും ലോകം രക്ഷനേടുന്നതിനുള്ള മാർഗ്ഗം പ. കന്യകയുടെ "വിമലഹൃദയഭക്തി" ലോകമെങ്ങും പ്രചരിപ്പിക്കുകയും ലോകം മുഴുവനേയും "വിമലഹൃദയത്തിനു" പ്രതിഷ്ഠിക്കുകയും ആണെന്നു് വിമലാംബിക പ്രസ്താവിച്ചു. കമ്മ്യൂണിസംമൂലം ലോകത്തിൽ ഭയങ്കരങ്ങളായ വിപ്ലവങ്ങളും നാശങ്ങളും മതപീഡനങ്ങളും നേരിടുമെങ്കിലും അവസാനം തൻെറ "വിമലഹൃദയം" ജയിക്കുമെന്നു് ആ സ്വർഗ്ഗീയനാഥ അറിയിച്ചു

1917-ൽ ഈ രഹസ്യങ്ങൾ അറിയിക്കപ്പെട്ടകാലത്തു കമ്മ്യൂണിസം ലോകത്തിൽ അനേകരാജ്യങ്ങളിൽ പ്രചരിക്കുകയോ കമ്മ്യൂണിസം ഒരു വിപത്താണെന്നു ലോകം ഗ്രഹിക്കുകയോ കമ്മ്യൂണിസം മൂലമുള്ള മതപീഡനങ്ങൾ ശക്തിപ്പെടുകയോ ചെയ്തിരുന്നില്ല. എന്നാൽ കമ്മ്യൂണിസ്റ്റു് വിപത്തിനെപ്പററിയുള്ള പ്രവചനം യഥാർത്ഥവും വിശ്വാസയോഗ്യവും ആണെന്നു അനന്തരസംഭവങ്ങൾ

## '57 ഡിസമ്പർ 2-ാംനു- 3-ാം ചരമവാർഷികം



പി. ജെ. ജോസഫ് ബി. എ.
പേരയിൽ, വൈക്കം

"കർത്താവേ, ഇദ്ദേഹത്തിൻെറ ആത്മാവിനു് നിത്യാശ്വാസം നൽകേണമെ."

തെളിയിച്ചു. ഇന്നു് കമ്മ്യൂണിസം വളരെ ശക്തിപ്രാപിച്ചു് ലോകത്തിനു് പൊതുവെ ഒരു ഭീഷണിയായി തീർന്നിരിക്കുകയാണല്ലോ.


മേൽവിവരിച്ച രഹസ്യങ്ങൾക്കു പുറമെ വേറൊരു രഹസ്യവുംകൂടി ഫാത്തിമാമാതാവു് വെളിപ്പെടുത്തിയിട്ടുണ്ടു്. ആ രഹസ്യം എന്തെന്നു് 1960 നു മുമ്പു് ആരെയും അറിയിക്കാൻ പാടില്ലെന്നു് ഫാത്തിമാരാജ്ഞി നിരോധിച്ചിരിക്കുകയാണു്. ലീരിയായിലെ മെത്രാൻെറ കല്പനപ്രകാരം മേൽപ്രസ്താവിച്ച രഹസ്യം എന്താണെന്നു് വിശദീകരിച്ചുകൊണ്ടുള്ള ഒരു കത്തു് 1960-നു മുമ്പു് പൊട്ടിച്ചു വായിക്കാൻ പാടില്ലാ എന്നുള്ള വ്യവസ്ഥയോടുകൂടി ലൂസി എഴുതി മെത്രാൻ തിരുമേനിയെ ഏൽപിച്ചിട്ടുണ്ടു്. അദ്ദേഹം ഈ രഹസ്യം ഉൾക്കൊള്ളുന്ന കത്തു് മുദ്രവെച്ചു് തൻെറ അരമനയിൽ സൂക്ഷിച്ചിരിക്കുകയാണു്.

ഈ കത്തിൻെറ ഉള്ളടക്കം എന്തെന്നു് ഇതുവരെയും ആർക്കും അറിയാൻ സാധിച്ചിട്ടില്ല ലൂസിയല്ലാതെ വേറെ ആരും ഈ കത്തു് വായിച്ചിട്ടില്ല. ഫാത്തിമായിൽ വെളിപ്പെടുത്തപ്പെട്ട ഒടുവിലത്തെ രഹസ്യം എന്തെന്നു് വിശദീകരിച്ചുകൊണ്ടുള്ള ഒരു കത്തു് എഴുതി തന്നെ ഏൽപ്പിച്ചുകൊള്ളണമെന്നു് ലീരിയായിലെ മെത്രാൻ ആവശ്യപ്പെട്ടതു് 1960-നു ശേഷമെങ്കിലും ഈ രഹസ്യം വെളിപ്പെടുമല്ലോ എന്നു കരുതിയിട്ടും ലൂസി അതിനുമുമ്പു് മരിച്ചുപോകുന്നുവെങ്കിൽ ഇതേപ്പററി ആർക്കും ഒന്നും അറിയാൻ സാധിക്കുകയില്ലല്ലോ എന്നു വിചാരിച്ചിട്ടും ആണു്.

പോർട്ടുഗലിലെ വർത്തമാനപ്പത്രങ്ങൾ ഈ അടുത്തകാലത്തു് ലീരിയായിലെ മെത്രാൻ സൂക്ഷിച്ചിരിക്കുന്ന ലൂസിയുടെ കത്തിനെപ്പററി പ്രസ്താവിക്കുകയും ഈ കത്തു് 1960-ൽ പ്രസിദ്ധപ്പെടുത്തുന്നതാണെന്നു് അറിയിക്കുകയും ചെയ്തിട്ടുണ്ടു്. റോമൻ കൂരിയായിലെ കർദ്ദിനാൾ സംഘത്തിൽ ഒരു പ്രമുഖ വ്യക്തിയായ കർദ്ദിനാൾ പിയാസാ തിരുമനസ്സുകൊണ്ടു് പ. ക. മറിയം 1917-ൽ ഫാത്തിമായിൽ വെളിപ്പെടുത്തിയ അവസാനത്തെ രഹസ്യം 1960-ൽ പ്രസിദ്ധപ്പെടുത്തുമെന്നു് അറിയിച്ചതിനെ അടിസ്ഥാനമാക്കിയാണു് പോർട്ടുഗലിലെ പത്രങ്ങൾ ഈ കാര്യത്തെപ്പററി പ്രസ്താവന നടത്തിയതു്. കൺസിസ്റ്റോറിയൻ സംഘത്തിൻെറ സിക്രട്ടറിയായ കാർഡിനൽ പിയാസ്സാ തിരുമനസ്സുകൊണ്ടു് ഈ അടുത്തകാലത്തു് കർമ്മലീത്താ സഭാംഗങ്ങളുടെ സാർവ്വദേശീയമായ കോൺഗ്രസിൽ സംബന്ധിക്കാൻ പോർട്ടുഗലിൽ പോയ സന്ദർഭത്തിലാണു് ലീരിയായിലെ മെത്രാൻ സൂക്ഷിച്ചിരിക്കുന്ന ലൂസിയുടെ കത്തിനെപ്പററി പരാമർശനം നടത്തിയതു്.

ഫാത്തിമായിലെ കുട്ടികൾക്കു് ദൈവജനനി വെളിപ്പെടുത്തിയ ഈ മഹാ രഹസ്യത്തെപ്പററി അനേകം ഊഹാപോഹങ്ങളും അഭിപ്രായങ്ങളും ഇതിനകം പ്രചരിച്ചു കഴിഞ്ഞിട്ടുണ്ടു്. ചിലർ ഈ രഹസ്യം അന്തിക്രിസ്തുവിൻെറ വരവിനെപ്പററിയും ലോകാവസാനത്തെപ്പററിയും ആണെന്നു അഭിപ്രായപ്പെട്ടിട്ടുണ്ടു്. വേറെ ചിലർ 1960-നു മുമ്പായി ആററംബോംബുകൾ പ്രയോഗിച്ചുകൊണ്ടു് നടക്കാൻ പോകുന്ന ഒരു ഭയങ്കരയുദ്ധത്തെപ്പററിയാണു് ലൂസിയുടെ കത്തിൽ പ്രസ്താവിച്ചിട്ടുള്ളതെന്നു പറയുന്നു. ലൂസി ഇതേപ്പററി പ്രസ്താവിച്ചിട്ടുള്ളതു് അന്നു നടക്കാനിരിക്കുന്ന സംഭവം ചില കൂട്ടർക്കു് വലിയ ദുഃഖത്തിനും വേറെ ചിലർക്കു് വലിയ സന്തോഷത്തിനും കാരണമായിത്തീരുമെന്നുമാത്രമാണു്. ഇതിൽനിന്നും നമുക്കു് ഊഹിക്കാൻ കഴിയുന്നതു് 1960 നു മുമ്പു് എന്തോ ഭയങ്കരസംഭവങ്ങൾ ലോകത്തിൽ നടക്കാൻ പോകുന്നുവെന്നാണു്. ഇന്നത്തെ സാഹചര്യങ്ങളിൽ അതു് ഒരു മഹായുദ്ധമായിരിക്കുമെന്നുള്ള അനുമാനത്തിനാണു് കൂടുതൽ പ്രസക്തിയുള്ളതു്. ആററംബോംബുകൾ

(ശേഷം 5-ാം പേജിൽ)



(11-ാംപേജ് തുടർച്ച)

11. അന്ത്യോക്യാപാത്രിയർക്കീസായിരുന്ന സമോസത്താ പൗലോസ് അബദ്ധോപദേശം ചെയ്കമൂലം സിംഹാസനത്തിൽനിന്നു ബഹിഷ്കൃതിക്കപ്പെട്ടു. ഇതേപ്പററി സഭാചരിത്രകാരനായ എവുസേബിയസ് എഴുതുന്നു: "പൗലോസ് സത്യവിശ്വാസത്തിൽനിന്നും തദ്വാരാ മെത്രാൻപദത്തിൽനിന്നും വീണുപോകയും, അന്ത്യോക്യായുടെ ഭരണം ദോമ്നൂസ് ഭരമേല്ക്കുകയും ചെയ്തിരിക്കുകയാണ്. എന്നാൽ പള്ളിമേടയിൽനിന്നു വിട്ടുമാറുവാൻ പൗലോസു വിസമ്മതിക്കുകയാൽ, വിവരമറിഞ്ഞ് ഔറേലിയൻചക്രവർത്തി ഏററം നീതിപൂർവ്വം ഇങ്ങനെ തീരുമാനിച്ചു കല്പിച്ചയച്ചു. "ഇത്താല്യയിലെ ക്രൈസ്തവമതാചാര്യന്മാരും റോമാമെത്രാനും ആരോടു എഴുതി അറിയിക്കുന്നുവോ അവർക്കു മേട വിട്ടുകൊടുക്കേണ്ടതാണ്." ഇപ്രകാരം മേൽ പ്രസ്താവിച്ച മനുഷ്യൻ അത്യധികമായ ആക്ഷേപത്തോടെ ലൗകികാധികാരത്താൽ, പള്ളിമേടയിൽനിന്നു ബഹിഷ്കൃതനായി" (Euseb. 2. 714, M. G. 20, 719) പൗരസ്ത്യദിക്കിലെ തർക്കം തീർക്കുവാൻ അധികാരി റോമാമെത്രാനാണെന്നു ഔറേല്യനും എവുസേബിയസും സമ്മതിക്കുകയല്ലേ ഇതുമൂലം ചെയ്തിരിക്കുന്നത്?

12. മൂന്നാംനൂററാണ്ടിൽ നൊവേഷ്യൻപാഷണ്ഡതയിൽപ്പെട്ടവർ തങ്ങളുടെ നേതാവായ നൊവേഷ്യനെ റോമയിൽ മെത്രാനായി—എതിർപാപ്പായായി—പ്രതിഷ്ഠിച്ചു. ആ മെത്രാൻ സാക്ഷാൽ അവകാശമുള്ളവനാണോയെന്നതു് അന്തിയോക്കിയാ, ടയർ, പലസ്തീനാ, ആഫ്റിക്കാ, അറേബ്യാ, ഈജിപ്ത്, സിറിയാ മുതലായ പൗരസ്ത്യദിക്കുകളിൽ വാദവിഷയമായി. റോമാമെത്രാനു പ്രാമാണ്യതയില്ലായിരുന്നുവെങ്കിൽ, ശരിയായ റോമാമെത്രാൻ ആരാണെന്നുള്ളതിനെപ്പററി അവരിങ്ങനെ ഉൽക്കണ്ഠിതരാകയില്ലായിരുന്നു. ഇക്കാലത്തു കാർത്തേജിലെ മെത്രാനായ വിശുദ്ധ സിപ്രിയാൻ റോമാസഭയെപ്പററി പ്രസ്താവിച്ചതു് ഇങ്ങനെയാണ്: "മെത്രാൻ പദത്തിന്റെ ഐക്യത്തിനു ഉല്പത്തിസ്ഥാനമായ പത്രോസിന്റെ സിംഹാസനം: പാഷണ്ഡത അതിനെ സമീപിക്കയില്ല." (Harnack History of Dogma, Vol. II, 88 quoted by Dr. Scott O. C. p. 50). മാർപ്പാപ്പായുടെ പരമാധികാരവും അപ്രമാദിത്വവും ഒന്നുപോലെ വി. സിപ്രിയാൻ സമ്മതിക്കുകയല്ലേ ഈ വാക്കുകളിൽ ചെയ്യുന്നത്?

13. എതിർപാപ്പായായ നൊവേഷ്യൻ പല സ്ഥലങ്ങളിലേക്കും ദൂതന്മാരെ അയച്ചു. സത്യവിശ്വാസത്തിൽ വർത്തിച്ചിരുന്ന മെത്രാന്മാരെ മാററി തൽസ്ഥാനത്തു സ്വപാർശ്വവർത്തികളെ നിയമിക്കയുണ്ടായി. വി. സിപ്രിയാന്റെയും അലക്സാന്ത്രിയായിലെ ദിവന്നാസ്യോസിന്റെയും പരിശ്രമഫലമായി പൗരസ്ത്യദിക്കിൽ പല സ്ഥലങ്ങളിലെയും സഭകൾ കത്തോലിക്കാഐക്യത്തിൽ എത്തിച്ചേർന്നുവെന്നു ദിവന്നാസ്യോസു തന്നെ പ്രസ്താവിക്കുന്നു. എതിർപാപ്പാ പൗരസ്ത്യദിക്കിൽ പരമാധികാരം പ്രയോഗിച്ചുവെന്നു് ഇതിൽനിന്നു വ്യക്തമാണല്ലോ. യഥാർത്ഥ പാപ്പായ്ക്കു പരമാധികാരമുണ്ടെന്നുള്ള ബോദ്ധ്യം പൗരസ്ത്യദിക്കിൽ ഉണ്ടായിരുന്നതുകൊണ്ടല്ലേ എതിർപാപ്പാ പരമാധികാരപ്രയോഗത്തിനുമുതിർന്നതു്? നൊവേഷ്യൻ "പരമാധികാരം സ്വയം സ്വീകരിച്ചെന്നും", ഒരു കുരങ്ങിനെപ്പോലെ "കത്തോലിക്കാസഭയുടെ അധികാരവും അതിന്റെ സത്യതയും അയാൾ തനിക്കായി അവകാശപ്പെട്ടെന്നും", വിശുദ്ധ സിപ്രിയാൻ നൊവേഷ്യനെപ്പററി ആക്ഷേപമായി പറയുന്നു. (Ep. 55, 24; 73, 2) മാർപ്പാപ്പായുടെ പരമാധികാരം സംബന്ധിച്ച് വിശുദ്ധ സിപ്രിയാനുണ്ടായിരുന്ന വിശ്വാസം ഇതിൽനിന്നു വിശദമാണല്ലോ.

14. നൊവേഷ്യൻകക്ഷിയോടു് ആനുകൂല്യം പ്രദർശിപ്പിച്ചിരുന്ന ഒരു മെത്രാൻ, തന്റെ പശ്ചാത്താപം റോമാമെത്രാനെ അറിയിക്കണമെന്നു വിശുദ്ധ സിപ്രിയാനോടു് അഭ്യർത്ഥിച്ചപ്പോൾ അദ്ദേഹം ആ മെത്രാനു് എഴുതി: "ഇപ്പോൾ താങ്കൾ അദ്ദേഹവുമായി—അതായതു കത്തോലിക്കാസഭയുമായി—ഐക്യപ്പെട്ടിരിക്കുന്നുവെന്നു അദ്ദേഹമറിവാൻ ആ എഴുത്തിന്റെ ഒരു പകർപ്പ് നമ്മുടെ സഹപ്രവർത്തകനായ കൊർണ്ണേലിയൂസിനു് (റോമാമെത്രാനു്) ഞാൻ അയച്ചുകൊടുക്കണമെന്നു താങ്കൾ എഴുതിയിരുന്നല്ലോ" (Ep. 55, 1) റോമാമെത്രാനോടു ഐക്യപ്പെടുന്നതും കത്തോലിക്കാസഭയോടു ഐക്യപ്പെടുന്നതും ഒന്നുതന്നെയെന്നു വി. സിപ്രിയാൻ ഇവിടെ ഖണ്ഡിതമായി പ്രസ്താവിക്കുന്നല്ലോ. അദ്ദേഹംതന്നെ വി. കൊർണ്ണേലിയൂസ്മാർപ്പാപ്പായ്ക്കു എഴുതുന്നു: "കത്തോലിക്കാസഭയുടെ ഉദരവും വേരും മനസ്സിലാക്കി(അവയെ)മുറുകെ പിടിക്കുവാൻ...... (റോമ്മായിലേക്കു) കപ്പൽകയറുന്നവരെ എല്ലാവരേയും ഉപദേശിച്ചതായി (നമുക്കു്) ഞങ്ങൾക്കു ഉറപ്പുണ്ടു്" (Ep. 48. 3·)

(തുടരും)

# ചോദിച്ചാൽ പറയാം

172. ചോ: രാജാധിപത്യകാലത്തു കത്തോലിക്കാ തിരുസഭ ജനാധിപത്യത്തെ എതിർത്തില്ലേ? എന്നാൽ ജനാധിപത്യഭരണം വന്നപ്പോൾ കത്തോലിക്കാതിരുസഭ ജനാധിപത്യത്തിൽ വിശ്വസിക്കുന്നതെന്തുകൊണ്ടു്? അങ്ങനെയെങ്കിൽ ഇന്നു കമ്മ്യൂണിസത്തെ എതിർക്കുന്നുണ്ടെങ്കിലും ഭരണം കമ്മ്യൂണിസ്റ്റുകാർക്കു കിട്ടുകയാണെങ്കിൽ കത്തോലിക്കാസഭ കമ്മ്യൂണിസത്തോടു യോജിക്കുകയില്ലേ?

(കെ ജെ മേലുകാവുമററം)

ഉ: അടിസ്ഥാനരഹിതങ്ങളായ സങ്കല്പങ്ങളെയും നിഗമനങ്ങളെയും ആധാരമാക്കിയുള്ള ഒരു വാദമാണു ഈ ചോദ്യത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതു്. കത്തോലിക്കാസഭ ഒരു രാഷ്ട്രീയ സ്ഥാപനമല്ല. കേസറിനുള്ളതു കേസറിനും ദൈവത്തിനുള്ളതു ദൈവത്തിനും എന്ന തത്വത്തെയാണു സഭ മുറുകെ പിടിച്ചിട്ടുള്ളതു്. രാഷ്ട്രീയമായ കോളിളക്കങ്ങളിൽ സഭ തലയിടാറില്ല. ദൈവത്തിനുള്ളതു ദൈവത്തിനു നൽകുന്ന കാലത്തോളം സഭ ഭരണസമ്പ്രദായം രാജാധിപത്യമോ ജനാധിപത്യമോയെന്നു നോക്കാറില്ല. എന്നാൽ ദൈവത്തിന്റെ അവകാശങ്ങളെ കൈയേറുവാനുള്ള രാജാധിപത്യത്തിന്റെയും ജനാധിപത്യത്തിന്റെയും ശ്രമങ്ങളെ സഭ എതിർത്തിട്ടുണ്ടു്. രാജാധിപത്യകാലത്തു് സഭ കണ്ണടച്ചു് രാജാധിപത്യത്തെ അനുകൂലിക്കുകയല്ലാ ചെയ്തതു്. ദൈവത്തിന്റെയും സഭയുടെയും അവകാശങ്ങളെ കൈയേറിയ ഹോളിറോമൻ ചക്രവർത്തിയായ ഹെൻറി ചതുർത്ഥനെയും, എട്ടാം ഹെൻറിയെയും, നെപ്പോളിയൻ ചക്രവർത്തിയെയുമെല്ലാം എതിർക്കാനും സംസർഗ്ഗത്തിൽനിന്നു വിച്ഛേദിക്കുവാനും സഭ ശങ്കിച്ചില്ലല്ലോ, ജനങ്ങളുടെ പൗരസ്വാതന്ത്ര്യങ്ങളെ ധ്വംസിച്ച ഇംഗ്ലണ്ടിലെ ജോൺ രാജാവിനെക്കൊണ്ടു് മാഗ്നാകാർട്ടായ്ക്കു ഒപ്പുവെപ്പിച്ചതു് കാൻറർബെറിയിലെ കത്തോലിക്കാ മെത്രാപ്പോലീത്തായായിരുന്ന സ്റ്റീഫൻ ലാങ്ടണല്ലേ?

കത്തോലിക്കാസഭ രാജാധിപത്യകാലത്തു ജനാധിപത്യത്തെ എതിർക്കുകയോ, ജനാധിപത്യകാലത്തു രാജാധിപത്യത്തെ എതിർക്കുകയോ ചെയ്തിട്ടില്ല. രാജാധിപത്യകാലത്തു ജനാധിപത്യത്തിനുവേണ്ടി സഭ സമരം നടത്തിയിട്ടില്ലെങ്കിൽ അതു ജനാധിപത്യത്തോടുള്ള എതിർപ്പുകൊണ്ടല്ലാ, പ്രത്യുത കത്തോലിക്കാസഭയുടെ പ്രവർത്തനപരിധിയിൽപെടാത്തതുകൊണ്ടാണ്. സഭ ഇത്തരം രാഷ്ട്രീയകാര്യങ്ങളിൽ തലയിടുന്നില്ലായെന്നു പറഞ്ഞതുകൊണ്ടു് സഭാംഗങ്ങൾ പ്രവർത്തിക്കുന്നില്ലായെന്നു് അർത്ഥമില്ല. രാജാധിപത്യകാലത്തു ജനാധിപത്യത്തിനുവേണ്ടി പോരാടിയ കത്തോലിക്കരുണ്ടു്. മറിച്ചും. സഭാംഗങ്ങളുടെ രാഷ്ട്രീയമായ ആ അവകാശത്തിൽ സഭ തടസ്സങ്ങളുണ്ടാക്കാറില്ല. നിലവിലുള്ള ഭരണകൂടം നീതിയുക്തവും സത്യസന്ധവുമായി ഭരണം നടത്തുന്നിടത്തോളംകാലം സഭ അതിനെ അനുസരിക്കുകമാത്രമാണു ചെയ്യുന്നതു്. മദ്ധ്യശതകങ്ങളിൽ ഇംഗ്ലണ്ടിലെയും ഫ്റാൻസിലെയുംമററും രാജാധിപത്യങ്ങളോടു കാണിച്ച ആദരവുതന്നെ വെനിസിലെ ജനാധിപത്യങ്ങളോടും സഭ കാണിച്ചിട്ടുണ്ടു്. ഇന്നു പോർത്തുഗലിലെ ജനാധിപത്യത്തെയും ബെൽജിയത്തിലെ രാജാധിപത്യത്തെയും ഒരേ ആദരവോടുകൂടിത്തന്നെ സഭ കരുതുകയും ചെയ്യുന്നു.

കമ്മ്യൂണിസത്തിന്റെ കാര്യം ഒന്നു വേറെയാണ്. ഒരു രാഷ്ട്രീയ പാർട്ടിയെന്ന നിലയിലല്ല സഭ കമ്മ്യൂണിസത്തെ എതിർക്കുന്നതു്. അതിന്റെ ആദ്ധ്യാത്മികവും സാന്മാർഗ്ഗികവുമായ സിദ്ധാന്തങ്ങളോടാണു സഭയ്ക്കു എതിർപ്പുള്ളതു്. പക്ഷെ കമ്മ്യൂണിസത്തിനു് ഒരു പ്രത്യേകതയുണ്ടു്. ആദ്ധ്യാത്മികവും സാന്മാർഗ്ഗികവും രാഷ്ട്രീയവുമായ തത്വങ്ങളെ കൂട്ടിക്കുഴച്ചു് സമ്മിശ്രമാക്കിയിരിക്കുകയാണതു്. ഉദാഹരണമായി കമ്മ്യൂണിസം നിരീശ്വരപരമാണ്; ആ നിരീശ്വരത്വത്തിലാണ് അതു് അതിന്റെ രാഷ്ട്രീയ സൗധം കെട്ടിപ്പടുത്തിരിക്കുന്നതു. നിരീശ്വരത്വത്തെ അതിൽനിന്നു മാററിക്കഴിയുമ്പോൾ കമ്മ്യൂണിസം കമ്മ്യൂണിസമല്ലാതായിച്ചമയും.

ചന്ദ്രിക REGD. ഔഷധസോപ്പ്
ചുണങ്ങ്, താരൻ, മുഖക്കുരു മുതലായവയ്ക്കു്
S.V.PRODUCTS, IRINJALAKUDA

അങ്ങനെ രാജാധിപത്യമോ ജനാധിപത്യമോ പോലെയല്ലാതെ കമ്മ്യൂണിസം അതിനാൽതന്നെ നിഷിദ്ധമായി തീർന്നിരിക്കുന്നു. അധികാരപ്രാപ്തികൊണ്ടു് കമ്മ്യൂണിസത്തിന്റെ ഈ ദോഷം ഇല്ലാതായിത്തീരുന്നില്ല അതിനാൽ കമ്മ്യൂണിസത്തോടു സഭയ്ക്കു് ഇന്നുള്ള എതിർപ്പ് എന്നും ഉണ്ടായിരിക്കും.

"ഭരണം കമ്മ്യൂണിസ്റ്റുകാർക്കു കിട്ടുകയാണെങ്കിൽ കത്തോലിക്കാസഭ കമ്മ്യൂണിസത്തോടു യോജിക്കുകയില്ലേ"യെന്നതു എന്തൊരു ബാലിശമായ ചോദ്യമാണ്. കമ്മ്യൂണിസത്തോടു വല്ല വിധത്തിലും യോജിക്കാമായിരുന്നെങ്കിൽ കർദ്ദിനാൾ മിൻസെന്തിയും കർദ്ദിനാൾ വിഷിൻസ്കിയും കർദ്ദിനാൾ സ്റ്റെപ്പിനാക്കും ആർച്ചുബിഷപ്പു ബ്രിയാനുമെല്ലാം മൃഗീയമായ ജയിൽ ശിക്ഷയ്ക്കും പീഡനത്തിനും തങ്ങളെത്തന്നെ വിധേയമാക്കുമായിരുന്നോ? ലാററ്വിയാ, ലിത്വാനിയാ, പോളണ്ടു്, ഹംഗറി, ചെക്കോസ്ലോവാക്കിയാ, റുമേനിയാ, യൂഗോസ്ലാവിയാ, റഷ്യ, ചൈന മുതലായി കമ്മ്യൂണിസ്റ്റുകാർക്കു ഭരണം കിട്ടിയ എല്ലാ രാജ്യങ്ങളിലും കത്തോലിക്കാസഭ കമ്മ്യൂണിസത്തെ എതിർത്തുകൊണ്ടിരിക്കുകയാണല്ലോ. പിന്നെ ഈ സംശയം എങ്ങനെ ഉണ്ടായി?

173. ചോ: തലവന്മാരായ മാർപ്പാപ്പാമാരെല്ലാംതന്നെ ഇററലിക്കാരായിരിക്കെ, കത്തോലിക്കാസഭയെ സാർവ്വത്രികസഭയെന്നു എങ്ങനെ പറയാം? ഇററലിക്കാരെ മാത്രമേ മാർപ്പാപ്പാമാരായി തിരിഞ്ഞെടുക്കാവൂ എന്നുണ്ടോ?

(കെ. ജെ. എം. കൊരട്ടി)

ഉ: തലവന്മാരുടെ ദേശീയത്വം നോക്കിയല്ല സഭയുടെ സാർവ്വത്രികത നിശ്ചയിക്കുന്നതു്. അതുൾക്കൊള്ളുന്ന അംഗങ്ങളുടെ ദേശീയത്വവും സാർവ്വത്രികതയും നോക്കിയാണ്. ക്രിസ്തു തന്റെ ശിഷ്യന്മാരായി പലസ്തീനാക്കാരെ മാത്രമേ സ്വീകരിച്ചുള്ളുവെങ്കിലും അവിടുന്നു സ്ഥാപിച്ച സഭ ലോകത്തിനു മുഴുവൻ വേണ്ടിയുള്ളതായിരുന്നു. ദേശീയത്വത്തിനതീതമായ ഒരു മണ്ഡലത്തിൽ പ്രവർത്തിക്കുവാനാണു ക്രിസ്തു അപ്പസ്തോലന്മാർക്കു കല്പന നൽകിയതും.

മാർപ്പാപ്പാമാരെല്ലാം ഇററലിക്കാരെന്നു പറയുന്നതു ശരിയല്ല. നാലാം അഡ്റിയാൻ മാർപ്പാപ്പാ ഇംഗ്ലീഷുകാരനും, നാലാം മർട്ടിൻ മാർപ്പാപ്പാ ഫ്റഞ്ചുകാരനും, സക്കറി ഗ്രീക്കുകാരനും, മൂന്നാം ഗ്രിഗറി സുറിയാനിക്കാരനും, ആറാം അഡ്റിയാൻ ഡച്ചുകാരനും ആയിരുന്നു ഇപ്പോഴത്തെ മാർപ്പാപ്പാ ഒരു ഇററലിക്കാരനാണെന്നുള്ളതു ശരിതന്നെ. എന്നാൽ കർദ്ദിനാളന്മാർക്കു ഇഷ്ടമുള്ള ഏതൊരു ദേശക്കാരനേയും മാർപ്പാപ്പായായി തിരിഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യമുണ്ടു്. പേപ്പൽതിരിഞ്ഞെടുപ്പിനുള്ള കോൺക്ലേവിൽ സംബന്ധിക്കുന്നതിനുമുമ്പു് കർദ്ദിനാളന്മാർ ചെയ്യുന്ന സത്യപ്രതിജ്ഞയിൽ, തങ്ങളുടെ മനസ്സാക്ഷിയനുസരിച്ചു് ഏററവും യോഗ്യനെന്നു തോന്നുന്ന ആളിനു വോട്ടു ചെയ്തുകൊള്ളാമെന്നു വാഗ്ദാനം ചെയ്യുന്നു. സ്ഥാനാർത്ഥിയുടെ ജന്മദേശത്തെപ്പററിയുള്ള യാതൊരു പരിഗണനയും ഇവിടെയില്ല.

ഏതു ദേശക്കാരനേയും തിരിഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യമുണ്ടായിരിക്കെ, ഇററലിദേശക്കാരല്ലാത്ത കർദ്ദിനാളന്മാർപോലും ഒരു വിദേശിയെ മാർപ്പാപ്പായായി നിർദ്ദേശിക്കാത്തതെന്താണെന്നു ചിലർക്കു തോന്നിയേക്കാം. അവർ പ്രായോഗികബുദ്ധികൾകൂടിയായതുകൊണ്ടായിരിക്കണം. മാർപ്പാപ്പായായി തിരിഞ്ഞെടുക്കപ്പെടുന്നയാൾ ഇററലിയിൽ(വത്തിക്കാനിൽ) സ്ഥിരതാമസമാക്കേണ്ടതാണല്ലോ. ഇററാലിയൻ ഗവമെൻറിന്റെ കൈയേററങ്ങളെ ശക്തിയായതോതിൽ എതിർക്കുന്നതിനു മാർപ്പാപ്പാ ഒരു ഇററലിക്കാരനായിരിക്കുകയാണു നല്ലതു്. അല്ലെങ്കിൽ ഇററാലിയൻദേശീയവിരുദ്ധമനോഭാവത്തോടുകൂടി മാർപ്പാപ്പാ വർത്തിക്കുന്നുവെന്ന ആരോപണമുണ്ടാകുമല്ലോ. മാർപ്പാപ്പാ ഒരു ഇററലിക്കാരനായിരിക്കുന്നിടത്തോളംകാലം, ഇററാലിയൻ ദേശീയവിരുദ്ധമനോഭാവം മാർപ്പാപ്പായിൽ ചുമത്തുവാൻ ഇററാലിയൻഗവമെൻറിനു സാധിക്കുകയില്ല; അതേസമയം മാർപ്പാപ്പായുടെ നിഷ്പക്ഷതയെപ്പററി മററു ഗവമെൻറുകൾക്കു കൂടുതൽ ഉറപ്പായി വിശ്വസിക്കുകയുംചെയ്യാം.

മാർപ്പാപ്പാ റോമാരൂപതയുടെ മെത്രാൻകൂടിയാണ്. റോമാരൂപതയുടെ മെത്രാൻ എന്ന നിലയിലാണു മാർപ്പാപ്പാ സാർവ്വത്രികസഭയുടെ പരമാദ്ധ്യക്ഷനായിരിക്കുന്നതു്. സാധാരണഗതിയിൽ ഒരു ഇ

THE SOUTH INDIAN BANK LTD.
Estd: 1929 H. O. TRICHUR A Scheduled Bank
SAVINGS BANK ACCOUNTS
3% p. a. Interest allowed without limit.
Maximum withdrawal allowed per week
Rs. 1000. Operation by cheque.
CALL DEPOSITS & FIXED DEPOSITS FOR PERIODS OF 1 to 24 MONTHS ACCEPTED AT VERY ATTRACTIVE RATES
BRANCHES:
ALLEPPEY
ALWAYE
BHAVANI
COCHIN
COIMBATORE
ERNAKULAM
GOBICHETTIPALAYAM
IRINJALAKUDA
KUNNAMKULAM
KOZHIKODE
KOLLENGODE
MADRAS
MANJERI
MANNARGHAT
NILAMBUR
OTTAPALAM
PALGHAT
POLLACHI
PONANI
SALEM
TIRUPUR
TRICHUR
&
WADAKANCHERI

# ചെറുകഥ

## ത ല യോ ട ക ം

(തൃക്കൊടിത്താനം ചാക്കോ)

പകലാകുന്ന നിലവിളക്കിന്റെ പ്രകാശം ഏറെക്കുറെ കരിം തിരി കത്തിത്തുടങ്ങി.

നെടുവീർപ്പുകളുടേയും കദനങ്ങളുടേയും മടിത്തട്ടിൽനിന്നും "മത്തൻ" ഉണർന്നു. അവന്റെ നയനങ്ങളിൽനിന്നും കണ്ണുനീർ പ്രവാഹം നിശ്ശേഷം നിലച്ചിട്ടില്ല. അവന്റെ ഹൃദയം ഉയരുകയും താഴുകയും ചെയ്യുന്നു. ചിന്തയുടെ പഞ്ഞിക്കെട്ടിലേക്ക് തീപ്പൊരികൾ പാറന്നെത്താൻ വെമ്പൽകൊള്ളുകയാണ്. ജീവിതത്തെക്കുറിച്ച് പൊൻനൂൽ പാകിയ കിനാവുകൾ സ്മരണയിൽനിന്നും പൊട്ടി വീണുപോയി. ഇന്നു സഹാറയ്ക്കു സമമായ ഒരു മരുഭൂമിയിൽ ഏകനായി പകച്ചു നിൽക്കുകയാണ്.

വിശാലമായ ഈ ലോകത്തിന്റെ സഹായസഹകരണങ്ങളുടെ അളവുകോൽ എത്രമാത്രമാണെന്ന് കുറഞ്ഞൊരു നാളത്തെ ജീവിതത്തിൽനിന്നും "മത്തനു" മനസ്സിലായി. അതുകൊണ്ടായിരിക്കും ഇന്നും ഒരു തെണ്ടിച്ചെറുക്കനായിത്തന്നെ കഴിയാനാഗ്രഹിക്കുന്നതു്...?

സൃഷ്ടിയുടെ എല്ലാ ആനുകൂല്യങ്ങളും അവനും ലഭിച്ചിട്ടുണ്ട്. എന്നിട്ടും അവനൊരു തെണ്ടിയാണ്.

അവശരും അശരണരും ഇല്ലാത്ത ഒരു ലോകം പടുത്തുയർത്തുന്നതിലേക്കുള്ള ജനങ്ങളുടെ സമരത്തിൽ അവനു ജന്മംകൊടുത്ത പിതാവും അയാളുടെ എളിയ കഴിവുകൾ വിനിയോഗിച്ചിട്ടില്ലെന്നാർക്കറിയാം...? എന്നിട്ടുംഅവൻ ഇന്നൊരു തെണ്ടിച്ചെറുക്കനാണ്.

പക്ഷേ....? അവന്റെ കൈവശം പണമില്ല. അവന്റെ മുമ്പിൽ അന്താരാഷ്ട്രീയ പ്രശ്നങ്ങളില്ല; എരിപൊരികൊള്ളുന്ന വയറിന്റെ ഒരു നേരത്തെ സംതൃപ്തിമതി ഒരു ദിവസത്തെ ആകെ മണിക്കൂറുകളേയും, മിനിട്ടുകളേയും സെക്കൻറുകളേയും അവൻ പുഞ്ചിരിയോടുകൂടി യാത്രപറഞ്ഞയക്കുവാൻ.

മത്തന്റെ പൂർവ്വചരിത്രത്തേക്കുറിച്ച് അവനൊരറിവും ഇല്ല. പൂർവ്വികന്മാർ ആരൊക്കെയായിരുന്നു എന്നു അന്വേഷിച്ചിട്ടുമില്ല. അതിനുള്ള ചരിത്രരേഖകളൊന്നും ആ കൊച്ചുവീട്ടിനുള്ളിൽ അവൻ കണ്ടിട്ടില്ല. പിന്നെ കൺകോണുകളിൽ കാഴ്ച തങ്ങിനിൽക്കുന്ന കാലം മുതൽ മത്തന്റെ ജീവചരിത്രം ആരംഭിക്കുന്നു.

അന്നു്; അതായതു് അവനറിവായതുമുതൽ കാണുന്ന പട്ടണവും അതിന്റെ പരിസരമായ പുല്ലു പിടിച്ച ഗ്രാമപ്രദേശവും അവൻ ഇന്നും കാണുന്നുണ്ട്. പക്ഷേ അന്നു കൂനാച്ചിപ്പുരകൾ മുഴച്ചുനിന്ന സ്ഥാനത്തു് ഇന്നു ഉയർന്ന രണ്ടു നിലക്കെട്ടിടങ്ങളുയർന്നും പട്ടണം വൈദ്യുതദീപംകൊണ്ടു പ്രശോഭിതമായെന്നും മാത്രം. അങ്ങനെ ആകാശത്തോളം ഉയർന്നുപൊങ്ങുന്ന കെട്ടിടങ്ങളുടേയും പരിഷ്കൃതമായ ചലിക്കുന്ന കൊട്ടാരങ്ങളുടേയും ചന്ദ്രനിലേക്കെത്താനുള്ള "റോക്കററു"കളുടേയും യുഗത്തിൽ മത്തനും ജീവിക്കുകയാണ്.

മത്തൻ എഴുന്നേററു ഒലിച്ചിറങ്ങുന്ന കണ്ണുനീർത്തുള്ളികൾ തുടച്ചുനീക്കിയതിനുശേഷം പട്ടണത്തിലേക്കുള്ള ഊടുവഴിയെ ലക്ഷ്യമാക്കി നടന്നകന്നു.

അല്പസമയത്തിനുള്ളിൽ പട്ടണത്തിൽ സ്ഥിതിചെയ്യുന്ന ദേവാലയപരിസരത്തു് അവൻ എത്തി.

ചലനാത്മകത്വം നശിച്ച മനുഷ്യഹൃദയങ്ങൾക്കുവേണ്ടി കൽഭിത്തികൊണ്ടു വേർതിരിച്ചിരിക്കുന്ന ലോകത്തിന്റെ പ്രവേശനദ്വാരത്തിങ്കൽ മത്തൻ ചെന്നുനിന്നു.

അവന്റെ ഹൃദയം കൂടുതൽ വിഷമസമ്പൂർണ്ണമായിത്തീർന്നു. ആ കണ്ണുകളിൽ അസംഖ്യം മണൽക്കൂനകളും, അങ്ങിങ്ങ് പരിഷ്കൃതമായി പണികഴിപ്പിച്ചിട്ടുള്ള ഏതാനും "കല്ലറകളും" അവൻ കണ്ടു.

അവന്റെ നയനങ്ങളിൽനിന്നും ബാഷ്പകണങ്ങൾ ഇററിററുവീഴുകയാണ്.

അനേകം മനുഷ്യാത്മാക്കൾ അന്ത്യവിശ്രമംകൊള്ളുന്ന ലോകത്തിന്റെ ഇടയിൽക്കൂടിയുള്ള വീതികുറഞ്ഞ പാതയിൽക്കൂടി ശ്മശാനത്തിന്റെ പടിഞ്ഞാറെ മൂലയിലേക്ക് അവൻ നീങ്ങി.

ഏതാണ്ട് ഇടിഞ്ഞുപൊളിഞ്ഞ ഒരു മണൽക്കൂന അവൻ കണ്ടു.

ആ ശവകുടീരത്തിന്റെ മുമ്പിൽ മത്തന്റെ ശിരസ്സ് താണു. കാൽമുട്ടുകൾ മടങ്ങി കൈകൾ കൂമ്പി. കണ്ണുകൾ നിറഞ്ഞു.

അവന്റെ ചിന്ത ഭൂതകാലത്തിലെ സംഭവപരമ്പരകളിലേക്കു പായുകയാണ്.

× × ×

"മോനെ കരേല്ലെ, എന്റെ പൊന്നുമോൻ കരേല്ലെ..." പ്രിയംനിറഞ്ഞ മാതാവു മകനെ സമാധാനിപ്പിച്ചു.

"എന്നാ എനിക്കൊരു ഉടുപ്പു തയ്പ്പിച്ചു താ"

"അമ്മേടെ കയ്യി ഇപ്പം കാശൊന്നും ഇല്ല. എന്റെ പൊന്നുമോനു് അമ്മ ഉണ്ണീശോടെ പെറവിടന്നു് നല്ല ഉടുപ്പും നിക്കറും തയിപ്പിച്ചു തരാം."

മത്തന്റെ കരച്ചിൽ നിന്നു.

"എന്നാ അച്ചാച്ചനെന്ത്യേന്നു പാ" വീണ്ടും ഒരു ചോദ്യംകൂടി അവൻ എറിഞ്ഞു.

ആ ചോദ്യത്തിന്റെ മുമ്പിൽ—ന്യായമായ ആ ചോദ്യത്തിന്റെ മുമ്പിൽ മറിയ ഗതിമുട്ടിപ്പോയി.

"മോനു നിക്കറുവേണോ ഉടുപ്പു വേണോ....?" മറിയ അവന്റെ ആഗ്രഹത്തെ ഒന്നു തിരിച്ചു വിടാൻ ശ്രമിച്ചു.

"അച്ചാച്ചനെന്ത്യേന്നു പറ..." അവൻ വീണ്ടും ശാഠ്യം തുടങ്ങി.

മറിയയുടെ നയനങ്ങൾ നിറഞ്ഞു.

"അച്ചാച്ചനെന്ത്യേന്നു" ചോദിച്ചപ്പം..." അവൻ വീണ്ടും ആവർത്തിച്ചു.

"അച്ചാച്ചൻ....അ ച്ചാ ച്ച ൻ സ്വർഗ്ഗത്തു പോയി മോനെ."

"എന്നു വരും അമ്മേ...?"

"ഒത്തിരി ദെവസം കഴിമ്പം വരും..."

"എന്തിനാമ്മേ അച്ചാച്ചൻ സ്വർഗ്ഗത്തു പോയിരിക്കുന്നെ..." മത്തന്റെ ചിന്തകളുടെ കുഞ്ഞിച്ചിറകുകൾ വിരിയുകയാണ്.

മറിയ കുഴങ്ങി.

"അച്ചാച്ചൻ വരുമ്പം എനിക്കു പട്ടുടുപ്പു കൊണ്ടുവരും അല്ലേമ്മേ?"

"ഉം..." അവരൊന്നു മൂളി.

അങ്ങനെ പ്രതീക്ഷകൾ മൊട്ടിട്ട മുന്തിരിത്തോപ്പിൽക്കൂടിമത്തൻ നീങ്ങി. വേദനയുടെ കരിനിഴൽ വീഴാതെ തന്നെ തുപ്പുകാരി മറിയയുടെ മകൻ മത്തൻ വളർന്നു.

കിഴക്കു വെള്ളവീശുമ്പം മറിയ ചൂല്യമായി പട്ടണത്തിലേക്കു നീങ്ങും. കൂട്ടുജോലിക്കാർ പണിയാൻ പ്രവേശിക്കുന്നതിനു മുൻപായിത്തന്നെ മറിയക്കുള്ള വാർഡുകൾ അവൾ വെടിപ്പാക്കിക്കഴിയും.

മാസം കിട്ടുന്ന ശമ്പളം ഇരുപത്തി രണ്ടര രൂപയാണ്. അതിൽ നിന്നും "ഓവർസർ" യജമാനനു് അഞ്ചു രൂപാ പോകും. അതു കീഴ്‌വഴക്കം ആണ്. അതു ചെയ്തേ മതിയാവൂ. കൈക്കൂലി ആണെന്നു തെററിദ്ധരിക്കരുതേ. മറിയയുടെ ജോലി അവൾ കൃത്യമായും വൃത്തിയായും നിർവ്വഹിക്കുന്നുണ്ടെന്നു് ഓവർസീയർ യജമാനനു എഴുതണമെങ്കിൽ "റൂത്രി" യജമാനനു് എറിഞ്ഞേ പററൂ. ഉദ്യോഗമാകുന്ന കവചം ധരിച്ചിരിക്കുന്ന എല്ലാവർക്കും കിട്ടുന്നതും കീഴ്‌സിൽബന്ധികളിൽനിന്നും മാസം മാസം കിട്ടേണ്ടതുമായ ഒരു അവകാശമാണതു്. ഡിപ്പാർട്ടുമെൻറും ആ "കോഴയു"മായി യാതൊരു ബന്ധവുമില്ല. അതു ചെവിക്കു ചെവി അറിയാതെ യജമാനനു കൊടുക്കുകയും വേണം.

ബാക്കിയുള്ള പതിനേഴരരൂപയിൽനിന്നും പ്രതിമാസം താമസിക്കുന്ന ഒരു ചാത്തിനു് മൂന്നരരൂപാ പോകും. ശേഷിച്ച പതിനാലു രൂപകൊണ്ടുവേണം അവളുടേയും മത്തന്റേയും ഒരുമാസത്തെ ചിലവു നടക്കേണ്ടതു്.

അവന്റെ കൈയോ കാലോ വളരുന്നതെന്നോർത്തു് അവൾ കഴിയുകയാണ്. അവൻ വളർന്നിട്ടു വേണം മറിയയുടെ ഒടുങ്ങാത്ത ആഗ്രഹങ്ങൾ ഫലവത്താകുവാൻ. പണിയെടുക്കുവാൻതക്ക ആരോഗ്യം അവനുണ്ടായെങ്കിലേ പത്തു സെൻറു സ്ഥലം വാങ്ങി സ്വന്തമായി ഒരു കുടിലിൽ താമസിക്കാനൊക്കൂ. അതിനുശേഷം മത്തനെക്കൊണ്ടു ഒരു വിവാഹവും. അങ്ങനെ ഒരു പുതിയ തലമുറ ഉടലെടുക്കുവാൻ ........അങ്ങനെ ആശകളുടെ കൊട്ടാരം മനസ്സിൽ തീർക്കുകയാണ് സാധു മറിയ.

കാലങ്ങൾ ഒന്നിനു പുറകെ ഒന്നായി ചിറകുവിരിച്ചു പാറുകന്നു.

"പക്ഷേ...?" ആ കനത്ത രണ്ടക്ഷരത്തിൽ ആ കൊച്ചുകുടുംബം, അതേ, രണ്ടു ജീവൻ ഞെരുങ്ങി അമർന്നുപോയി.

നാടൊട്ടുക്കു പടർന്നുപിടിച്ച പകർച്ചവ്യാധി മറിയയേയും ആക്രമിച്ചു. അവൾക്കു ജോലിക്കുപോകുവാൻ നിവൃത്തിയില്ലാതായിത്തീർന്നു.

ഒരു ദിവസം ജോലിക്ക് ഹാജരായില്ലെങ്കിൽ ഓവർസീയർ യജമാനൻ കോപിക്കും. കിട്ടുന്ന തുക മുഴുവൻ അദ്ദേഹത്തിനു കാഴ്ചവച്ചാലും അദ്ദേഹത്തിന്റെ ദ്രവ്യാഗ്രഹം തീരുകയില്ല.

പക്ഷേ നിത്യവൃത്തി എങ്ങനെ കഴിയും...? മകൻ പട്ടിണി കിടക്കണമല്ലോ...? അതാലോചിച്ചപ്പോഴാണ് മറിയയുടെ ഹൃദയം ഉരുകുവാൻ തുടങ്ങിയതു്. ആപത്തുകാലത്തു സഹായിക്കുവാൻ ആരും തന്നെ അവർക്കില്ല. പിന്നെ അയൽപക്കത്തുനില്ക്കുന്ന "ഉയർന്ന" മണിമാളികയാണ്. ആ മാളികയ്ക്കുള്ളിൽ മനുഷ്യത്വം എന്താണെന്നറിഞ്ഞുകൂടാത്ത കുറെ മനുഷ്യപ്പുഴുക്കളാണ് കഴിയുന്നതു് വേദനകളുടേയും നെടുവീർപ്പുകളുടേയും രുചി എന്താണെന്നു് അവർക്കനുഭവപ്പെട്ടിട്ടില്ല. കണ്ണീരിന്റെ ഉറവിടം എവിടെനിന്നാണെന്നും, എന്തിനുവേണ്ടിയാണു പാവങ്ങൾ കണ്ണീരുവീഴ്ത്തുന്നതെന്നും അവർക്കറിഞ്ഞുകൂടാ—അവരതു തിരക്കിയിട്ടില്ല. പിന്നെ പണം സമ്പാദിക്കണം. അവരെ അതിലേക്കുവേണ്ടിയാണു സൃഷ്ടിച്ചിരിക്കുന്നതെന്നുള്ള ഒരഹങ്കാരവും....എന്താ പോരേ?

അങ്ങനെയുള്ള ഒരയൽപക്കം കൊണ്ടു പാവപ്പെട്ടവർക്ക് എന്താണു പ്രയോജനം? അവരുടെ അയൽപക്കം പട്ടിണിയിൽ കഴിഞ്ഞാൽ അവർക്കെന്തുചേതം? ഒരു മനുഷ്യശരീരം അവരുടെ കൺമുമ്പിൽ ചീഞ്ഞുനാറിക്കിടന്നാലും മുതലാളിത്വത്തിന്റെ കണ്ണുകൾ തുറക്കുകയില്ല. ആ കരിങ്കൽഹൃദയം ഒന്നു മയപ്പെടുകയില്ല. പാവങ്ങളോടു സഹാനുഭൂതി പ്രദർശിപ്പിക്കുകയില്ല.

മറിയയുടെ നയനങ്ങൾ വിതുമ്പി. "മോനേ, മത്താ..." വിങ്ങിയ സ്വരത്തിൽ അവൾ വിളിച്ചു.

"എന്തോ...?"

"നീ ഓവർസീയർ യജമാനനെ ഒന്നു പോയ്ക്കാണ്...."

"എന്തിനാമ്മേ..."

"കൊറച്ചുദിവസംകൂടി കഴിഞ്ഞിട്ടേ ജോലിക്കു വരത്തൊള്ളെന്നു് പറേണം. കാലം വല്ലാത്തതാ. ഞാൻ ജോലിക്കു കേറുമ്പം കണ്ടോളാം എന്നു് അത്യേഹത്തോടു പറ..."

"സൊകമായിട്ടു ചെന്നാപ്പോരെ, പിന്നെന്തിനാ നേരത്തേ പറേണേ...?"

"മോനേ, നമ്മടെ സൗകര്യത്തിനല്ല ജോലി. ജോലീടെ സൗകര്യത്തിനാ നമ്മൾ. എന്തെങ്കിലും ഒരു കാറം നമ്മിൽനിന്നും നോക്കിരിക്കുവാ ജോലീന്നു് പിരിച്ചുവിടാൻ. നീ ചെന്നു് അമ്മേടെ സൊകക്കേടുവിവരം ഒന്നു വിസ്തരിച്ചുപറ.. ..."

മത്തന്റെ ഹൃദയവും തളർന്നുപോയി.......

നാടൊട്ടുക്കു പകർച്ചവ്യാധി കുതിച്ചുകയറുകയാണ്. പണവും പ്രതാപവും ഉള്ളിടത്തും രോഗത്തിനു കടന്നുചെല്ലുന്നതിനു് യാതൊരു ഭയവുമില്ല. അങ്ങനെ പട്ടണവും ഗ്രാമവും വസന്തയുടെ പിടിയിൽ പെട്ടുപോയി.

നാട്ടിൽ ശുചിത്വക്കുറവുകൊണ്ടാണെന്നാണ് മെഡിക്കൽമന്ത്രിയുടെ പ്രസ്സ് റിലീസ്. പക്ഷേ ശുചിത്വം വേണ്ടതുപോലെ കാത്തുസൂക്ഷിക്കുന്നിടത്തും രോഗം താണ്ഡവനൃത്തം വയ്ക്കുന്നുണ്ട്.

എന്നാൽ പണക്കാർക്കാണെങ്കിൽ പെട്ടെന്നു് പ്രതിവിധിതേടുന്നതിനു് അവരുടെ സാമ്പത്തികനില അവരെ അനുവദിക്കും. എന്നാൽ പണവും ആൾസ്വാധീനവും കഴിവുമില്ലാത്ത ഒരു വലിയ വിഭാഗം മനുഷ്യരുടെ കാര്യമാണു ദയനീയം, അവരുടെ ആശാകേന്ദ്രം പോക്കുകെട്ട ആസ്പത്രിമാത്രമാണ്. അവിടെ കുറെ "ചുക്കാ" വെള്ളം കലക്കിവെച്ചിട്ടുണ്ട്. ചെല്ലുന്നവർക്കെല്ലാം അതു കുറേശ്ശെ കൊടുത്തയക്കും. കമ്പോണ്ടറെ പ്രത്യേകമായി ഒന്നു കാണുന്നവർക്ക് അതനുസരിച്ചു പ്രയോജനവുമുണ്ട്. ഇതിനൊന്നിനും കഴിവില്ലാത്ത മൂകരായ ഒരു വർഗ്ഗത്തിന്റെ നിലയാണ് കഷ്ടം. അവർ ഈ "ചുക്കാ"വെള്ളം കുടിച്ചുകഴിയുമ്പോൾ ഒന്നുകിൽ മരുന്നുവാങ്ങിക്കാത്തനിലയിലേക്കു നാളെ എത്തിച്ചേരും. അല്ലാത്തപക്ഷം രോഗം മറെറാന്നായി മാറും. ആ വർഗ്ഗത്തെ പ്രതിനിധീകരിക്കുവാൻ ആരുമില്ല. അവരുടെപേരിൽ മുതലക്കണ്ണീരുവീഴ്ത്താനും പ്ലാററുഫോറങ്ങളിൽനിന്നു് ആവേശഭരിതമായി പ്രസംഗിക്കുവാനും വേണ്ടുവോളം നേതാക്കന്മാർ ഉണ്ട്. അങ്ങനെ അധികാരപ്രമത്തതയിൽ ഇരുന്നുകൊണ്ടു് പാവങ്ങളുടെ ജീവനെ അമ്മാനമാടുകയാണു ഭരണാധികാരികൾ ...പക്ഷേ ... .... നാളെ....അതോർമ്മവേണം .......? വീണ്ടും ചെററക്കുടിലിന്റെമുന്നിൽ "വോട്ടു"തെണ്ടാൻ വരും... ആ കാലം വിദൂരത്തിലല്ല. ജനങ്ങൾ ഒന്നടങ്കം എഴുന്നേററാൽ......!

× × ×

മറിയയുടെ അസുഖം കൂടിക്കൂടിവരികയാണ്. മകനെക്കുറിച്ചുള്ള ആശകൾ കണ്ണിൽനിന്നും മാഞ്ഞുമാഞ്ഞുപോകുന്നതായി അവൾക്കുതോന്നി. അങ്ങനെ എന്തെങ്കിലും സംഭവിച്ചാൽ...?

കഷ്ടം! അവനു ഒരാശാകേന്ദ്രവും അവർ ഈ ലോകത്തിൽ കാണുന്നില്ല. കഷ്ടിച്ചു പതിമൂന്നുവയസ്സുമാത്രം പ്രായമുള്ള അവൻ ഈ ലോകത്തിന്റെ വക്രബുദ്ധിയെക്കുറിച്ച് എന്തു മനസ്സിലാക്കി? വേലയെടുത്തു ജീവൻ നിലനിർത്താൻതക്ക പ്രായത്തിൽ അവൻ ചെന്നെത്തിയിട്ടില്ല. പക്ഷേ മറിയക്കു ഒരു നിണ്ടസമാധാനം മാത്രമേയുള്ളൂ. ഒററഒരെണ്ണമേയുള്ളൂ. അതു പെണ്ണുമല്ല, പെണ്ണായിരുന്നെങ്കിൽ, ആ ദുർഘടംപിടിച്ച അവളുടെ യുവത്വം— അതു മറിയക്കു ഓർക്കുവാൻ നിർവ്വാഹമില്ല "മത്തൻ" ആൺകുഞ്ഞാണ്. ഏതു കടത്തിണ്ണയിൽ വേണമെങ്കിലും അവനു് അന്തിയുറങ്ങാം.

മറിയയുടെ ഹൃദയം വേദനകൾ കൊണ്ടു പൊട്ടിപ്പോകുകയാണ്.

"കുഞ്ഞേ, മത്താ..."

അവനൊന്നും ശബ്ദിച്ചില്ല. ആ കൊച്ചുഹൃത്തിൽ വേദനകൾ ഒന്നിച്ചുകൂടി നൊമ്പരപ്പെടുത്തുകയാണ്.

(ശേഷം 4-ാംപേജിൽ)




റാലിക്കാരൻ തങ്ങളുടെ മെത്രാനാകുവാനാണല്ലോ റോമാരൂപതക്കാർ ആഗ്രഹിക്കുക. വിപരീതമായ മററു കാരണങ്ങൾ ഇല്ലാത്ത പക്ഷം, യോഗ്യന്മാരായ ഇററലിക്കാർ ഉള്ളപക്ഷം, അവരിൽ ഒരാളെ മാർപ്പാപ്പായായി തിരഞ്ഞെടുക്കുന്നതിനു കർദ്ദിനാളന്മാർ ഇഷ്ടപ്പെടുന്നതു ഇതുകൊണ്ടാണ്. ഒരു ഇററലിക്കാരൻ തിരഞ്ഞെടുക്കപ്പെടുന്നതുകൊണ്ടു കുഴപ്പമില്ലെന്നു അവർക്കറിയാം. കാരണം മാർപ്പാപ്പായായി തിരഞ്ഞെടുക്കപ്പെടുന്നയാൾ പിന്നീടു സങ്കുചിതമായ ദേശീയപരിധിക്കുള്ളിൽ ഒതുങ്ങുകയല്ലാ, ഒരു വിശ്വപൗരനായി ഉയരുകയാണു ചെയ്യുന്നതു്. മാർപ്പാപ്പാ എല്ലാവരേയും തുല്യനിലയിൽ പരിഗണിക്കുന്നു.

ആഖ്യായിക

## ബാറബാസ്



അദ്ധ്യായം 26

### ദ്വേഷത്തിൻ ദൂതൻ

(വി. സി. ജോർജ്ജ് ബി. എ. എൽ. റ്റി.)

ഗുണ്ടയിൽനിന്നിറങ്ങിപ്പോയി എസ്രായുമായുള്ള ബന്ധം പാടെ ഉപേക്ഷിക്കുവാൻ ബാറബാസ് തീരുമാനിച്ചു. എസ്രായിൽ സംഭൂതമായ ഭാവഭേദം, തന്റെ ഉത്തമമിത്രത്തിന്റെ നിരസനം, ചത്തൊടുങ്ങി കഥകഴിഞ്ഞ നസ്രായന്റെനേർക്കു എസ്രായ്ക്കുണ്ടായ അയുക്തമായ ഭക്തി എന്നിവ വാടിത്തളർന്ന സ്വന്തം ശരീരത്തിലെ വേദനകളെക്കാളധികം ബാറബാസിനു പീഡയുളവാക്കി. തവേർണയിൽവച്ചുണ്ടായ വ്യാമോഹവിമുക്തി ഒടുവിലത്തെ അടിയായിരുന്നു. മാനസികമായും ശാരീരികമായും അനുഭവിച്ച ക്ലേശഭാരം ക്ഷീണാധിക്യത്തിൽ സംയോജിച്ചതുനിമിത്തം ബാറബാസിനെ താങ്ങുവാൻ അയാളുടെ കാലുകൾക്കു കഴിഞ്ഞില്ല. ഗുണ്ടയുടെ വാതിലിൽനിന്നു് ഏതാനും അടി നീങ്ങിയപ്പോൾ അയാൾ നിലംപതിച്ചു ബോധരഹിതനായിത്തീർന്നു. എസ്രാ അടുത്തെത്തി ശ്രദ്ധാപൂർവ്വം അയാളുടെ മുഖത്തു നോക്കിനിന്നതും, തവേർണയിൽ ഉണ്ടായിരുന്ന വർച്ചേന്തു് അയാളെ കോരിയെടുത്തു ആ കെട്ടിടത്തിലേക്കു കൊണ്ടുപോയതും ബാറബാസ് കാണുകയോ അറിയുകയോ ചെയ്തില്ല. ബാറബാസ് നിർബാധം ഇരുപത്തിനാലു മണിക്കൂർ സുഷുപ്തിയിൽ കഴിഞ്ഞപ്പോൾ അയാളുടെ കാര്യത്തിൽ എത്രമാത്രം ശ്രദ്ധയും ആകുലതയും എസ്രായ്ക്കുണ്ടായിരുന്നുവെന്നുള്ളതും അയാൾക്കു ദുർഗ്രാഹ്യമായിരുന്നു.

അയാൾ ഉണർന്നപ്പോൾ എസ്രാ കട്ടിലിനു സമീപം ഇരിക്കുന്നതായിട്ടാണു കണ്ടതു്. "എനിക്കെന്തുപറ്റി? ഞാനിവിടെനിന്നിറങ്ങി...." എസ്രാ ചോദിച്ചു.

"അതെ, ഇവിടെനിന്നു കടന്നുകളയാമെന്നു കരുതി. പക്ഷെ കനത്ത ക്ഷീണം അതനുവദിച്ചില്ല. ബാറബാസ്, താൻ എന്നിൽനിന്നു പിരിഞ്ഞുപോകുവാൻ ആലോചിക്കേണ്ട. ഞാൻ തന്നെ സ്നേഹിക്കുന്നു, മുമ്പുണ്ടായിട്ടില്ലാത്തവിധം എന്നു പറയാം. താൻ എത്രയധികം സങ്കടമനുഭവിക്കുന്നുവെന്നും സ്നേഹത്തിന്റെ ആവശ്യം തനിക്കെത്രയധികമുണ്ടെന്നും ഇപ്പോൾ ഞാനറിയുന്നു."

ഈ വാക്കുകൾ ബാറബാസിനെ എസ്രായോടടുപ്പിക്കുകയല്ലാ ചെയ്തതു്; ബാറബാസിന്റെ അകൽച്ചയ്ക്കാഴം കൂട്ടുകതന്നെ ചെയ്തു.

ബാറബാസും എസ്രായും തമ്മിൽ ഒടുവിൽ പിരിഞ്ഞശേഷം എസ്രായിൽ ബാഹ്യമായ പല മാറ്റങ്ങളും വന്നിരുന്നു. അയാളുടെ മീശയും കേശവും നിശ്ശേഷം നരച്ചുവെങ്കിലും അയാളുടെ മുഖത്തു മുമ്പൊരിക്കലും അനുഭവപ്പെടാതിരുന്ന രീതിയിൽ പ്രശാന്തത വിളങ്ങിയിരുന്നു. ഒടുങ്ങാത്ത വിദ്വേഷജ്വാല സദാ തെളിഞ്ഞുകാണാമായിരുന്ന അയാളുടെ കണ്ണുകളാകട്ടെ കോമളതയുടെ കിരണങ്ങളത്രെ ഇപ്പോൾ പ്രസരണം ചെയ്തിരുന്നതു്.

"സ്നേഹം...സ്നേഹം..." ബാറബാസ് പൊറുപൊറുത്തു. അയാൾ തുടർന്നു പറഞ്ഞു: "ആ വാക്കിൽ മരണം ഒളിഞ്ഞിരിപ്പുണ്ടു്. അതു് നസ്രായനെ എവിടെയാക്കിയെന്നു താനറിഞ്ഞില്ലേ? അയാളുടെ ബന്ധുയോഗ്യ് താൻ ഒരു പെണ്ണായിത്തീർന്നിരിക്കുന്നു, എസ്രാ. താൻ ഇനിമേലിൽ യോദ്ധാവേയല്ല."

"അതെ, ബാറബാസ്, ഞാൻ ഒരു യോദ്ധാവുതന്നെ. നമ്മളും സ്നേഹത്തിനുംവേണ്ടി സമരംചെയ്യാനുള്ള യോദ്ധാവ്. മാനവവംശത്തിനു വിദ്വേഷമല്ല സ്നേഹമാണ്, ദ്രോഹമല്ല കാരുണ്യമാണ് ഉപകാരപ്രദമെന്നു ഞാൻ കണ്ടുകഴിഞ്ഞു."

"പരസ്പരം മനസ്സിലാക്കുവാൻ കഴിയാത്ത അവസ്ഥയിൽ നാമിരുവരും എത്തിയിരിക്കുന്നു, എസ്രാ." ഇത്രയും പറഞ്ഞിട്ടു് ബാറബാസ് മൗനമവലംബിച്ചു.

ഇതുപോലെയുള്ള ചർച്ചകൾ ഇവർ തമ്മിൽ പിന്നീടു പലപ്പോഴും നടന്നു. ഫലം ആദ്യത്തേതുതന്നെ. ഈ സ്ഥിതിയിൽ ബാറബാസിന്റെ സഖ്യം ഉപേക്ഷിച്ചു് സ്ഥലം വിടുവാൻ എസ്രാ ഉച്ചു. മണലാരണ്യത്തിനും കൃഷിപ്രദേശത്തിനുംമദ്ധ്യേ ഇടയന്മാർ ആട്ടമേയിച്ചു് കാലയാപനം ചെയ്തിരുന്ന ഇടനാടു ലക്ഷ്യമാക്കി രാജ്യത്തിന്റെ വടക്കുകിഴക്കൻ ഭാഗങ്ങളിലേക്കു തിരിക്കണമെന്നായിരുന്നു എസ്രാ കരുതിയതു്. അവിടെ ഏതുവിധവും ജോലിയും ഉപജീവനമാർഗ്ഗവും ലഭിക്കുമെന്നയാൾ ആശിച്ചു. 'ജറുസലേം എന്തായാലും വിടുകതന്നെ. ആവശ്യത്തിലധികം ഒരുദിവസംപോലും അവിടെ കഴിക്കുവാൻ അയാൾക്കു മനസ്സുവന്നില്ല. അത്രയ്ക്കു വലിയ ഭയകമ്പം ആ നഗരത്തെപ്പറ്റി അയാൾക്കുണ്ടായിരുന്നു. ഏതായാലും തൽക്കാലം ബാറബാസിനെ ശുശ്രൂഷിക്കേണ്ടതുണ്ടു്. അയാൾക്കു ആഹാരം എസ്രാ നൽകുകയുംവേണം. ബാറബാസിനു ആരോഗ്യം വരുമ്പോൾ താൻ പട്ടണത്തിൽനിന്നു പുറപ്പെടണം.

ഭാവിയെപ്പറ്റി ബാറബാസും ആലോചിക്കുകയായിരുന്നു. എസ്രായുടെ തീരുമാനം അറിഞ്ഞപ്പോൾ ഇരുവരുമൊരുമിച്ചാകട്ടെ യാത്രയെന്നു് ബാറബാസ് നിർദ്ദേശിച്ചു.

"ഞാൻ തന്നോടു കാര്യം തുറന്നു പറഞ്ഞേക്കാം. എസ്രാ. എനിക്കു ആട്ടിടയനായി സമാധാനപൂർവ്വം ജീവിതം കഴിക്കാൻ വിചാരമില്ല. കുറേദൂരം തന്നോടുകൂടി സഞ്ചരിച്ചിട്ടു് ഞാൻ നേരെ മരുഭൂമിയിലേക്കു തിരിക്കും. എന്റെ ആൾക്കാരിൽ കുറേപ്പേരെയെങ്കിലും അവിടെ കണ്ടുമുട്ടുവാൻ സാധിച്ചേക്കും. ഇനിയത്തെ വിപ്ലവത്തിനുള്ള എന്റെ സജ്ജീകരണം ഇപ്പോഴത്തേതിലും മെച്ചമായിരിക്കും. അതു വിജയിക്കും; ഞാൻ ഇസ്രായേലിനെ സ്വതന്ത്രയാക്കും എസ്രാ."

"സായുധസംരംഭങ്ങളിലുള്ള എന്റെ വിശ്വാസം ക്ഷയിച്ചുപോയി, ബാറബാസ്. അതു ഇസ്രായേലിന്റെ നാശത്തിനേ ഉപകരിക്കുകയുള്ളു. യുദ്ധത്തെപ്പറ്റിയുള്ള ചിന്ത തനിക്കുപേക്ഷിക്കരുതോ? ദൈവത്തോടും തന്നോടുതന്നേയും തനിക്കു രഞ്ജിപ്പിച്ചുകൂടയോ?"

"പണ്ടത്തേതിലുമധികമാണു് ഞാൻ റോമന്മാരെ വെറുക്കുന്നതു്. നമ്മുടെ ഈ പരിശുദ്ധ ഭൂമിയിൽ ഒരൊറ്റ റോമൻ അവശേഷിക്കുന്ന കാലത്തോളം എനിക്കു മനസ്സമാധാനം ഉണ്ടാകുകയില്ല. അവരുടെ അജയ്യതയിൽ എനിക്കൊരിക്കലും വിശ്വാസം തോന്നിയിട്ടില്ല; ഇന്നു തോന്നുന്നുമില്ല. പുരോഹിതന്മാരുടെ ഇടുപ്പുമുമ്പിൽ സീസറിന്റെ ഗവർണ്ണർ ആലില പോലെ വിറച്ചതു താൻ നേരിൽ കണ്ടതല്ലേ?"

"ആ കൊലപാതകത്തിൽ അദ്ദേഹം പങ്കെടുക്കാതിരുന്നുവെങ്കിൽ അതദ്ദേഹത്തിനും നമ്മുടെ സമുദായത്തിനും മൊത്തം മാനവവംശത്തിനുതന്നെയും അനുഗ്രഹപ്രദമാകുമായിരുന്നു. മിശിഹായുടെ രക്തം ഇവരെല്ലാവരുടെമേലും പതിക്കുകതന്നെ ചെയ്യും" എസ്രാ ചിന്താധീനനായി സംസാരിച്ചു.

ബാറബാസിന്റെ വിമോചനാനന്തരം നാലാം ദിവസം ഇരുവരും യാത്രപുറപ്പെട്ടു. അവർ പ്രഭാതത്തോടുകൂടി നഗരത്തിൽനിന്നിറങ്ങി ജെറിക്കോയിലേക്കുള്ള വഴിയിൽക്കൂടി നടന്നു. കാലാവസ്ഥ വളരെ ഭേദപ്പെട്ടപോലെതോന്നി. ചൂടും പ്രകാശവുമുള്ള വസന്തകാലദിനത്തിന്റെ പ്രതീതിയാണുണ്ടായതു്. ബാറബാസ് വളരെ ബുദ്ധിമുട്ടിയാണു് മുമ്പോട്ടുപോയതു്. അയാളുടെ ബലിഷ്ഠമായ ശരീരം കാരാഗൃഹത്തിൽവെച്ചു സഹിച്ച അപകാരത്തിന്റെ അനിഷ്ടഫലങ്ങളിൽനിന്നു് പൂർണ്ണമായി രക്ഷപ്രാപിച്ചിട്ടില്ലായിരുന്നു. എങ്കിലും അയാളുടെ നിയതമായ വദനം, തമോവൃതമായ നിശ്ചയം, അയസ്സ്മനസ്സ് ഇവ ദ്യോതിപ്പിച്ചു ഏതാനും ദിവസങ്ങളായി ബാറബാസിന്റെ ഹൃദയം അസ്വാസ്ഥ്യ തിരത്തല്ലലിനധീനമായിരുന്നു സ്വന്തം ജീവിതം പാഴാക്കി, തലയിൽ പാപക്കൂമ്പാരം കയറ്റിയ വസ്തുത അയാൾക്കു ബോദ്ധ്യമായിക്കഴിഞ്ഞു. മൃതകാലത്തുനിന്നു് ഉത്ഥാനംചെയ്ത ഒരു ഛായകണക്കെ ബാറബാസ് തന്റെ പാർശ്വവർത്തിയായി നടക്കുകയിൽ ആ ഛായയിൽനിന്നു് ആയുഷ്കാലത്തെപ്പോഴെങ്കിലും സ്വതന്ത്രനാകുവാൻ തനിക്കു സാധിക്കുമോയെന്നു് എസ്രാ ചിന്തിക്കാതിരുന്നില്ല. ഉച്ചകഴിഞ്ഞതോടുകൂടി യാത്രികരിരുവരും വളരെ ക്ഷീണിച്ചുവശരായി ഒരു വഴിക്കവലയിൽ എത്തിയപ്പോൾ തണലിലിരിക്കുന്ന ഒരാളെ കണ്ടു് പരിചയമുള്ള ആളായി ബാറബാസിനു തോന്നി. നിശ്ചലനായ നിന്നു് അയാളെ നോക്കി: "തനിക്കു് സമാധാനം. താൻ ഇഫ്റായിം അല്ലേ?" എന്നു ചോദിച്ചു.

ആ മനുഷ്യൻ എണീറ്റു് ബറാബാസിനെ സമീപിച്ചു. മതിഭ്രാന്തി സംഭവിച്ചുവിധം അയാൾ സ്വല്പനേരം തുറിച്ചുനോക്കി; ഉടൻ പഴയകാലത്തെ പ്രതിരൂപമെന്നു തോന്നിയ ബാറബാസിനെ തിരിച്ചറിഞ്ഞു.

"അങ്ങു് ബാറബാസാണല്ലോ. സമാധാനം."

"തന്റെ കൂട്ടുകാരെവിടെ?" ബറാബാസ് ചോദിച്ചു.

കഷ്ടിച്ചു മീശകിളിർത്തുതുടങ്ങിയ യുവാവായ ഇഫ്റയിം തോളുനക്കി വിസ്മയഭാവം പ്രകടിപ്പിച്ചു: "ഞാനെങ്ങനെ അറിയാനാണ്? അവരിൽ അധികംപേരും കടലോരത്തെ പട്ടണങ്ങളിൽ എത്തിയിരിക്കണം" എന്നു് സമാധാനം നൽകി. വന്നുകൂടിയ അനർത്ഥങ്ങൾക്കെല്ലാം ഉത്തരവാദി ഇഫ്റയിം ആണെന്നു തോന്നുമാറു് കർക്കശഭാവത്തിൽ വീണ്ടും ബാറബാസ് ചോദിച്ചു: "എന്റെ സൈന്യത്തിനെന്തുപറ്റി?"

യുവാവു് നൽകിയ മറുപടിയുടെ രീതിയിൽനിന്നു് കാലം എത്രമാത്രം മാറിപ്പോയെന്നു് ബാറബാസിനു ഗ്രഹിക്കാമായിരുന്നു. സഹതാപപൂർവ്വം അയാളെ നോക്കി ഇഫ്റയിം സംസാരിച്ചുതുടങ്ങി: "നിങ്ങളുടെ സൈന്യം? സൈന്യമോ? അതിന്റെ കഥകഴിഞ്ഞു. ഒരു നല്ല ദിവസം നോക്കി ഞങ്ങൾ യൂദാ ബർയാക്കോബിനേയും അയാളുടെ കൂട്ടുകാരേയും പാളയത്തിൽനിന്നു പായിച്ചു. ആ വിദ്വാൻ സിറിയായിലേക്കൊളിച്ചോടിപ്പോയെന്നാണു് കേൾവി. പിന്നെ എല്ലാവരും ചിന്നിച്ചിതറി അങ്ങുമിങ്ങും പോയി. അനന്തരം അവരെല്ലാവരും ഏകോപിച്ചു; നിങ്ങളോ എസ്രായോ അവിടെയുണ്ടായിരുന്നില്ലല്ലോ. പാളയം തല്ലിപ്പൊളിക്കുവാൻ റോമന്മാർ വരുന്നുവെന്നു വാർത്തകിട്ടി. തടുത്തുനില്ക്കുവാൻ കഴിയുന്ന നില ഞങ്ങൾക്കില്ലായിരുന്നു. പിന്നീടു കേട്ടു നിങ്ങളെപ്പിടിച്ചു തടവിലാക്കിയെന്നും റോമന്മാർ നിങ്ങളെ കൊല്ലാൻ പോകുന്നുവെന്നും. അതിനെത്തുടർന്നു, ആദ്യം കുറെപ്പേരും അനന്തരം ബാക്കിയുണ്ടായിരുന്നവരും ഓരോ വഴിക്കു തിരിഞ്ഞു. ഞങ്ങൾ എന്തിനു കാത്തുകിടക്കേണ്ടിയിരുന്നു? ഭക്ഷണത്തിനു ഞെരുക്കമായി. അവസാനമായി പാളയം വിട്ടവൻ ഞാനാണെന്നു പറയാം."

"അന്ധൻ ഏലിയാസ്സറുടെ കാര്യമോ?" എസ്രാ ചോദിച്ചു.

"അയാളുടെ സ്ഥിതി കുറെ കഷ്ടമായിരിക്കണം. ഭക്ഷണത്തിനു കോപ്പു കുറഞ്ഞപ്പോൾ അവർ അയാളുടെ ആടുകളെപ്പിടിച്ചുറത്തു"

"അപ്പോൾ അയാൾ പട്ടിണികിടന്നു ചാകുമല്ലോ" എസ്രാ ഉൽക്രോശിച്ചു.

അല്പം അമളിപറ്റിയ ഭാവത്തിൽ ഇഫ്റയിം തറയിൽ നോക്കിക്കൊണ്ടുനിന്നു. "ഞാൻ മൂന്നുദിവസം മുമ്പാണു് അവിടം വിട്ടതു്. അവസാനം പോന്നതു് ഞാൻ തന്നെ."

"തനിക്കന്ധനായ ആ പടുവൃദ്ധനെ നിസ്സഹായനായി ഇട്ടുംവെച്ചു പോരുവാൻ എങ്ങനെ തോന്നി?" എസ്രാ നിന്ദാഗർഭം ചോദിച്ചു.

അസഹ്യത പ്രകടിപ്പിച്ചുകൊണ്ടു് ബാറബാസ് എസ്രായുടെ നേരെ തിരിഞ്ഞു: "എന്തുപറയാനാണു്? ആ കാര്യം പോകട്ടെ. വൃദ്ധൻ ദീർഘകാലം ജീവിച്ചു. നിരുപകാരികളായ തലനരയന്മാരെപ്പറ്റി ക്ലേശിക്കേണ്ടതായ കാലമല്ലായിതു്" എന്നു പറഞ്ഞു. "ഏലിയാസർ എന്നെയെടുത്തു ശുശ്രൂഷിച്ചു് തീറ്റിപ്പോററിയപ്പോൾ ഞാനും ഏതാണ്ടു് നിരുപകാരിയായിരുന്നു" എസ്രാ പ്രസ്താവിച്ചു. "നിരുപകാരിയായി ആരുമില്ല. ഞാൻ പോയി ഏലിയാസ്സറെ കണ്ടുപിടിക്കാം."

(തുടരും)

വിമർശനപംക്തി

## പത്രോസിന്റെ പരമാധികാരം

(തുടർച്ച)

7. മൂന്നാംനൂററാണ്ടിന്റെ ആരംഭത്തിലും പൗരസ്ത്യരായ പാഷണ്ഡർ റോമാ സന്ദർശിക്കുന്നതായി നാം കാണുന്നു. സുറിയാനിക്കാരായ എൽക്കസൈററു് പതിതർ, അപ്പമേയക്കാരനായ അൾസിബിയദെസ് മുതലായവർ ഇക്കൂട്ടത്തിൽപെടുന്നു. തങ്ങളുടെ വാദങ്ങൾക്കു റോമായുടെ അംഗീകരണം കിട്ടുമോയെന്നതായിരുന്നു അവരുടെ യാത്രോദ്ദേശ്യം. അതിൽ അവർ പരാജയപ്പെട്ടു. മാത്രമല്ല സെഫ്റീനൂസ്, കല്ലിസ്റ്റസ് എന്ന മാർപ്പാപ്പാമാർ ഏഷ്യയിൽ പ്രബലപ്പെട്ടിരുന്ന മൊന്തനിസ്റ്റ് പാഷണ്ഡതയെ പരസ്യമായി ശപിക്കുകയുംചെയ്തു. മാർപ്പാപ്പാമാർ ഏഷ്യായിലും അധികാരം പ്രയോഗിച്ചിരുന്നുവെന്നല്ലേ ഇതു തെളിയിക്കുന്നതു്?

8. മാർപ്പാപ്പാ മൊന്തനിസ്റ്റ് പാഷണ്ഡതയെ ശപിച്ചകാലത്തു തെർത്തുല്യൻ അതിനു അടിമപ്പെട്ടുകഴിഞ്ഞിരുന്നു. ഇതിങ്കൽ കുപിതനായ തെർത്തുല്യൻ പറയുകയാണു്: "ഒരു വിളംബരം, അതും അപ്പീലില്ലാത്തതരം വിളംബരം, പ്രസിദ്ധപ്പെടുത്തിയതായി ഞാൻ കേട്ടു. അതായതു മെത്രാന്മാരുടെ മെത്രാനായ മഹാമതാദ്ധ്യക്ഷൻ വിളംബരം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു..." (Tract. de Pudic C. 1) തെർത്തുല്യൻ ഇവിടെ പുച്ഛരസത്തിലാണു സംസാരിക്കുന്നതെന്നു ചിലർക്കു് അഭിപ്രായമുണ്ടു്. എന്നാലെന്തു്? "മെത്രാന്മാരുടെ മെത്രാനും അപ്പീലില്ലാത്ത വിധി പ്രസ്താവിക്കത്തക്ക അധികാരമുള്ളവനുമായ ഒരു മഹാമതാദ്ധ്യക്ഷൻ ക്രൈസ്തവസഭയിലുണ്ടെന്നു അദ്ദേഹം സമ്മതിക്കുകയല്ലേ ചെയ്യുന്നതു്? കുറഞ്ഞപക്ഷം അങ്ങനെയൊരു അധികാരം മാർപ്പാപ്പാ സ്വയമായി പ്രയോഗിച്ചിരിക്കുന്നുവെന്നു ആ വാക്കുകൾക്കു അർത്ഥമുണ്ടല്ലോ. റോമാമെത്രാന്റെ വിധിക്കെതിരായി തെർത്തുല്യൻ ഒരിടത്തും അപ്പീൽബോധിപ്പിച്ചില്ല. അങ്ങനെ റോമാമെത്രാന്റെ വിധി അപ്പീലില്ലാത്തതാണെന്നു പ്രവൃത്തികൊണ്ടും അദ്ദേഹം സമ്മതിച്ചു.

9. പൗരസ്ത്യസഭയുടെ മഹാദീപമായി പരിലസിച്ചിരുന്ന ഓരിജന്റെ ലേഖനങ്ങളിൽ ചില ഭാഗങ്ങൾ അബദ്ധങ്ങളാകയാൽ അതു പിൻവലിക്കണമെന്നു ഫബിയാനൂസ് മാർപ്പാപ്പാ ഓരിജനോടു് ആവശ്യപ്പെട്ടു. അദ്ദേഹം അവ പിൻവലിക്കയുംചെയ്തു. "റോമാപ്പട്ടണത്തിലെ മെത്രാനായിരുന്ന ഫബിയാനൂസിനെഴുതിയ എഴുത്തിൽ, താൻ പ്രസിദ്ധപ്പെടുത്തിയവനിമിത്തമുണ്ടായ മനസ്താപം ഓരിജൻ പ്രകാശിപ്പിച്ചിട്ടുണ്ടു്......" എന്നാണു വിശുദ്ധ ജറോം ഇതേപ്പററി പറയുന്നതു് (Ep. 84. n. 10)

10. അലക്സാന്ത്രിയാപാത്രിയർക്കീസായിരുന്ന ദിവന്നാസ്യോസ്, സെബല്ലിയൂസിന്റെ പാഷണ്ഡോപദേശത്തിനു് എതിരായി അമ്മോനിയൂസിനും എവുപ്രാനോറിനും എഴുതി. എന്തുകാരണത്താൽ അദ്ദേഹം ഇങ്ങനെയെഴുതിയെന്നു അന്വേഷിച്ചറിയാതിരുന്ന ശുദ്ധഗതിക്കാരായ ചിലർ റോമയിൽ പരാതിപ്പെട്ടു. ഉടനെ റോമാമെത്രാൻ ഇന്നകാരണത്താലാണു ദിവന്നാസ്യോസു കുററക്കാരനാക്കപ്പെട്ടിരിക്കുന്നതെന്നു തന്നെ അറിയിക്കണമെന്നു എഴുത്തുകൾമൂലം അദ്ദേഹത്തോടു ആവശ്യപ്പെട്ടു. ഉടനെ അദ്ദേഹം താൻ നിരപരാധിയാണെന്നു കാണിച്ചുകൊണ്ടു പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും അവ തന്നെ ആദരിക്കുന്നതായി അദ്ദേഹം റോമയ്ക്കു എഴുതുകയുംചെയ്തു. അലക്സാന്ത്രിയായിലെ ദിവന്നാസ്യോസു് രണ്ടാം ക്സീസ്റ്റോസ് മാർപ്പാപ്പായ്ക്കു ഇങ്ങനെ എഴുതി: "ഓ, എന്റെ സഹോദരാ, എനിക്കു അങ്ങെ ഉപദേശം ആവശ്യമുണ്ടു്. ഇങ്ങനെയുള്ള ഒരു കാര്യം എനിക്കു ഭരമേല്പിക്കപ്പെട്ടശേഷം എനിക്കു തെററുവരാതിരിക്കുവാൻ ഞാൻ അങ്ങെ തീരുമാനം ആവശ്യപ്പെടുന്നു." (Euseb, H· E. VII-9. p. G. XX, 653) മൂന്നാംനൂററാണ്ടിന്റെ ആരംഭത്തിൽ, റോമയും അലക്സാന്ത്രിയായുമായുള്ള ബന്ധം ഏതുതരത്തിൽ ആയിരുന്നെന്നു ഇതിൽനിന്നു വ്യക്തമാണല്ലോ.

(ശേഷം 9-ാംപേജിൽ)

Wednesday
November 27
1957

# THE SATHYADEEPAM

(ESTD. 1927)


BROADWAY—ERNAKULAM (KERALA STATE)

Reg. No. M. 2593
Vol. 31
No. 16




## ബാലരംഗത്തിൽ ചേർന്നവരുടെ പേരുവിവരം

Reg. No.
221. ടി. വി. ജോൺ തായങ്കേരി, കുമ്പളം
222. ഫ്റാൻസീസ് ഐ. ആലപ്പാട്ട്, കരാഞ്ചിറ
223. കുരിയാക്കോസ് സി. ചകൃത്തു, കോതമംഗലം
224. ചാണ്ടപ്പിള്ള പ്രായിക്കളം, പുളിങ്കുന്ന്
225. എം. വി. ജോർജ്ജ് മൊളോപ്പറമ്പിൽ, മാന്നാനം



പ്രിയ കുഞ്ഞനുജന്മാരേ,
കുഞ്ഞനിയത്തികളേ,

കന്യകമറിയവും എലിശ്ബായും തമ്മിൽ നടന്ന കൂടിക്കാഴ്ച മനോഹരമായ ഒരു രംഗം അവിടെ സൃഷ്ടിച്ചു— ദൈവാനുഗ്രഹങ്ങളെ മനുഷ്യർ വിലമതിക്കുന്ന രംഗം. ദൈവസ്തുതിഗീതം അവിടെ മുഴങ്ങി. എന്നാൽ ഇടവിടാതെ ദൈവാനുഗ്രഹങ്ങൾ സ്വീകരിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ ലോകം അവയുടെ ദാതാവായ ദൈവത്തെ മറക്കുന്നു. അവിടുത്തെ തിരുവിഷ്ടം അവഗണിച്ചു തന്നിഷ്ടം നടത്തുന്നു. തന്മൂലം അനവധിനാശങ്ങൾ തന്നത്താൻ വലിച്ചുതലയിൽ കയററി സമാധാനവും സൗഭാഗ്യവും കാണാതെ വലയുന്നു! എന്തുചെയ്യാം?

എലിശ്ബായെ സഹായിച്ചുകൊണ്ടു മറിയം അവിടെ താമസിച്ചു. അവസാനം എലിശ്ബാ ഒരു പൊന്നോമൽക്കുമാരനെ പ്രസവിച്ചു. ദൈവേഷ്ടപ്രസാദത്താൽ പണ്ടേ അലംകൃതനായ ആ കുഞ്ഞിന്റെ മുഖകമലം ദിവ്യാഭ ചിതറുന്നതായിരുന്നു. അവരെല്ലാം ആ കുഞ്ഞിനെ കണ്ടു സന്തോഷിച്ചു. സ്വർഗ്ഗദൂതന്മാരും അത്യധികം സന്തോഷിച്ചിരിക്കണം; കാരണം ആ ശിശുവാണ് വളർന്നുവന്നു് ക്രിസ്തുവിന്റെ മുന്നോടിയായി അവിടുത്തെ വഴികളൊരുക്കുവാനുള്ള സ്നാപകയോഹന്നാൻ. യോർദ്ദാൻനദിയുടെ തീരത്തിൽ ക്രിസ്തുവിനെ ലോകത്തിനു ചൂണ്ടിക്കാണിക്കാനുള്ള പ്രവാചകൻ. അഹംഭാവികളായ യഹൂദപ്രമാണികളോടും ദുഷ്ടനായ ഹേറോദേശിനോടും ഇടിമുഴക്കം പോലെ ശാപവാക്കുകൾ ഗർജ്ജിക്കുവാനുള്ള താപസശ്രേഷ്ഠൻ!

എലിശ്ബായുടെ പരാധീനതകൾ മാറിയപ്പോൾ മറിയം നസ്രത്തിലേക്കുമടങ്ങി. മാസങ്ങൾ ചിലതു കടന്നുപോയി. മറിയത്തിന്റെ ഉദരസ്ഥിതമായ ശിശുവിനെ പ്രസവിക്കേണ്ട കാലങ്ങൾ അടുത്തു. ആ അവസരത്തിൽ വരുന്നു ഒരു കല്പ്പന. റോമൻചക്രവർത്തിയായ സീസറിന്റെ ഒരു കല്പന. റോമയുടെ ഒരധീനരാജ്യമായ പലസ്തീനായിൽ മൊത്തത്തിൽ ഒരു ജനസംഖ്യ കണക്കെടുക്കണം. സീസറിനറിയണം തന്റെ കീഴിൽ എന്തുമാത്രം ജനമുണ്ടെന്നു്. കല്പനകൾ നാനാഭാഗങ്ങളിലേക്കും മുറക്കയയ്ക്കപ്പെട്ടു. ഓരോ ഗോത്രക്കാരും അവരവരുടെ ഗോത്രപിതാക്കന്മാരുടെ നഗരങ്ങളിൽചെന്നു പേരെഴുതിക്കണം. യൗസേപ്പും മറിയവും ദാവീദിന്റെ ഗോത്രത്തിൽപെട്ടവരാണു്. അതുകൊണ്ടു് അവർ ബെത്തലെഹമിൽ ചെന്നു വേണം പേരുകൊടുക്കുവാൻ. പൂർണ്ണഗർഭിണിയായ മറിയം വിദൂരസ്ഥിതമായ ബെത്തലഹമിലേക്കുപോകണം! എന്താ ചെയ്യുക രാജകല്പനയല്ലേ. തിരുവാക്കെതിർവായുണ്ടോ? മറിയവും യൗസേപ്പും നസ്രത്തിൽനിന്നു പുറപ്പെട്ടു. ഒരു കഴുതപ്പുറത്തു മറിയത്തെ ഇരുത്തി, അവരുടെ ചില്ലറസാമാനങ്ങളും കയററി അവർ ബെത്തലെഹമിലേക്കു പോയി. അവിടെ ചെന്നപ്പോഴോ? അവിടെയെല്ലാം ജനങ്ങൾ വന്നു നിറഞ്ഞുകഴിഞ്ഞു. കയറിക്കിടക്കാൻ ഒരു സ്ഥലവും കിട്ടാനില്ല. വീടായവീടിന്റെ പടിക്കലെല്ലാം പാവപ്പെട്ട യൗസേപ്പു ചെന്നു മുട്ടി, മറിയത്തിനും തനിക്കും കുറച്ചു സ്ഥലം ചോദിച്ചുകൊണ്ടു്. "സ്ഥലമില്ല, സൂചികുത്താൻ സ്ഥലമില്ല", ദയയില്ലാത്ത മറുപടി. അവസാനം നഗരത്തിനു പുറത്തു കന്നുകാലികളെ യാത്രക്കാർ സൂക്ഷിക്കുന്നതിനുപയോഗിച്ചിരുന്ന ഒരു ഗുഹയിൽ ചെന്നെത്തി അവർ. അതുതന്നെ അവർക്കുള്ള വസതി. ആ തൊഴുത്തൊന്നു വൃത്തിയാക്കി അവിടെ രാത്രി കഴിക്കുകയാണവർ.

ബെത്തലഹമിൽ വലിയ വലിയ മാളികകളുണ്ടു്, മികച്ച സത്രങ്ങളുണ്ടു്, ധാരാളം വീടുകളുണ്ടു്. പാവപ്പെട്ട യൗസേപ്പിനും, ഗർഭിണിയായ മറിയത്തിനും അന്തികഴിക്കാൻ സ്ഥലമില്ല. അവർ ധനവാന്മാരല്ലാത്തതുകൊണ്ടു്. ഇതാണു ലോകത്തിന്റെ നിയമം. ഇന്നും ഈ ധനത്തിന്റെ തേർവാഴ്ചയാണു് ലോകത്തിൽ നടക്കുന്നതു്. ധനമുള്ള മനുഷ്യരെ, അവരെത്ര ദുഷ്ടമൃഗങ്ങളാണെങ്കിലും സ്വീകരിക്കാനാളുണ്ടു്, സല്ക്കരിക്കാനാളുണ്ടു്. ധനമില്ലാത്തവനു സ്വീകരണമില്ല. ഇതിൽ നാമത്ഭുതപ്പെടാനവകാശമില്ല. ദൈവമായ ഈശോയെ പുറംതള്ളിയ ലോകം ദൈവപുത്രരായ നല്ല മനുഷ്യരേയും നിർദ്ദയം പുറംതള്ളുന്നു എന്നേയുള്ളു. ലോകത്തിൽ നമുക്കുണ്ടാകുന്ന കഷ്ടതകളെ എങ്ങിനെ സ്വീകരിക്കണമെന്നു ഈശോയും മറിയവും യൗസേപ്പും നമ്മെ പഠിപ്പിക്കുന്നു.

വല്ല്യേട്ടൻ.

---

## 141-ാംനമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

എന്റെ പേർ—
പഞ്ചവത്സരപദ്ധതി

## പ്രശ്നം നമ്പർ 142

(എൻ ജെ സെബാസ്റ്റ്യൻ
Reg. No. 73)

ഞാൻ സത്യദീപം വായനക്കാർക്കെല്ലാം സുപരിചിതമായ ഒരു ഗ്രന്ഥമാണു്. മേരിഭക്തർ എന്നെ കൈയിൽനിന്നു താഴെ വയ്ക്കില്ല എന്റെ പേരിനു അഞ്ചക്ഷരമുണ്ടു്. 1-ാമത്തെ അക്ഷരം മരക്കൊമ്പിലുണ്ടു്, തടിക്കഷണത്തിലില്ല. 2-ാമത്തെ അക്ഷരം മുണ്ടശ്ശേരിയിലുണ്ടു്, വിദ്യാഭ്യാസപദ്ധതിയിലില്ല. 3-ാമത്തെ അക്ഷരം സംയമനത്തിലുണ്ടു്, വികൃതിത്തരത്തിലില്ല. 4-ാമത്തെ അക്ഷരം ആഹാരത്തിലുണ്ടു്; ഭക്ഷണത്തിലില്ല അവസാനഅക്ഷരം ചമല്ക്കാരത്തിലുണ്ടു്, ഉപമയിലില്ല. എന്റെ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)

## പരോപകാരത്തിന്റെ മാസം

(ജോസ് ചിററിലപ്പിള്ളി
Reg. No. 51)

"ഇതൊരു പുതുമ! പരോപകാരം ചെയ്യുവാൻ മാസമുണ്ടോ?" എന്നു നിങ്ങൾ ചോദിക്കുന്നുവെന്നിരിക്കട്ടെ. അതു പറയാം.

ഒരുവന്റെ വിഷമസന്ധിയിൽ അവനു് ആവശ്യമുള്ള സഹായങ്ങൾ ചെയ്തുകൊടുക്കുന്നതാണല്ലോ പരോപകാരം. ആ ഉപകാരത്തിനു് അവൻ തീർച്ചയായും നമ്മോടു് നന്ദി പ്രദർശിപ്പിക്കുകയും പിന്നീടൊരവസരത്തിൽ നമ്മെ സഹായിക്കുകയും ചെയ്യും.

അങ്ങിനെ വളരെയധികം ഉപകാരം നാം ചെയ്യേണ്ട ഒരു മാസമാണു് നവംബർ. നമ്മുടെ വിലമതിക്കാൻ കഴിയാത്ത ആ സഹായത്തെ അനവധി ആത്മാവുകൾ തേടുന്ന ഒരവസരമാണിതു് ഈ അവസരത്തിലെന്നല്ല, ഏതവസരത്തിലും ആ സഹായം അവർ തേടുന്നുണ്ടു്. പക്ഷെ അതിനു് പ്രത്യേകമായി നിയോഗിച്ചിട്ടുള്ള ഒരു മാസമാണിതു്.

ആ ഉപകാരം എന്താണെന്നല്ലേ? ശുദ്ധീകരാത്മാവുകൾക്കുവേണ്ടി പുണ്യകൃത്യങ്ങൾ ചെയ്യുക, പ്രാർത്ഥിക്കുക. എന്തു വിഡ്ഢിത്തമാണീ പുലമ്പുന്നതു്? മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുകയോ? അന്ധമായ ഈ ചിന്താഗതി ഇന്നത്തെ യുവതലമുറയിൽ കടന്നുകൂടിയിട്ടുണ്ടു്!


ഞാനൊന്നു ചോദിക്കട്ടെ. ഒരു മനുഷ്യനേയും ഒരു മൃഗത്തേയും താരതമ്യപ്പെടുത്തുക. മനുഷ്യൻ മൃഗത്തേക്കാൾ വിശേഷബുദ്ധിയുള്ളവനാണെന്നു് എല്ലാവരും സമ്മതിക്കുന്നു. ആ വിശേഷബുദ്ധി അനശ്വരമായ ആത്മാവിന്റെ അടിസ്ഥാനത്തിലാണല്ലോ നിശ്ചയിക്കപ്പെട്ടിട്ടുള്ളതു്. അങ്ങിനെയിരിക്കെ മൃഗത്തേക്കാൾ ശ്രേഷ്ഠനായ മനുഷ്യൻ മരിക്കുമ്പോൾ മൃഗത്തിനു തുല്യമാകുന്നതെങ്ങിനെ? ആധുനികയുവതലമുറ ഒരു മൃഗത്തിന്റെ മരണത്തോടു് മനുഷ്യന്റെ മരണത്തെ തുല്യപ്പെടുത്തിയിരിക്കുന്നു. എന്തൊരു വിരോധാഭാസം?

മരണമുണ്ടു്, ആത്മാവുണ്ടു്, ശുദ്ധീകരസ്ഥലമുണ്ടു്, ഇതെല്ലാം യാഥാർത്ഥ്യമാണു്. മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതു് ഒരു വിഡ്ഢിത്തമല്ലെന്നു് ഇനിയെങ്കിലും യുവതലമുറ മനസ്സിലാക്കട്ടെ!

ചെറുകഥ

## ദാതാവിനുതന്നെ ദാനം ചെയ്തു

(വി പി പീലിപ്പോസ്
Reg. No. 220)



വിശാലമായ നീലാകാശത്തിൻ കീഴിൽ പച്ചവിരിച്ച നെൽപാടങ്ങളേയും, മുളംകൂട്ടത്തേയും പിന്നിട്ടുകൊണ്ടു് രാപകൽ ഭേദമെന്യെ ആ ചക്കടാവണ്ടി അങ്ങിനെ ഓടിക്കൊണ്ടിരുന്നു. എന്തിനെന്നോ? എരിയുന്ന മൂന്നു വയറിന്റെ ശാന്തിക്കുവേണ്ടി.

വണ്ടിക്കാരൻ ഔസേപ്പു്. അവനെ അറിയാത്തവർ ആ നാട്ടിൽ വളരെ ചുരുക്കമാണു്. അവിടത്തെ വണ്ടിക്കാരിൽ പ്രധാനിയും അവനാണു്. വണ്ടി അടിച്ചു കി

(ശേഷം 8-ാംപേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Mamorial Press,
Ernakulam-I